

വർണ്ണങ്ങളുടെയും വസന്തങ്ങളുടെയും കാലമാണ് കാമ്പസ് ജീവിതം. സമൂഹത്തിന്റെ പൊള്ളുന്ന മുഖങ്ങളിൽ നിന്ന് മാറി സൗഹൃദത്തിന്റെ പച്ചപ്പുകൾ നൽകുന്നു കാമ്പസ്. പുതുമയാർന്ന അനുഭവങ്ങളുടെയും കൊച്ചുകൊച്ചു നൊമ്പരങ്ങളുടെയും കുറെ നുറുങ്ങു കാര്യങ്ങളുടെയും കൂടിച്ചേരലാണത്. കലാലയത്തിന്റെ ശീതളിമയിൽ നിന്ന് സമൂഹത്തിലെ ഉച്ചവെയിൽപ്പുറങ്ങളിലേക്ക് എടുത്തെറിയപ്പെടുമ്പോഴും നാം ഗൃഹാതുരത്വത്തോടെ ആ നാളുകൾ ഓർക്കാതിരിക്കില്ല............

# കാമ്പസിലെ വർഷങ്ങൾ

## നഫീസാബേബി

"ഏയ്! എവിടെപ്പോകുന്നു; രണ്ട് രൂപ ഏൽപിച്ചിട്ട് അകത്ത് കയറിയാൽ മതി", ആദ്യമായി പ്രീഡിഗ്രിക്ക് കാമ്പസിലേക്ക് പ്രവേശിച്ചപ്പോഴാണ് കോളേജ് ഗേററിൽ വച്ച് പിന്നിൽ നിന്ന് വിളിച്ചത്– തിരിഞ്ഞുനോക്കി. ഒരു പററം യുവാക്കൾ–രണ്ടു രൂപ കൊടുത്തു. കോളേജിൽ ഇങ്ങനെയാവും; അകത്തുകയറണമെങ്കിൽ കാശുകൊടുക്കണമായിരിക്കും എന്ന് കരുതി. അകത്തേക്ക് പ്രവേശിച്ചു. രണ്ടും മൂന്നും നിലകളിലായി നിരയെ ക്ലാസ്സ്റൂമുകൾ. ഒരൊററ വാതിലിനു മുകളിലും ക്ലാസ്സിന്റെ പേരെഴുതിയിട്ടില്ല. എന്റെ ക്ലാസെവിടെയാണ്? അതെങ്ങിനെ കണ്ടുപിടിക്കും? ഒരു പിടിയും കിട്ടുന്നില്ല. വിയർത്തു കുളിച്ചു. അപ്പോഴാണ് ദൈവദൂതനെപ്പോലെ ഒരു യുവാവ് മുന്നിൽവന്നത്. സെക്കൻറ് A യാണോ; ഇതിലെ വരൂ" പിറകെ നടന്നു, കുറേ ഗോവണികൾ കയറിയും ഇറങ്ങിയും നടന്നു. നാലുഭാഗത്തും തിക്കും തിരക്കും ഒച്ചയും

ബഹളവും. ഈ കോളേജെന്നാൽ വല്ലാത്തൊരു ലോകം തന്നെ. ഒടുവിൽ ഒരു ചെറിയ ഗെയ്റ്റ് കടന്ന് ചായക്കടപോലെ തോന്നിക്കുന്ന ഒരു ചെറിയ കെട്ടിടത്തിനു മുമ്പിലെത്തി. ''ഇതാണ് നിങ്ങളുടെ ക്ലാസ്സ്'' ഇക്കണ്ട ബഹുനിലക്കെട്ടിടങ്ങളൊന്നും പോരാഞ്ഞിട്ടാണോ എനിക്കീ കൊച്ചു ക്ലാസ്സ് കിട്ടിയത് എന്നോർത്ത് അകത്തേക്ക് പ്രവേശിച്ചു. പെട്ടെന്ന് അകത്ത് നിന്ന് ഒരു പൊട്ടിച്ചിരി കേട്ടു. ഒരു പററം യുവാക്കൾ എന്നെ നോക്കി ചിരിക്കുകയാണ്. എന്തോ അബദ്ധം പററി എന്ന് മനസ്സിലായ ഉടനെ തിരിഞ്ഞോടി, അവിടെ നിന്ന്. ആൺകുട്ടികൾ മാത്രം കയറിയിറങ്ങുന്ന ചായയും ചാരായവും ചിലപ്പോൾ കഞ്ചാവും വിതരണം നടത്തുന്ന കോളേജിലെ അധോലോക കോളനിയായ കുട്ടേട്ടൻെറ കടയാണതെന്ന് പിന്നീടാണറിഞ്ഞത്. പെൺകുട്ടികൾ കൂട്ടമായിപ്പോലും പോകാനറക്കുന്ന ആ സ്ഥലത്താണ് ഞാനൊററക്ക് കയറിച്ചെന്നത് എന്നോർത്ത് പിന്നീട് പലപ്പോഴും ഒരുൾക്കിടിലം തോന്നാറുണ്ട്.

ആദ്യത്തെ രണ്ടോ മൂന്നോ മാസങ്ങളിൽ ക്ലാസ്സുകൾ മനസ്സിലാക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു. മാധ്യമമാണ് ഏററവും വലിയ പ്രശ്നം. പതിനഞ്ചു വയസ്സുവരെ മലയാളത്തിൽ പഠിച്ചു; പെട്ടെന്നൊരു വലിയ മാററം. ക്ലാസ്സിൽ പോയി മിഴിച്ചിരിക്കും. പ്രീഡിഗ്രി മുതൽ പി. ജി. വരെ ക്ലാസ്സെടുക്കുന്ന അധ്യാപകർ; ഒരക്ഷരം മനസ്സിലാവില്ല. വൈകുന്നേരം തിരികെ ഹോസ്ററലിൽ വന്ന് ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ നിന്നും വന്ന സഹപാഠികളോട് ചോദിച്ച് മനസ്സിലാക്കും. ഈ ഇംഗ്ലീഷ് മാധ്യമ ക്ലാസ്സുകൾ ഒരിക്കലും നമ്മൾക്കിണങ്ങില്ല എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. സ്ക്കൂളിൽ നിന്നും വലിയ പ്രതീക്ഷയോടെ കോളേജിലെത്തിയിട്ട് ഒന്നും മനസ്സിലാവാതെയിരിക്കുമ്പോൾ ഒളിച്ചോടിപ്പോവാൻ വരെ പലർക്കും തോന്നാറുണ്ട്. പിന്നെ ക്രമേണ എപ്പോഴാണത് ശരിയായത് എന്നോർമ്മയില്ല. കുറേശ്ശെ കുറേശ്ശെ യായി മീഡിയത്തെക്കുറിച്ചുള്ള ബോധം ഇല്ലാതെയായി.

ആദ്യകാലത്തെ പരിഭ്രമം; എത്ര പെട്ടെന്നാണത് മാറിയത്. രണ്ടു വർഷംകൊണ്ട് കാമ്പസിൻെറ തുടിപ്പുകളിൽ, താളലയങ്ങളിൽ മുഖ്യപങ്കാളികളായി–കാൻറീനിലെ ഉണ്ടക്കായയും, ക്ലാസ്സ് കട്ട് ചെയ്ത് പറങ്കിമാവിൻ ചുവട്ടിൽ കൂട്ടം കൂടിയിരിക്കുമ്പോൾ അധ്യാപകരെ കാണുമ്പോഴുള്ള ചമ്മലും, സീനിയർ പയ്യൻമാരുടെ കമൻറ്സും, വല്ലപ്പോഴുമൊരിക്കൽ കൂട്ടുകാരെല്ലാമൊത്ത് സിനിമക്കോ ടൗണിലോ പോയുള്ളൊരു കറക്കവും എല്ലാം ദിവസങ്ങൾക്ക് നിറം ചാർത്തി. സ്ക്കൂളിൽനിന്നും തികച്ചും വ്യത്യസ്തമായൊരു ലോകം. ഹെഡ്മാസ്ററുടെ ചൂരലോ, മാസാവസാനമുള്ള പരീക്ഷകളോ ഭയപ്പെടേണ്ടതില്ല; രക്ഷിതാക്കൾ പോലും പഴയ കണ്ണുരുട്ടൽ നയം കൈവെടിഞ്ഞ് വിശാല മനസ്കത കാട്ടാൻ തുടങ്ങിയിട്ടുണ്ട്. ഒഴപ്പ്—സമ്പൂർണ്ണ ഒഴപ്പ് തന്നെ. ''പഠനം ദുഃഖമാണുണ്ണീ; ഈ ഉഴപ്പല്ലോ സുഖപ്രദം'' എന്നായിരുന്നു അന്നത്തെ മുദ്രാവാക്യം– പ്രീഡിഗ്രി–ഡിഗ്രി ക്ലാസ്സുകളിൽ ഉഴപ്പ് എന്തെല്ലാം വിധത്തിൽ—? പലർക്കും പല രീതിയിലാണ്. ആൺകുട്ടികളിൽനിന്നും വ്യത്യസ്തരാണ് പെൺകുട്ടികൾ മാരുതി കാറിലും ബൈക്കിലും കയറി ഏററവും പുതിയ സിനിമയിലെ നായകൻെറയോ വില്ലൻെറയോ വേഷമിട്ട് റോന്ത് ചുററുന്ന റോമിയോകൾ; ഒരു തൂണിൻെറ മറവിലോ, കെമിസ്ട്രിലേബിലേക്കുള്ള ഇരുണ്ട ഇടവഴിയിലോ കൂൾബാറിൻെറ അകത്തളങ്ങളിലോ, കാററാടി മരങ്ങളുടെ നിഴലിലോ, നൈമിഷിക പ്രണയബന്ധങ്ങളുടെ മുഗ്ദ്ധചിത്രം വരക്കുന്ന പ്രേമജോഡികൾ; കോളേജ് ഡേയുടെയോ ആർട്ട്സ്ഡേയുടെയോ പേര് പറഞ്ഞ് കുടിച്ച് കൂത്താടി കൂട്ടുകാരുടെയിടയിൽ ഹീറോയായി സ്വയം

നശിക്കുന്ന ഹതഭാഗ്യർ, ഒരു വർഷത്തിലെ മുന്നൂററുപത്തഞ്ചു ദിവസങ്ങളിൽ 365 വ്യത്യസ്ത ജോഡി ഡ്രസ്സുകൾ വേണമെന്ന് വാശിപിടിച്ച് രക്ഷിതാക്കൾക്ക് ഒരു സ്ഥിരം തലവേദനയായി മാറുന്ന പെൺകുട്ടികൾ— ഈ ചോക്കലേററ് സംസ്ക്കാരത്തിന് എന്തൊക്കെ മുഖങ്ങളാണുള്ളത്........''

കാമ്പസിൻെറ മററൊരു മുഖമുദ്ര കക്ഷിരാഷ്ട്രീയ ചേരിതിരിവുകളും മത്സരങ്ങളുമാണ്. കാമ്പസിൻെറ സ്പന്ദനങ്ങൾ തൊട്ടറിയാനാവുന്നത് ഇലക്ഷൻ കാലയളവിലാണ്; പ്രത്യേകിച്ചും ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് ഇലക്ഷൻ കാമ്പസിനെ അറിയാനും പരസ്പരം പരിചയപ്പെടാനുമുള്ളൊരവസരമാണ്. ഇന്ത്യൻ പ്രധാനമന്ത്രിയെ തിരഞ്ഞെടുക്കുന്ന അതേ വാശിയിലാണ് കോളേജ് യൂനിയൻ ചെയർമാനെ ഓരോ വർഷവും തിരഞ്ഞെടുക്കുന്നത്. അടിയും ലാത്തിചാർജും രക്തച്ചൊരിച്ചിലുകളും പ്രിൻസിപ്പലിൻെറ 144 പ്രഖ്യാപനവും എല്ലാമുണ്ട്. കാമ്പസിൽ ഓരോ വർഷവും ജ്വലിച്ചുനിൽക്കുന്ന രാഷ്ട്രീയ നായകന്മാരിൽ പലരും പിന്നീട് ഏതെങ്കിലും ഓഫീസിൽ ഗുമസ്ഥന്മാരായി കൂനിക്കൂടിക്കഴിയുകയോ, കേസും ഫീസുമില്ലാതെ, പൊടിപിടിച്ചു കറുത്ത കോട്ടിൻെറ ഭാരവും പേറി അലഞ്ഞുനടക്കുന്ന വക്കീലന്മാരായിത്തീരുകയോ ചെയ്യാറുണ്ടെങ്കിലും അപൂർവ്വം ചിലർ രാഷ്ട്രീയരംഗത്ത് തന്നെ ഉന്നത പടവുകൾ ചവിട്ടിക്കയറാറില്ലെന്ന് പറഞ്ഞുകൂടാ.

കാമ്പസിൻെറ തുടിപ്പുകളും ഗദ്ഗദങ്ങളും തൊട്ടറിഞ്ഞ പ്രീഡിഗ്രി-ഡിഗ്രി ക്ലാസ്സുകൾക്ക് ശേഷം എം.എസ്സ്സി ക്ലാസ്സിലേക്ക് പ്രവേശിച്ചപ്പോൾ തികച്ചും വ്യത്യസ്തമായ അനുഭവങ്ങളായിരുന്നു. കാമ്പസിൻെറ മധുരിമ എങ്ങോ പോയ്മറഞ്ഞു. ലൈബ്രറിയിലെ കൂററൻ ഷെൽഫുകൾക്കുള്ളിലെ പുസ്തകക്കൂമ്പാരങ്ങളായി ഞങ്ങളുടെ ലോകം. മനസ്സിൻെറ ഭാരം വർദ്ധിച്ചു. ദിവസങ്ങൾക്ക് ദൈർഘ്യം കൂടി. ഭാവിയെക്കുറിച്ചുള്ള വർദ്ധിച്ചുവരുന്ന ഉൽക്കണ്ഠ വർത്തമാനത്തിൻെറ തളിരിമ നഷ്ടപ്പെടുത്തി. സുഹൃദ്ബന്ധങ്ങൾ പരീക്ഷണശാലയിലെ ഉപകരണങ്ങളോട് മാത്രമായി മനുഷ്യരേക്കാൾ പ്രിയപ്പെട്ടവർ റെസിസ്ററൻസ് ബോക്സും ഓസിലോസ്കോപ്പും ടെലിസ്ക്കോപ്പുമൊക്കെയായതു കൊണ്ട് സ്നേഹം കൂടുമ്പോൾ ''എൻെറ ഓസിലോസ്ക്കോപ്പേ'' എന്നൊക്കെ വിളിക്കുന്ന അവസ്ഥയായി. നഷ്ടങ്ങളെപ്പററി ചിന്തിക്കാൻപോലും മിനക്കെടാതെ, വിദ്യാഭ്യാസത്തിൻെറയീ അവസാനഘട്ടത്തിൽ ഞങ്ങൾ ദിവസങ്ങൾ പാഴാക്കി. എന്തൊക്കെയോ നേടുകയാണെന്നുള്ള മിഥ്യാബോധത്തോടെ തല നിറയെ സൂത്രവാക്യങ്ങളും സർക്യൂട്ട് ഡയഗ്രങ്ങളും അധ്യാപകർ ഓരോ പിരിയഡും ഏതൊക്കെയോ ബുക്കുകൾ നോക്കിവന്ന് എന്തൊക്കെയോ പഠിപ്പിക്കുന്നു; എല്ലാം മനസ്സിലാവുന്ന ഭാവത്തിൽ തലകുലുക്കി, നാളെ നടക്കാനിരിക്കുന്ന ബാങ്ക്ടെസ്ററിനെക്കുറിച്ചോ അടുത്തയാഴ്ചത്തെ ഇൻറർവ്യൂവിനെക്കുറിച്ചോ ചിന്തിച്ചിരിക്കുന്നു. പഠനവും ജോലി ചിന്തയും മാത്രമാവുമ്പോൾ മററ് പാഠ്യേതര പ്രവർത്തനങ്ങൾക്കൊന്നും സമയം കിട്ടുന്നില്ല; അതുകൊണ്ട് തന്നെയാവാം നമ്മൾക്ക് സ്വയം നഷ്ടപ്പെടുത്തേണ്ടി വരുന്നത്.

കോളേജ് കാമ്പസിനെ സമൂഹത്തിൻെറ പരിച്ഛേദമായി പലരും വിശേഷിപ്പിക്കാറുണ്ട്; ശരിയായിരിക്കാം. പക്ഷേ എല്ലാം അതിൻെറ മൂർത്തിമത് രൂപത്തിലാണ്. യുവത്വത്തിൻെറ രക്തത്തിളപ്പ് എല്ലാ രംഗത്തും കാണാം. അതുകൊണ്ടുതന്നെയാവാം ഏഴ് വർഷത്തെ കാലാലയ ജീവിതത്തിന് ഒരു മനുഷ്യായുസ്സിൻെറ അനുഭവങ്ങൾ സമ്മാനിക്കാൻ കഴിയുന്നത്.

# എൻെറ തെരഞ്ഞെടുപ്പ് ഡയറിക്കുറിപ്പ്

## ജാഫർ. എം. പി.

[ഒക്ടോബർ 29. പുതിയ കോളേജ് യൂണിയൻ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത് അന്നാണ്. കോളേജാകെ തിരഞ്ഞെടുപ്പു ലഹരിയിലാണ്. തിരക്കിട്ട വോട്ടുപിടുത്തത്തിലാണ് എല്ലാ സ്ഥാനാർത്ഥികളും. പതിവുപോലെ ഞാനും സുഹൃത്തുക്കളും വോട്ടു പിടിക്കാനിറങ്ങി............]

ഒരു സ്ത്രീ നടന്നു വരുന്നു....

കണ്ടിട്ടൊരു പി. ജി. ലുക്ക്.

"ന്നെ മറന്നാളല്ലേ, പേര് ജാഫർ,

മൽസരിക്കുന്നത് ഫൈൻ ആർട്സ്സായിട്ട്, എന്തായാലും ഒരു വോട്ട് ........ (പതിവു പല്ലവി ഞാൻ തുടങ്ങി)

ഉത്തരമില്ല. ആകെ ബേജാറ്

ഇവർ എതിർസ്ഥാനാർത്ഥിയുടെ ആളായിരിക്കുമോ?

അതോ വോട്ടുപിടുത്തത്തിൻെറ ശൈലി രസിച്ചില്ലേ?

നൂറുനൂറായിരം സംശയങ്ങൾ

കൂടെയുണ്ടായിരുന്ന സെക്കൻറ് പി. ഡി. സി. യിലെ സുഹൃത്ത് ഫിറോസിൻെറ മുഖത്ത് ഒരു കള്ളച്ചിരി.

"ങേ...........എന്താ........?" ഞാൻ ചോദിച്ചു.

"അവര് വോട്ടറല്ല, ഇവിടുത്തെ ഒരു പുതിയ അധ്യാപികയാ, ങളെ ചമ്മിക്കാൻ വേണ്ടി ഞാൻ നേരത്തെ പറയാതിരുന്നതാ" ആ രംഗം മററാരും കണ്ടില്ലെന്ന് ഉറപ്പു വരുത്തി സൈക്കിളിൽ നിന്ന് വീണ ചിരിയുമായി ഫിറോസിന് ഉഗ്രനൊരു നുള്ള്കൊടുത്തു അടുത്ത ഇരയെ ലക്ഷ്യമാക്കിനടന്നു.

* * * * * * *

കുറേ നടന്നു അബ്ദുറഹ്മാൻകായിയുടെ കൂടംബാറിനു മുന്നിലെത്തി. പെട്ടെന്ന് ഒരു പതിനഞ്ചംഗ സംഘം എന്നെ വളഞ്ഞു. പെട്ടെന്ന് വളഞ്ഞതിനാൽ ആൾക്കാരെ തിരിച്ചറിയാൻ കഴിഞ്ഞില്ല. കൊള്ളക്കാരാണോ..........? പിടിച്ചുപറിക്കാരാണോ....? എന്നൊക്കെ വിചാരിച്ചു, അവരല്ല. പിന്നെ ആരാണിവർ ? നക്സ്ലൈററുകളോ....? മൊബൈൽ കോർട്ടിലെ പോലീസുകാരോ ? ഇൻകംടാക്സ് ഓഫീസർമാരോ....? ചിന്തയിൽനിന്ന് തല ഉയർത്തി അവരുടെ മുഖത്ത് നോക്കി. അപ്പോഴാണ് ആൾക്കാരെ മനസ്സിലായത് എല്ലാവരും ഫാറൂഖ് കോളേജിൻെറ സന്തതികൾ തന്നെ. II ഫീഡിഗ്രിക്കാർ; സംഘത്തലവൻ പറഞ്ഞു.

''ജാഫർക്കാ...........ങ്ങളെ കാര്യം ഞമ്മള്ഏററു ഒന്നും പേടിക്കണ്ട........വൻഭൂരിപക്ഷവും ഉണ്ടാവും''

മനസിൽ ആഹ്ളാദത്തിൻെറ പൂത്തിരി കത്തി.

പക്ഷേ സന്തോഷം അധികം നേരം നീണ്ടു നിന്നില്ല. അടുത്ത വാചകം കേട്ടപ്പോൾ എൻെറ ഖൽബാണ് കത്തിയത്.

''ഞങ്ങൾക്കു സാലഡ വാങ്ങിച്ചുതന്നാൽ മതി പിന്നെ ഞങ്ങള്....'' ഒരു സ്ഥാനാർത്ഥിയെങ്ങാനും കൂൾബാറിനുള്ളിലെന്ന് കുട്ടികൾ അറിഞ്ഞാൽ....എൻെറമ്മോ, ഓർത്തുകൂട.

വിളക്കു കണ്ട ഈയാംപാററകളെപോലെയാവും പിന്നെ കുട്ടികൾ. അബ്ദുറഹിമാൻ കാക്കു് ഭാഗ്യക്കുറി കിട്ടിയത്പോലെയും.

എന്നെ ഒരു നോക്ക് കാണാനും കൂൾ അടിക്കാനുമായി കുട്ടികൾ കൂലംകുത്തിയൊഴുകി.

ഒന്നും പറയാനും പററില്ല. കൂൾ ഇല്ലെന്ന് പറഞ്ഞാൽ വോട്ടും ഇല്ലെന്ന് കുട്ടികൾ പറയും. എന്തുചെയ്യും.

സൂത്രത്തിൽ രക്ഷപെടണം. പക്ഷേ സെക്കൻറ് പ്രീഡിഗ്രിക്കാർ നെയ്ത കുടുക്കാണിത്. ഊരാക്കുടുക്ക്.

എന്നെ നോക്കി അവിടെയുള്ള പൈനാപ്പിളുകളും മാങ്ങകളും മുന്തിരികളും ചിരിക്കുന്നു. അവർ തമ്മിൽ എന്തെല്ലാമോ അടക്കം പറയുന്നു. എന്തും വരട്ടെ എന്നു കരുതി കൂളിന് ഓർഡർ ചെയ്തു. രൂപ 250 ഒററയടിക്ക് കാലി !

സാരമില്ല കുറേ വർക്കേഴ്സിനെ കിട്ടിയല്ലോ എന്ന് കരുതി ആശ്വസിച്ചു.

പിറേറന്ന് ഞാൻ കുറേ വൈകിയാണ് കോളേജിൽ പോയത്. കാരണം നല്ലൊരു ടീം ഉണ്ടായതല്ലേ ഇന്നലെ.

പക്ഷേ കോളേജിലെത്തിയപ്പോൾ അവരൊന്നുമില്ല. ചെറിയൊരു തലകറക്കം........ അവരെവിടെ....? പ്രതീക്ഷതെററിയോ....?

ഓരോന്നു ചിന്തിച്ചുകൊണ്ട് മൂന്നാം വർഷ ബി. എ. അറബിക്കിന് പഠിക്കുന്ന ഉമറിൻെറ കൂടെ ഗുഡ്ഹോപ്പ് ലോഡ്ജിൻെറ മുകളിലെത്തി. അഞ്ച് മിനിറേറ കഴിഞ്ഞിട്ടുള്ളു.

താഴെയതാ ഭയാനകമായ കാഴ്ച!

എതിർസ്ഥാനാർത്ഥിയോടു ഇതേ വാക്കു പറഞ്ഞു അവനെക്കൊണ്ടും കൂളടിപ്പിക്കുന്നു അതേ ടീം തന്നെ!

ഒരു ''കൂൾ'' സ്ക്വാഡ് ഫാറൂഖ്കോളേജിൽ വർക്കു ചെയ്യുന്നു എന്ന് അപ്പോഴാണ് മനസ്സിലായത്.

* * * * *

സാധാരണ സ്ഥാനാർത്ഥികൾ ചിരിച്ചുകൊണ്ട് വോട്ടർമാരുടെ അടുത്ത് ചെല്ലണം. പ്രത്യേകിച്ച് 'മഹിളാരത്നങ്ങ'ളുടെ അടുത്ത്. ഒരാളോടെങ്ങാനും ചിരിക്കാൻ മറന്നാൽ ഉടൻ ഇറങ്ങും ''ട്രെൻറ്'' 'അവൻ അഹങ്കാരിയാണ്. ഇപ്പോൾ തന്നെ കണ്ടാൽ മൈൻറ് ചെയ്യുന്നില്ല, ഇനി അവനെങ്ങാൻ ജയിച്ചാലുള്ള സ്ഥിതിയോ....? അങ്ങനെ പലതരം ട്രെൻറ്കളും

പതിവിനു വിപരീതമായി ചിരിച്ചുകൊണ്ട് എൻെറയടുത്തുവരുന്നു രണ്ടുപേർ.! അതും പെൺകുട്ടികൾ....!! ഞാൻ കരുതി.

എനിക്ക് ഇത്ര പോപ്പുലാരിററിയോ ? എങ്കിൽ മൽസരത്തിൽ 'ഈസി വാക്ക് ഓവർ' ആയിരിക്കുമല്ലോ എന്ന്.

അവർ എൻെറ തൊട്ടുമുന്നിൽ മയക്കുന്ന ചിരി ഒന്നുകൂടി ചിരിച്ചു.

''ഞങ്ങളെ ധ്വരക്കരുതേ, ഞാൻ VC. യായും ഇവരം ജോയിൻറ് ആയും മത്സരിക്കുന്നു..''

അപ്പോഴാണ് അവരെ ശരിക്കും മനസ്സിലായത്.

''ഞാനും നിങ്ങളെപ്പോലെ തുല്യദുഃഖിതനാണ് ജനവിധി തേടുന്ന കൂട്ടത്തിൽ ഞാനും ഉണ്ട്'' ഞാൻ പറഞ്ഞു. ഉടൻ അവർ ചോദിച്ചു. ''ഞങ്ങടെ കമ്പനീടെ വോട്ട് നിങ്ങരംക്ക് തരാം. പകരം നിങ്ങടെ കമ്പനീടെ വോട്ട് ഞങ്ങരംക്ക് തരുമോ?''

''റെഡി'' ഞാൻ പ്രോമിസ് കൊടുത്തു.

കാരണം എതിർസ്ഥാനാർത്ഥികരം ഒഴിച്ച് ബാക്കിയെല്ലാ സ്ഥാനാർത്ഥികളുമായും ഇങ്ങനെ എല്ലാ സ്ഥാനാർത്ഥികളും ചെയ്യാറുണ്ട്.

രഹസ്യമായ ആ ''അലയൻസ്'' കരാറിൽ ഒപ്പിട്ടു ഞാൻ മുന്നോട്ടു നീങ്ങി.

*  *  *  *

ഇലക്ഷൻ കാലം ചിലർക്ക് കൊയ്ത്തു കാലമാണ്. പ്രത്യേകിച്ച് ഗാലപ്പോരം വിദഗ്ധർക്ക്.

അവർ ഓരോരുത്തരോട് ഓരോന്നു പറഞ്ഞു പണം വാങ്ങിക്കും. മിനിമം 10, പിന്നെ 15. തരം കിട്ടിയാൽ 25ഉം 50ഉം വരെ ഒപ്പിക്കും.

ഒരു ഗാലപ്പോരം വിദഗ്ധൻ എന്നെ സമീപിച്ചു. അയാളുടെ മുഖം വാടിയിരുന്നു. ചുണ്ടു കറുത്തിരുന്നു. കണ്ണുനീർ ഇപ്പോരം പൊട്ടും എന്ന നിലയിലായി അദ്ദേഹം. ഒരു വിധത്തിൽ തൊണ്ടയിടറിക്കൊണ്ട് മൂപ്പര് പറഞ്ഞു.

ങ്ങള്....ങ്ങള്....ങ്ങ....ള് തോല്ക്ക്ണ മട്ടാണ് പൊന്നു ജാഫർ....ക്കാ....

''ങേ...എന്തുപററി?'' ഞാൻ ചോദിച്ചു.

''150 പേരെ ഞാൻ ഇപ്പോരം ഗാലപ്പോരം ചെയ്തു വരുന്നതേയുള്ളു. നിങ്ങരം 10% പിന്നിൽ'' പക്ഷേ പേടിക്കാനില്ല 10% മാത്രമേയുള്ളു 10 രൂപ തന്നാൽ ഞാൻ 20% മുന്നിലാക്കിത്തരാം.'' അപ്പോഴാണ് അങ്ങേരുടെ അഭിനയത്തിൻെറ പൊരുരം മനസ്സിലായത്. എല്ലാ സ്ഥാനാർത്ഥികളോടും ഇവരിങ്ങനെ പറഞ്ഞു പണം തട്ടുന്നു.

ഞാൻ പറഞ്ഞു ''സുഹൃത്തേ ഇനിയുമുണ്ടല്ലോ 2350 പേർ അവരുടെ അഭിപ്രായം കൂടി ഒന്നു ആരാഞ്ഞു വരൂ''

ഇവർ ഇങ്ങനെ ഉണ്ടാക്കിയ കാശ്കൊണ്ട് ''പുട്ടടി''ക്കലാണ് പണി. അതിനുശേഷം ഗാലപ്പോളിൽ തോന്നുംപോലെ എഴുതി പ്രസ്സിൽ കൊടുക്കും. തൊട്ടുതാഴെ ഇങ്ങനെ എഴുതും ''STATISTICAL ANALYSIS'' എങ്ങനെയുണ്ട് ?

*  *  *

ഓഡിറേറാറിയത്തിന് പിൻവശം

സെക്കൻറ് പ്രീഡിഗ്രിക്കാരുടെ പത്മവ്യൂഹത്തിൽ ഒരു പാവം ഫസ്ററ് പി.ഡി.സിക്കാരൻ

''എണ്ണെടാ ഒററസംഖ്യ ഇംഗ്ലീഷിലും ഇരട്ടസംഖ്യ മലയാളത്തിലും'' കുട്ടി എണ്ണാൻ തുടങ്ങി. ''വൺ, രണ്ട്, ത്രീ, നാല്, ഫൈവ്, ആറ്..........''

ഫസ്ററ് പി. ഡി. സി ക്കാരൻെറ ഈ അവസ്ഥ കണ്ട സ്ഥിതിക്ക് രക്ഷിച്ചില്ലെങ്കിൽ അവരുടെ വോട്ടു പോകും, രക്ഷിച്ചാൽ സെക്കൻെറ് പി. ഡി. സിക്കാരുടെ വോട്ടും നഷ്ടപ്പെടും. കടലിനും ചെകുത്താനും മധ്യേ—എൻെറ ദയനീയാവസ്ഥ ഊഹിച്ചറിഞ്ഞ മൂന്നാം വർഷ ബി. എസ്. സി. മാത്സിലെ അബ്ദുറ മജീദ് പെട്ടെന്നൊരു വിദ്യ പ്രയോഗിച്ചു. "ജാഫറെ, പ്രിൻസി വിളിക്കുന്നു". നെടുവീർപ്പിട്ടും മജീദിൻെറ സൂത്രം കാരണം ഞാനങ്ങനെ രക്ഷപ്പെട്ടു.

* * * * *

സെക്കൻെറ് ബി. എ. ഇംഗ്ലീഷ്

പിരിയഡ് ഫ്രീയാണ്. ഭാഗ്യത്തിന് കുട്ടികറ ആരും പോയിട്ടില്ല. പെൺകുട്ടികറ ഇരിക്കുന്ന ബാക്ക് ബെഞ്ചിൻെറ അടുത്തു പോയി.

ജാഫർക്കാ....

എന്തോ........

"ഒന്ന്........സാറിനെ അനുകരിക്കാമോ" വേറൊരു ദിവസമായാൽ പോരെ? ഞാൻ ചോദിച്ചു;

"എങ്കിൽ ഞങ്ങളെ വോട്ടും വേറെ ആറക്ക്" രക്ഷയില്ല. അനുകരണം തുടങ്ങി.

"............യൂ ആർ എ കണ്ണിംഗ് മേൻ........
........യൂ ● ...യ്ദർ ദ ലൈബ്രറി ........
"ൻെറ ഇപ്പച്ചി അങ്ങനെ അല്ലല്ലോ?"

ആ സാറിൻെറ മോറം! മനസ്സിൽ ശക്തിയേറിയ ബോംബ് സ്ഫോടനം!! വെളുക്കാൻ തേച്ചത് പാണ്ടായിപ്പോയോ!

പ്രജ്ഞയററ ഞാൻ ഒരു വശത്തേക്ക് വീഴാൻ തുടങ്ങി. ആ കുട്ടി എതിരായി വർക്കും ചെയ്യും. ഹോ, സഹിച്ചൂടാ! പെൺകുട്ടികറ വർക്ക് ചെയ്യൽ സ്ഥാനാർത്ഥികറക്ക് ക്രെഡിററാണ്. വനിതാ വോട്ടർമാരുടെയും പിന്തുണയുണ്ടെന്നതിൻെറ തെളിവാണ്. പക്ഷേ ഇവിടെ ഞാൻ കുടുങ്ങി. വീഴാൻതുടങ്ങിയ എന്നെ മെല്ലെ താങ്ങിക്കൊണ്ട് പി.ജി റപ്രസൻേററററീവും യൂണിയൻ എക്സിക്യൂട്ടീവ് മെമ്പറുമായ കെ. കെ. ആലിക്കുട്ടി പറഞ്ഞു.

"ജാഫർ മഹാന്മാരെ മാത്രമേ അനുകരിക്കാറുള്ളൂ.... പ്രധാന മന്ത്രിമാരെ, മുഖ്യമന്ത്രിമാരെ, നേതാക്കളെ പിന്നെ സാറമ്മാരെയും",

ആശ്വാസമായി, ബോധം തിരിച്ചുകിട്ടി.

മത്തങ്ങപോലെ വീർപ്പിച്ച കുട്ടിയുടെ മുഖം ഇപ്പോറ തെളിഞ്ഞു. ആ വോട്ട് അങ്ങനെ കീശയിലായി. സമയം അപ്പോറ ഏറെ വൈകിയിരുന്നു. ക്ഷീണം കാരണം അന്നത്തെ വർക്ക് അവസാനിപ്പിച്ചു.

# കാമ്പസ് രാഷ്ട്രീയം

## കെ. പി. സലീം വാഴക്കാട്

നാളെയുടെ നായകൻമാരും ഇന്നിന്റെ പ്രതീക്ഷകളുമാണ് വിദ്യാർത്ഥികളെന്നായിരുന്നു ഇന്നലകളിൽ നാം പറഞ്ഞിരുന്നത്. കാലചക്രം അവിരാമം കറങ്ങി, വ്യവസ്ഥിതികളും പരിതസ്ഥിതികളും സാമൂഹ്യക്രമത്തിൽ എന്തെന്നില്ലാത്ത പരിവർത്തനങ്ങൾക്ക് വിധേയമായി. ഇന്നിന്റെ നായകത്വം ഏറ്റെടുക്കേണ്ടവനായി ഇൻഡ്യൻ സമൂഹമിന്ന് വിദ്യാർത്ഥി ലോകത്തിൽ പ്രതീക്ഷയർപ്പിക്കുന്നു.

ഒരു പാർലിമെൻററി വ്യവസ്ഥിതിയിൽ വോട്ടുബാങ്കുകൾ രാജ്യത്തിന്റെ ഗതി നിർണ്ണയിക്കുന്നു. പതിനെട്ടു വയസ്സ് വോട്ടവകാശം വകവെച്ചു കൊടുക്കുന്നതിലൂടെ ഇൻഡ്യൻ പാർലിമെൻററി വ്യവസ്ഥിതി രാജ്യഗതി നിർണ്ണയത്തിൽ വിദ്യാർത്ഥി ലോകത്തിനും അംഗീകാരവും അർഹത പത്രവും എഴുതിക്കൊടുത്തിരിക്കുന്നു. ലോകത്ത് നടന്ന വിപ്ലവാത്മക പരിവർത്തനങ്ങൾക്ക് ആവേശോജ്ജ്വലമായ പങ്ക് വഹിച്ച പൂർവ്വിക വിദ്യാർത്ഥി സമൂഹത്തിന്റെ അനന്തിരവൻമാരാകാൻ വൈകിയെങ്കിലും ഇൻഡ്യയിലെ വിദ്യാർത്ഥികൾക്ക് ഭാഗ്യം സിദ്ധിച്ചിരിക്കുന്നു.

പാർലിമെൻററി ജനാധിപത്യത്തിന്റെ അവിഭാജ്യഘടകമാണ് രാഷ്ട്രീയം. രാഷ്ട്രീയമുക്തമായ പാർലിമെൻററി ജനാധിപത്യത്തെക്കുറിച്ച് ചിന്തിക്കുക കൂടി സാധ്യമല്ല. ഇൻഡ്യൻ പാർലിമെൻററി വ്യവസ്ഥയിൽ വിദ്യാർത്ഥികൾക്ക് കൂടി പങ്കാളിത്തം ലഭിച്ചു എന്നു പറഞ്ഞുവല്ലോ. എങ്കിൽ പാർലിമെൻററി വ്യവസ്ഥിതിയിൽ അനിവാര്യമായ രഷ്ട്രീയകാര്യങ്ങളിൽ കൂടി വിദ്യാർത്ഥികൾക്ക് പങ്കാളിത്തമോ, അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം രാഷ്ട്രീയ അവബോധമോ ഉണ്ടായിരിക്കുക നിർബന്ധമത്രെ.

ഇൻഡ്യൻ ദേശീയ സ്വാതന്ത്ര്യസമരത്തിൽ വിദ്യാർത്ഥികൾ വഹിച്ച പങ്ക് അതുല്യമാണ്. വിദ്യാർത്ഥികൾ പുസ്തകപ്പുഴുക്കളാകാതെ രാഷ്ട്ര സേവനത്തിൽക്കൂടി പങ്കാളികളാകണമെന്ന രാഷ്ട്രപിതാവിന്റെ ആഹ്വാനം ചെവിക്കൊണ്ട് കാമ്പസുകൾ വിട്ടിറങ്ങി സ്വാതന്ത്ര്യസമരത്തിൽ വീരോജ്ജ്വല പങ്കാളിത്തം വഹിച്ച എത്രയെത്ര വിദ്യാർത്ഥി സുഹൃത്തുക്കളാണ് നമുക്ക് മുമ്പ് കഴിഞ്ഞുപോയത്. അവരിൽ പലരും പിന്നീട് സ്വതന്ത്ര ഇൻഡ്യയുടെ ഭരണനൗക കയ്യിലേന്തി മാതൃക സൃഷ്ടിച്ചു. ഡോ; സാക്കീർ ഹുസൈനെപ്പോലുള്ളവർ ഇതിന്റെ വിശദമാതൃകകളത്രെ. നമ്മുടെ സംസ്ഥാന രാഷ്ട്രീയത്തിലെ പ്രമുഖരിൽ പലരും കടന്നുവന്നത് വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയായിരുന്നു എന്നത് ഒരു വസ്തുത മാത്രം. വിദ്യാർത്ഥി രാഷ്ട്രീയം പരിപക്വമായ രാഷ്ട്രീയ നേതൃത്വത്തെ സൃഷ്ടിച്ചെടുക്കുന്നു എന്ന പരമാർത്ഥം സമ്മതിക്കാതെ വയ്യ.

ഈ വസ്തുതകൾ മുമ്പിൽ വെച്ച്കൊണ്ടാവണം സമകാലീന കാമ്പസ് രാഷ്ട്രീയത്തെക്കുറിച്ച് ചർച്ച ചെയ്യാൻ. വിദ്യാർത്ഥി രാഷ്ട്രീയവും കാമ്പസ് രഷ്ട്രീയവും ഒന്നാണെന്ന അബദ്ധ ധാരണ ഇന്ന് പരക്കെയുണ്ട്. വിദ്യാഭ്യാസ വിചക്ഷണൻമാരും ചിന്തകൻമാരും വരെ ഈ ധാരണ വെച്ചു പുലർത്തുന്നുണ്ടെന്ന് പറഞ്ഞാൽ അത് അതിശയോക്തിയാവില്ല. വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മഹനീയത എണ്ണിപ്പറഞ്ഞ് കാമ്പസ് രാഷ്ട്രീയത്തെ ന്യായീകരിക്കാനും, കാമ്പസ് രാഷ്ട്രീയത്തിന്റെ ഭീകരമുഖം വരച്ച് കാണിച്ച് വിദ്യാർത്ഥി രാഷ്ട്രീയത്തെ തന്നെ പാടെ തള്ളിക്കളയാനും മിനക്കെടുന്നത് ശരിക്കു പറഞ്ഞാൽ വലിയ അബദ്ധമാകും;

□

# കാമ്പസ് –
# തിരിച്ചറിവിന്റെ
# രേഖകൾ



നമ്മുടെ കാമ്പസുകളും ഒരു പരിണാമ ദശയിലാണ്. സമൂഹത്തെക്കുറിച്ചുള്ള വ്യാകുലതകളിൽനിന്ന് നമ്മുടെ വിദ്യാർത്ഥിസമൂഹം എന്നേ മുക്തമായിക്കഴിഞ്ഞു. കാമ്പസുകളിലെ ശീതീകരണത്തിന്റെ മുഖമാണ് നാം ഇപ്പോൾ കാണുന്നത്. ഈ അവസ്ഥയെക്കുറിച്ചുള്ള അന്വേഷണത്തിന്റെ രേഖകളാണ് തുടർന്നുള്ള പേജുകളിൽ.

# മാറുന്ന കാമ്പസുകൾ

**ജയകുമാർ**

ഇന്ത്യൻ കാമ്പസുകൾ ആകെ മാറുകയാണ്. മറ്റൊന്നുമില്ലെങ്കിലും ഈ മാറ്റങ്ങൾക്കൊരു ഗുണാത്മക വശമുണ്ട് — യാഥാർത്ഥ്യബോധം. അർത്ഥരഹിതമായ ഐഡിയലിസത്തിനു പിറകെ ഇന്നാളില്ല. മുമ്പിലുള്ള കടുത്ത മത്സരത്തെക്കുറിച്ചും, കുട്ടികൾക്ക് നല്ല ബോധം. സംവരണത്തെക്കുറിച്ച് ഒച്ചപ്പാടേറെയുണ്ടാക്കുമെങ്കിലും ഒരു തുറന്ന വിപണിയാണ് തങ്ങൾക്ക് നേരിടുവാനുള്ളതെന്ന കാര്യത്തിൽ വിദ്യാർത്ഥികൾക്ക് തെല്ലും സംശയമില്ല. മത്സരത്തിലെ ആ നേരിയ മുൻതൂക്കമൊന്ന് പ്രധാനം. ആകാശപരിധിയായിക്കാണാനൊന്നും ആരും തയ്യാറില്ല. എന്തിന്ന് പിന്നീട് വെറുതെ നിരാശപ്പെടണം? കയ്യെത്താവുന്ന ലക്ഷ്യങ്ങൾ, സാധ്യമാവുന്ന ദൂരങ്ങൾ, ശുഭാപ്തി വിശ്വാസത്തിലെന്തിന് പിന്നെ പിശുക്ക് കാണിക്കണം?

രസകരമായൊരു ബന്ധം ചിന്തിച്ചു പോകുന്നു. ഈ അച്ചടക്കമുള്ള, ലക്ഷ്യബോധം തികഞ്ഞ 'പ്രൊഫസറുടെ അരുമകൾ' അറുപതുകളിലെ വിദ്യാർത്ഥികളുടെ മക്കളാകാൻ പ്രായം വെച്ച് നോക്കിയാൽ സാധ്യതയുള്ളവരാണ്. ആ കാലം........ കലങ്ങിമറിയുന്ന കലാശാലകൾ, ഗ്രാമങ്ങളിലേക്ക് പാലായനം, "എത്രയോ ഭാവിയുടെ വാഗ്ദാനങ്ങൾ!" ആദർശധീരതയുടെ ബലിക്കല്ലിൽ തലവെച്ച് സാധ്യതകൾ നശിപ്പിച്ചു........ കറുത്ത ഗൗൺ

ധരിച്ച്, ഡിഗ്രി സർട്ടിഫിക്കറ്റ് ക
പിടിച്ച് പോസു ചെയ്യുന്ന ഇരുപതുക
യെ അഭിമാനത്തോടെ നോക്കി നിൽക്ക
പിതാവ് രണ്ട് ദശകംമുമ്പ് ഒരു ബോ
ക്ലാസിന്നിടക്ക് ഉറക്കമുണർന്ന് "ക്ലാസ്
കളിൽ ഉറക്കം തൂങ്ങുന്നവർ ഭാഗ്യവാൻ
അവർക്കവരുടെ സ്വപ്നങ്ങളെങ്കിലും ന
പ്പെടുന്നില്ല—" എന്ന് പ്രഖ്യാപിച്ചിരി
വാൻ ഇടയില്ലേ?

അക്കാലമൊക്കെ പോയി, അതിൽ വി
ക്കാനും തീരെയില്ല. നൂറു പൂക്കളുടെ
ന്തകാലം കഴിഞ്ഞു. ഇന്ന് ഗന്ധമില്ല
പുഷ്പങ്ങൾ വർഷംതോറും വിരിയു
'കരിയർ' എന്ന സൂര്യനിൽനിന്ന് മുഖ
ക്കാത്ത പുഷ്പങ്ങൾ, 'സ്റ്റെഡി ലൈ
എ വടി'. സ്മാർട്ട്. അപ്പുറം ഇപ്പുറം
ട്ടമില്ല. ഏകാഗ്രത നഷ്ടപ്പെട്ടാലോ. 'ആക
വിസ'വും ആദർശധീരതയും ബാക്ക്സീറ
പോലുമില്ല. ഇന്നത്തെ വിദ്യാർത്ഥികള
അജണ്ടയിൽ അത് കടന്നുവരാത്തതിലും
ഖിക്കാനില്ല. ഒന്നും ആവർത്തിക്കുന്നത്
തല്ല. പക്ഷെ യുവത്വം പോലും ഈ ക
യർ ദൈവത്തിന്ന് ബലി കൊടുക്കുന്നത
ദുഃഖിക്കാതിരിക്കുന്നതെങ്ങിനെ? യുവത്വം
ന്തൊരു വലിയ പ്രീമിയമാണ് — നാളെ
ഇൻഷൂർ ചെയ്യാൻ!

റു ഹിസ് കോയ് മിസ്ട്രസും (മാർവ
റൂബായാത്തും (ഒമർഖയാം) പഠിക്കുന്ന ക
കൾക്കുപോലും തങ്ങൾക്ക് നഷ്ടപ്പെടുന്ന
എന്ത് എന്നതിനെ കുറിച്ച് വേവലാതി
ല്ല. പരീക്ഷക്കുവേണ്ടി പയ്യൻമാർ അ
ന്റെ ആസ്വാദനം വേണമെങ്കിൽ സ്വന്തമാ
തയ്യാറാക്കിയേക്കും. കവിതയും കഥയുമെ
തുന്ന കംപ്യൂട്ടറിന്റെ പ്രോഗ്രാം കോഡു
ഇങ്ങേരുടെ ഡി. എൻ. എ. ഘടനയും ത
ൽ തീർച്ചയായും സാദൃശ്യം ഇല്ലാതിരിക്കില്ല
കണ്ഠകൗപീനം നോക്കിയാൽ മുഖം തെ
യും വരെ പോളിഷ് ചെയ്ത ഷൂ, നടു
ളയാത്ത ആ ഇരിപ്പ്, ഫൂക്കോയും ബാർത്ത
പരതുകയാണ് യുവാവ്; സെമിനാർ പ്ര
ന്ധത്തിന് മേമ്പൊടി വേണം. വെണ്ണയി
കാണിവെക്കുന്ന പോലത്തെ പ്രൊഫഷണ
സമീപനം, 'ഡിറ്റാച്ച്ഡ് മോർദാൻ ക്ലി
ക്കൽ'.

# കാമ്പസ്—
# ശീതീകരണത്തിന്റെ
# പുതിയമുഖം

ഉമർ തറമേൽ

കാമ്പസിന് ദ്വിമാന സ്വരൂപമാണുള്ളത്. അകത്ത് കൊട്ടിയടയ്ക്കപ്പെട്ട പ്രത്യേകതകളോട് കൂടിയ ലോകം. പുറത്തേക്ക് [സമൂഹത്തിലേക്ക്] തുറന്നിട്ട ഒരു കൂട്ടം ജാലകങ്ങൾ. ഇവ പരസ്പര സംവേദിതമാണ്. ഒന്നടഞ്ഞാൽ മറ്റേതു അഴുകും. തിരിച്ചായാൽ മറിച്ചും. ദ്വന്ദ്വമാനമുള്ള ഈ പ്രത്യേകതകളിൽ നിന്ന് ആരോഗ്യകരമായൊരു 'ത്രിമാനസവിശേഷത' രൂപപ്പെട്ടുവരുന്നത് കാമ്പസിന്റെ സർഗ്ഗാത്മകതയിലൂടെയാണ്. ആ സർഗ്ഗാത്മകത വാക്കുകളിലൂടെയും വരകളിലൂടെയും വരച്ചുവെയ്ക്കാൻ ഏറെക്കുറെ കഴിയുന്നവയാണ് ഒരു നല്ല കോളേജ് മാഗസിൻ.

കാമ്പസുകളുടെ പുതിയ 'വർത്തമാനം' മേൽപ്പറഞ്ഞ പ്രവണതകളോട് എത്രമാത്രം പൊരുത്തം ഭാവിക്കുന്നു.? യാഥാർത്ഥ്യത്തെ മറക്കുന്ന പർദ്ദകളായി മാറിക്കൊണ്ടിരിക്കുന്ന കാമ്പസുകളിൽ കോളേജ് മാഗസിനുകളും അപ്രസക്തങ്ങളായിക്കൊണ്ടിരിക്കുകയല്ലേ ? എൺപതുകളിലെ കാമ്പസിലേക്കും അവ സമ്മാനിച്ച താളിയോലകളിലേക്കും സസൂക്ഷ്മം തിരിഞ്ഞുനോക്കുമ്പോൾ ബോധ്യപ്പെടുന്ന ഒരു കാര്യമുണ്ട്. ആ കാലഘട്ടത്തിലെ വിദ്യാർത്ഥിസമൂഹ മനസ്സ് സമ്മാനിച്ച അകനാനൂറുകളുടെ ഘോഷയാത്ര പുതിയ കാമ്പസിലില്ല. എന്തുകൊണ്ട് ? അന്നത്തെ പോലെ, പുറത്തെഗ്രീഷ്മം ജാലകങ്ങളിലൂടെ അകത്ത്കടന്ന് അവിടുത്തെ സുഖശീതളിമയെ പൊള്ളിക്കുന്നില്ല! അതല്ലെങ്കിൽ ആരോരുമറിയാതെ, ചില പ്രവണതകൾ കാമ്പസിന്റെ ജാലകങ്ങൾ അടച്ചുകഴിഞ്ഞിരിക്കുന്നു. പുതിയ കാമ്പസ് ശീതികരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

കൗമാരയൗവ്വനങ്ങളുടെ സംക്രമകാലമാണ് കാമ്പസ്. സമൂഹത്തിന്റെ നേരെ തിരിച്ചുവെച്ചിരിക്കുന്നു അതിന്റെ പൽച്ചക്രങ്ങൾ. സമൂഹവിശ്വാസങ്ങൾ രാഷ്ട്രീയാന്തർധാരകൾ, സാംസ്കാരികപ്പകർച്ച, നാടകം, കവിത—എന്നിങ്ങനെയുള്ള സമൂഹമനസ്സിന്റെ രേതസ്സുകൾ പരസ്പര വിനിമയത്തിലൂടെ പ്രജനനം നടത്തുമ്പോൾ കാമ്പസ് അതിന്റെ വിഹിതം നൽകേണ്ടതുണ്ട്. എൺപതുകളുടെ ആദ്യപകുതിയിൽ ഈ അടിയൊഴുക്കുകളെ കാമ്പസ് ഒരു സാധ്യതയാക്കി വളർത്തുകയും ഒരു സ്വയംവളർച്ച കാഴ്ചവെക്കുകയും ചെയ്തു. അടിയന്തിരാവസ്ഥയും അതിനുശേഷമുള്ള രാഷ്ട്രീയ പ്രതിസന്ധികളും കാമ്പസിനെ തൊട്ടുണർത്തുകതന്നെ ചെയ്തു ചെറിയ ചെറിയ കൂട്ടങ്ങളായിരുന്നു കാമ്പസുകളിൽ ഈ നവോന്മേഷത്തെ വിതച്ചത്. ഇക്കാര്യം മഴയും വെയിലും പോലെ അന്നത്തെ കോളേജ് മാഗസിനുകളിൽ ചിതറിക്കിടപ്പുണ്ട്.

അനന്തരം കാമ്പസുകളിൽ ഉണ്ടായ സാംസ്കാരികപ്പകർച്ചകളായിരുന്നു കേരളീയതയുടെ തനതുകളെ കാമ്പസിൽ പ്രദർശിപ്പിച്ചത്. കവിത, നാടകം — എന്നിവ കാമ്പസിൽ പുതിയ പരീക്ഷണശാലകൾ കണ്ടെത്തി. കവിത സമൂഹവ്യക്തി മനസ്സിന്റെ വാക്കും സ്വരവുമാണെങ്കിൽ, വ്യക്തിയുടെ സമൂഹമനസ്സിന്റെ ക്രിയയാണ് നാടകത്തിലൂടെ സൃഷ്ടിക്കപ്പെടുന്നത്. ഈ പണിശാലകളെ സമൂഹചേതനയുമായി കാമ്പസിന് അന്ന് നിലനിർത്താൻ കഴിഞ്ഞ ജൈവബന്ധത്തെ സൂചിപ്പിക്കുന്നു. കാമ്പസ് കവികളുടെയും കവിയരങ്ങുകളുടെയും ആ കാലത്ത് തന്നെയാണ് കോളേജ് തിയററുകൾ രൂപീകരിക്കപ്പെടുന്നതും, തനത് നാടകസമ്പ്രദായം, കൾട്ട് (CULT) പോലുള്ള നാടകപരീക്ഷണങ്ങൾ കേരളത്തിൽ സജീവമാകുന്നതും. കലയുടെ സൗകര്യവശങ്ങളെ രൂപപരമായും ഭാവപരമായും നിലനിർത്തിക്കൊണ്ടു തന്നെ അന്നത്തെ സാമൂഹ്യപ്രതിസന്ധികളോട് പ്രയോഗിക്കാനുള്ള രാഷ്ട്രീയായുധമാക്കി മാററാനും പ്രസ്തുത കലകളെ കാമ്പസിനുപയോഗിക്കാൻ കഴിഞ്ഞു. കവിയും ചൊൽക്കാഴ്ചകളും കാമ്പസിൽ രൂപമെടുത്തു. നാടകകൃത്തിനെയും നടനേയും സംവിധായകനേയും കാമ്പസ് തന്നെ സൃഷ്ടിച്ച് 'കാമ്പസ്കാല'ത്തിന്റെ വിഹ്വലതകളും വിക്ഷുബ്ധതകളും ചെറിയ കൂട്ടായ്മകളിലൂടെ സംഘബോധം നേടി. അന്നത്തെ കാമ്പസിന്റെ 'ശേീയത' എന്നിതിനെ വിളിക്കാവുന്നതാണ്. 'നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' എന്ന കവിവാക്യം പോലെയായിരുന്നു അന്നത്തെ കാമ്പസ് എന്നൊന്നും ഇതിനർത്ഥമില്ല. പലപ്പോഴും ചെറിയ കൂട്ടങ്ങളല്ലാതെ, 'കാമ്പസ് ജനത' മുഴുവൻ അതിൽ ഭാഗഭാക്കായി എന്ന് പറയാനാവില്ല. ചില തിരിച്ചറിവുകളുടെ മൺകൂനകളെ കാമ്പസ് കാലാവസ്ഥക്ക് സമ്മാനിക്കാൻ ഇതിനായി എന്ന് മാത്രം. പുതിയ കാമ്പസിൽ, കവിത വററിപ്പോയിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. നാടകമാകട്ടെ, ചില കടമെടുപ്പുകളിലൂടെ കൈവരുന്ന കേവലാനുഷ്ഠാനവും.

എൺപതുകളിലെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക കാലാവസ്ഥയുടെ പ്രത്യേകത കാമ്പസിന് സമ്മാനിച്ച ഒരു പദമുണ്ടായിരുന്നു.— 'അസ്തിത്വം' കാമ്പസിലെ ലിററിൽഗ്രൂപ്പുകളിൽ നിറഞ്ഞുനിന്നിരുന്ന ഒരു തരം പൊരുളായിരുന്നു അത്. അന്ന്മലയാള-സാഹിത്യം കൈവരിച്ച പാശ്ചാത്യ ദർശന മാനസികപ്രചോദനങ്ങളിൽനിന്ന് വീര്യം ഉൾകൊണ്ട് വളർന്നതായിരുന്നു പ്രസ്തുത പദമെങ്കിലും ഇന്ത്യയുടെ അന്നത്തെ രാഷ്ട്രീയ പീഡനകാലഘട്ടത്തിലൂടെ കാമ്പസിലെത്തിയപ്പോൾ ആ പദത്തിന് നവീനമായ അർത്ഥങ്ങൾ കൈവരികയുണ്ടായി. പുതിയ കാമ്പസിൽ ഇതിന് സമാനമായി നിലകൊള്ളുന്ന ഒരു പദമേതാണുള്ളത് ? അവിടെ എല്ലാം ഒർത്ഥത്തിലേക്ക് ഉൾവലിഞ്ഞിരിക്കുന്നു—'ചെത്ത്". ചെത്തുന്നവൻ നാറുമെന്ന് പറഞ്ഞ ശ്രീനാരായണന്റെ കാലത്തിൽനിന്നു പുതിയ കാലത്തിലേക്കുള്ള പരിണാമത്തിൽ കൈവന്ന 'അർത്ഥവ്യാപ്തി' ആലോചിക്കുമ്പോൾ തമാശതോന്നുന്നില്ലേ? ഇവിടെ ചെത്താത്തവൻ നാറിയായി ഭവിക്കുന്ന ഒരു കാലാവസ്ഥ. ഉൾക്കാമ്പുകളും ഉൾക്കനവുകളും പങ്കുവക്കാനില്ലാത്ത അപരനിലേക്ക് ഒരു ദർശനത്തിന്റെ ചിറകോ ഒരു നർമ്മംപോലുമോ പകരേണ്ടതില്ലാത്ത ഒരു തലമുറയായി കാമ്പസ് ചുരുങ്ങിപ്പോവുകയല്ലേ—ലില്ലിപ്പൂട്ടുകളുടെ തലമുറ.

എന്താണ് കാമ്പസിനെ ബാധിച്ച രോഗം? തിരിച്ചറിവുകളുടെ ഒരു കാലത്ത് തന്നെ ചോർച്ചകളിലൂടെ തുറന്ന് കയറുന്ന വൈറസുകളെ നോക്കി കാമ്പസിന്റെ അ'നാട്ടമി'യെ ചോദ്യം ചെയ്കയുണ്ടായി ഒരു കവി. ഇന്നോ? കാമ്പസിന് വായും മലദ്വാരവുമുണ്ടെങ്കിൽ അതെന്തിന് എന്നുപോലുമറിയാത്ത ഒരവസ്ഥയാണുള്ളത്. നമുക്ക് രാഷ്ട്രീയ-സാമൂഹി

ക പ്രതിസന്ധികളില്ലെന്നോ മറ്റോ ഇതിനർത്ഥമുണ്ടോ ? കൊളോണിയൽ സാമ്രാജ്യത്വത്തിൻെറ മറ്റൊരടിമത്തം പേറി എല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രീയ കാലാവസ്ഥ നരനായാട്ടു നടത്തുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ നിന്നും നമ്മുടെ കാമ്പസുകൾ ഒന്നും പഠിക്കാത്തത് എന്ത് കൊണ്ട് ? ഉത്തരം നാലുകെട്ടുകളിലെ മറക്കുടകൾക്കുള്ളിൽ നിലനിൽക്കുന്ന കാമ്പസിൽ നിന്നല്ല വരേണ്ടത് ? ജാലകങ്ങൾ സമൂഹത്തിന്ന് നേരേ കൊട്ടിയടക്കപ്പെട്ട സ്ഥിതിവിശേഷങ്ങളിൽ നിന്ന് ഒരുത്തരം പ്രതീക്ഷിച്ചുകൂടാ. മറിച്ച് പുതിയ 'ഉപഭോഗ സംസ്കാരത്തി'ൻെറ അനുശീലനങ്ങളിൽ നിന്ന് നമ്മുടെ കാമ്പസുകളെ ബാധിച്ചിട്ടുള്ള രോഗം വെളിപ്പെടുത്താൻകഴിയും. മുകളിലെ ചോദ്യത്തിൻെറ ഉത്തരവും അത് തന്നെ. സ്വന്തത്തോടല്ലാതെ ഒന്നിനോടും പ്രതിബദ്ധതയില്ലായ്മയാണ് അതിൻെറ പ്രത്യേകത. ഭാവിയെകുറിച്ചുള്ള അമിതമായ ഉത്ക്കണ്ഠ പുലർത്തുന്ന പുതിയ കാമ്പസ്, സമൂഹം സമ്മാനിച്ച 'ഉപഭോഗങ്ങൾ' ആവർത്തിക്കാൻ മാത്രമായുള്ള 'പരീക്ഷാവ്യവസായശാല'കളാണ്. ഒരു തരം 'ലോട്ടറി മെസ്മറിസം' അത് അതിൻെറ രൂപഭാവങ്ങളിൽ ശീലിച്ചുകഴിഞ്ഞു. വിദ്യാർത്ഥിയും അധ്യാപകനുമല്ല, അവരുടെ മോഡലുകളാണ് അവിടെയുള്ളത്. ആത്മസംയമനവും സർഗ്ഗാത്മകതയും അതിൻെറ സ്വഭാവഗുണങ്ങളല്ല. ഉപഭോഗ സംസ്കാരത്തിൻെറ വാരിയെല്ലിൽ നിന്ന് പുതിയ കാമ്പസിനെ ദൈവം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

ഇന്നും കൊല്ലംതോറും കാമ്പസുകളിൽ മാഗസിനുകളിറങ്ങുന്നു. അകവും പുറവും ചന്തമുള്ള മാഗസിനുകൾ. ജയിച്ചു കയറിപ്പോകുന്ന സ്ററുഡൻറ് എഡിററർമാരുടെ മെയ്യഭ്യാസങ്ങളുടെ വ്യതിരിക്തതയനുസരിച്ച് കെട്ടിലും മട്ടിലും അവക്ക് മാററമുണ്ട്. പ്രിൻറിംഗ് ടെക്നോളജിയുടെ ആധുനിക സൗകര്യങ്ങൾ എത്ര വേണമെങ്കിലും പ്രയോജനപ്പെടുത്തികൊണ്ട് അവയെ മോടിയിലാക്കാനുള്ള സാഹചര്യമുണ്ട്. പഴയ കാമ്പസിൻെറ 'സബ്ജക്ററിവിററി (Subjectivity) ഏറെക്കുറെ അതിൽ നിഴലിക്കുന്നുണ്ട്. എഡിററർമാരുടെ ഇനിയും പ്രസ്താവിച്ചിട്ടില്ലാത്ത ചില നൊസ്ററാൾജിയാകളായിരിക്കാം ഇതിന് കാരണം. എന്നാൽ അതിൻെറ 'വിഷ്വൽ ഇഫക്ടി'ലല്ലാതെ കാമ്പസിൻെറ പുതിയ 'ഒബ്ജക്ടിവിററി' പ്രദർശിപ്പിക്കാൻ അവയ്ക്കാകുന്നില്ല. ഇങ്ങനെ അസ്തമിച്ച സബ്ജക്ററിവിററി സ്വീകരിക്കാനും ഉദയം ചെയ്ത 'ഒബ്ജക്ററിവിററി' പ്രദർശിപ്പിക്കാനുമാവാതെ ഇടക്ക് വച്ച് നട്ടംതിരിയുന്ന പുതിയ മാഗസിനുകൾ ഒരു കടലാസു മനുഷ്യൻെറ (Hollow Man) കഴിവുകേടിനെ പ്രദർശിപ്പിക്കുന്നു. പഴയപോലെ മാഗസിൻ അധികാരികളെ വിളറിപിടിപ്പിക്കാറില്ല. കോടതി കയറാറില്ല. അത്കൊണ്ട്തന്നെ ഒരണഞ്ഞ ദീപം പോലെ കാമ്പസ് ഓഫീസിൻെറ മൂലയിൽ കുമിഞ്ഞുകൂടുന്നു. മാഗസിൻ തിരിച്ചറിവാണെന്ന അവകാശവാദത്തെ മുരടിപ്പിച്ച് കൊണ്ട് ഇന്ന് അതേകുറിച്ച് കാമ്പസുകളിൽ ഒരു ചർച്ചപോലും സംഭവിക്കാറില്ല. ചൂടുള്ള ഒരനുഭവം ഫ്രിഡ്ജിൽ സൂക്ഷിക്കാൻ കഴിയാത്തത് പോലെ ഒരു മാഗസിൻ അനുഭവം എന്നു പറയാവുന്ന മാനസികമായ വിഹ്വലാനുഭൂതികൾ പുതിയ കാമ്പസ് എഡിററർമാർക്കുണ്ടോ ? മാഗസിന് പ്രത്യേക ഫീസുള്ളതുകൊണ്ട് മാത്രം അത് ഒരു ഉപഭോഗ വസ്തുവിനെപ്പോലെ വിദ്യാർത്ഥികൾ ചുമന്നു കൊണ്ടുപോകുന്നു. കാലത്തിൻെറ ചുവരെഴുത്തുകൾ വായിക്കാനറിയാതെ 'ഡോൺ' ശാന്തമായൊഴുകുന്നു.

# പടർന്നുകയറുന്ന മരവിപ്പ്

**താഹിർ പി. സി.**

കാമ്പസുകൾ നിലവിലുള്ള സമൂഹചലനങ്ങളുടെ പ്രതിഫലനദർപ്പണങ്ങളാണ്, വിശിഷ്യ സമൂഹത്തിലെ യുവതയുടെ നിലവിലുള്ള സമൂഹ സ്വഭാവം മനുഷ്യന്റെ ബോധമണ്ഡലത്തിനുമേലും പ്രതികരണ ശീലങ്ങൾക്കുമേലും ചെലുത്തുന്ന സ്വാധീനം തള്ളിക്കളയാവുന്നതല്ലല്ലോ? വർത്തമാനസമൂഹം ചരിത്രപാഠങ്ങളുടെ വെളിച്ചത്തിലോ മററു കാരണങ്ങളാലോ പഴയ പ്രതികരണശീലം കൈവെടിഞ്ഞു തുടങ്ങിയിരിക്കുന്നു. നമ്മുടെ പഴയ തീവ്ര വിപ്ലവകാരികളും ബുദ്ധിജീവിപ്പട്ടം ചാർത്തിക്കൊടുത്തവരുമൊക്കെ താന്താങ്ങളിലേക്കും, താന്താങ്ങളുടെ ചുററുവട്ടങ്ങളിലേക്കും ഒതുങ്ങി തുടങ്ങിയിരിക്കുന്നു; സമൂഹവിധി വിട്ട് വൈയ്യക്തിക വിധികളിൽ അവർ ഉത്കണ്ഠപ്പെടാൻ തുടങ്ങിയിരിക്കുന്നു; ധ്യാനവും കർമ്മനിയോഗ സിദ്ധാന്തവും അവർക്ക് അഭയമായിരിക്കുന്നു; സമൂഹത്തിന്റെ നൻമനിറഞ്ഞഭാവി അവർ സ്വപ്നം കാണാതായിരിക്കുന്നു. ഈ ഉൾവലിയൽ മാനസികാവസ്ഥ കാമ്പസുകളിലെ ചിന്താശീലരെ ബാധിക്കാതിരിക്കാൻ തരമില്ലല്ലോ? ഈ പശ്ചാത്തലത്തിലാണ് ഇന്ത്യൻകാമ്പസുകളുടെ വർത്തമാന നിർജ്ജീവത വ്യാഖ്യാനിച്ചെടുക്കേണ്ടതെന്നുതോന്നുന്നു. നമ്മുടെ വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യസമരകാലത്തെ ലക്ഷ്യബോധവും തൊള്ളായിരത്തി എഴുപതുകളിലെ തുടുത്ത പ്രതിക്ഷകളും അന്യമായിരിക്കുന്നു.

നമ്മുടെ പ്രതികരണ ശൈഥില്യത്തിനു മറെറാരു കാരണം നമുക്ക് ജനകീയ പ്രശ്നങ്ങൾ ഇല്ലാതായിരിക്കുന്നു എന്നതാണ്. ഓരോരുത്തനും ജനതയുടെ പൊതുപ്രശ്നം എന്നതിലുപരി താന്താങ്ങളുടെ പാട്ടിപ്രശ്നം എന്ന തരത്തിൽ കാര്യങ്ങളെ സമീപിക്കുന്ന രീതി അനാരോഗ്യകരവും ഉപരിപ്ലവുമായ പ്രതികരണ പ്രഹസനങ്ങളിലേക്കാണ് നയിക്കുന്നത്. (ആണവനിലയ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രതികരണങ്ങൾ ഒരു മാതൃകാ ഉദാഹരണം.) ഈ സാമൂഹ്യചിത്രം കാമ്പസുകൾക്കുള്ളിലും ആവർത്തിക്കപ്പെടുന്നു. അവർ നിരവധി സംഘങ്ങളിലായി വിഭിന്ന രീതികളിൽ പ്രതികരിക്കുകയും നിരവധി ശരികൾ സൃഷ്ടിക്കുകയും ചെയ്യുന്നു. മണ്ഡൽകമ്മീഷൻ റിപ്പോർട്ടിനെതിരെ പ്രതികരിച്ച ഉത്തരേന്ത്യൻ വിദ്യാർത്ഥികൾക്ക് അവരുടെ ശരിയുണ്ടായിരുന്നു; മുസോളിനിയുടെ പിന്നിൽ അണിനിരന്ന വിദ്യാർത്ഥി സമൂഹം ഫാസിസ്ററ് പ്രത്യയശാസ്ത്രം ശരിയെന്ന രീതിയിലാണ് ഉയർത്തിപ്പിടിച്ചത്. ആസാമിലേയും, പഞ്ചാബിലേയും കാശ്മീരിലേയും വിദ്യാർത്ഥിപ്രതികരണങ്ങളെ എത്രപേർ ശരിയായിക്കാണുന്നു ?! (വളരെ പണ്ടൊരിക്കൽ യമദേവനോട് നജികേതസ്സ് ചോദിച്ചുവത്രെ: 'എന്താണ് തെററും ശരിയും ? ഭൂതത്തിനും ഭാവിക്കും, വർത്തമാനത്തിനുമപ്പുറം എന്താണ് ?')

നമ്മുടെ വിദ്യാർത്ഥി രാഷ്ട്രീയത്തെ ഈ പശ്ചാത്തലത്തിൽ വേണം ദർശിക്കേണ്ടതെന്ന് തോന്നുന്നു. നമ്മുടെ വിദ്യാർത്ഥിക്ക് ക്രിയാത്മകമായ രാഷ്ട്രീയബോധം അന്യമാവുകയും, അവനിൽ പാർട്ടിബോധം അനാശാസ്യകമായി വേരൂന്നുകയും ചെയ്തിരിക്കുന്നു. വിദ്യാർത്ഥി സമരങ്ങൾ തങ്ങളുടെ പൊതുവായ പ്രശ്നങ്ങൾക്ക് നേർക്കുള്ള പ്രതികരണങ്ങൾ എന്നതുവിട്ട് മാതൃരാഷ്ട്രീയ പാർട്ടികളുടെ തെററോ ശരിയോ ആയ താത്പര്യ സംരക്ഷണം എന്ന നിലയിലേക്കു തരംതാണിരിക്കുന്നു. വിദ്യാർത്ഥികൾ വിഭിന്ന സംഘങ്ങളായി നടത്തുന്ന പ്രതികരണങ്ങൾ ഫലത്തിൽ ഉണ്ടാക്കുന്നത് ഒരുതരം അരാഷ്ട്രീയമായ ന്യൂട്രൽ ഇഫക്ട് ആണ്. ഈ സാഹചര്യത്തിൽ ആരോഗ്യകരമായ നീക്കം കാമ്പസുകളുടെ അരാഷ്ട്രീയവൽക്കരണമായിരിക്കുമെന്ന് തോന്നുന്നു. വിദ്യാർത്ഥിപ്രശ്നങ്ങളോടും മററു സാമൂഹ്യപ്രശ്നങ്ങളോടും പ്രതികരിക്കാൻ കാമ്പസുകൾക്ക് അകത്തുതന്നെ പ്രവർത്തിക്കുന്ന കലാസാംസ്കാരിക ശാസ്ത്ര സംഘടനകൾ മതിയാകും. അവയുടെ പ്രവർത്തനം ഇത്തിരികൂടി ഊർജ്ജിതപ്പെടുത്തണമെന്നു മാത്രം. വിദ്യാർത്ഥികളിൽ പാർലമെൻററിബോധം ഉണ്ടാകണമെങ്കിൽ രാഷ്ട്രീയപാർട്ടികൾ തന്നെ വേണമെന്ന് നിർബന്ധമില്ലല്ലോ.

കാമ്പസുകളിലെ സർഗ്ഗപ്രവർത്തനങ്ങളിലെ ചോർന്നുപോകുന്ന ഊഷ്മളതയേയും ഏതാണ്ട് ഇതേ രീതിയിലാണ് കാണേണ്ടത്. പുതിയ സർഗ്ഗസൃഷ്ടികൾക്ക് സാമൂഹ്യസ്വഭാവം നഷ്ടമാവുകയും അവ വല്ലാതെ ആത്മനിഷ്ഠമാവുകയും ചെയ്തിരിക്കുന്നു. കലാസാഹിത്യ പ്രവർത്തനങ്ങൾ സാമൂഹ്യചലനങ്ങൾക്കുള്ള ഉപാധിയാണെന്ന വിശ്വാസം നഷ്ടമായതുപോലെ തോന്നുന്നു. നമ്മുടെ തലമൂത്ത കവികളുടെ പുതിയ

സൃഷ്ടികൾ അതല്ലേ വ്യക്തമാക്കുന്നത്! നമ്മുടെ പുതിയ കവികൾ ഓടയിലെ കുഞ്ഞിന്റെ നിലവിളിയുടെ താളം മറന്നുപോയിരിക്കുന്നു. ‘ഞാൻ ബലിയാടായി തുടരുക തന്നെ ചെയ്യും, ആരെങ്കിലും അതാവേണ്ടിയിരിക്കെ’ എന്ന് ഹൃദയംകൊണ്ട് പറയാൻ ഇന്നെത്ര പേർക്കാവും.

എൻട്രൻസ് പരീക്ഷകൾക്ക് ഈയിടെയായി കിട്ടിക്കൊണ്ടിരിക്കുന്ന പ്രാധാന്യം വിദ്യാർത്ഥികളെ സാമൂഹ്യപ്രശ്നങ്ങളിൽ നിന്നും അകറ്റുന്നു എന്നത് ഒരു പരിധിയോളം ശരിയാണ്. ഈ പ്രവണതയെ ക്രിയാത്മകമായാണോ നിഷേധാത്മകമായാണോ ദർശിക്കേണ്ടത് എന്ന ആലോചനയിൽ നിലവിലുള്ള സാമൂഹ്യ അന്തരീക്ഷം നാം കാണാതെപോകുന്നത് ശരിയല്ല. മനുഷ്യന്റെ അളവുകോൽ പണം മാത്രമായിത്തീർന്നിരിക്കുന്ന സാമൂഹ്യ സാഹചര്യത്തിൽ എല്ലാവരും നെട്ടോട്ടമോടുന്നത് പണത്തിനു പിന്നാലെയാണ്. ഇവിടെ അവന് മൽസരിക്കാതെ നിവൃത്തിയില്ലെന്നായിരിക്കുന്നു. “നിങ്ങൾ ഒരു നിമിഷംപോലും താമസിക്കരുത്, ഒരായിരം മൈൽ പിന്നിലാക്കപ്പെടും” എന്നു സ്റ്റാലിൻ പണ്ടു പറഞ്ഞത് പുതിയ രീതിയിൽ അവൻ വേദവാക്യമാക്കിയിരിക്കുന്നു. എഞ്ചിനിയറും ഡോക്ടറും പണമുണ്ടാക്കാനുള്ള നല്ല മാർഗ്ഗങ്ങളാണ്. അവനെന്തിന് ഈ സാധ്യത ഉപേക്ഷിച്ച് സാമൂഹ്യപ്രശ്നങ്ങളിൽ തലയിടണം! മുൻപ് പ്രിയപ്പെട്ടതു പലതും ഉപേക്ഷിച്ച് സാമൂഹ്യവിപ്ലവങ്ങൾക്ക് ഇറങ്ങിത്തിരിച്ച പലരും നിരാശരായി തിരിച്ചുവന്ന് താന്താങ്ങളുടെ പ്രശ്നങ്ങളിൽ മുഴുകുന്നത് അവൻ കാണുന്നുണ്ട്; രാഷ്ട്രീയ പ്രവർത്തകനാകുന്നതുപോലും ഇവിടെ സ്വാർത്ഥലാഭങ്ങൾക്കുവേണ്ടി നമുക്ക് ‘ഈ മാൽസര്യ ജീവികളെ’ കുറ്റപ്പെടുത്താമോ? ഉപരിപ്ലവങ്ങളായ ചോദ്യോത്തരങ്ങളേക്കാൾ നിശ്ശബ്ദതയാണ് ഉത്തരം.

നിലവിലുള്ള മാനേജ്മെന്റ് സമ്പ്രദായം അസമർത്ഥരും ഉത്തരവാദിത്വബോധമില്ലാത്തതുമായ അധ്യാപകരെ സൃഷ്ടിക്കുന്നു എന്നത് പകൽപോലെ വ്യക്തമാണല്ലോ. നമ്മുടെ നാട്ടിൽ നിലനില്ക്കുന്ന തരത്തിലുള്ള അപൂർണ്ണ സ്വകാര്യവത്കരണത്തിന് സോഷ്യലിസത്തിന്റെ ദൂഷ്യങ്ങളെ വർജ്ജിക്കാനോ കാപിറ്റലിസത്തിന്റെ ഗുണങ്ങളെ സൂക്ഷിക്കാനോ സാധിക്കുന്നില്ല. അമേരിക്ക തുടങ്ങിയ മുതലാളിത്ത രാഷ്ട്രങ്ങളിൽ നിലനിൽക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗവൺമെന്റിന്റെ ഇടപെടൽ പൂർണമായും ഒഴിവാക്കുന്നതുമൂലം കാര്യക്ഷമമായി പ്രവർത്തിക്കുകയും, കഴിവുള്ള അധ്യാപകരെ മാത്രം സ്വീകരിക്കുകയും, ആത്മാർത്ഥതയും താത്പര്യവുമില്ലാത്തവരെ നിയമങ്ങളുടെ കുരുക്കില്ലാതെ വർജ്ജിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അമേരിക്കൻ സ്വകാര്യവൽകരണവും നമ്മുടേതും വ്യത്യസ്ഥമാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുകയും നമ്മുടെ വിദ്യാഭ്യാസമേഖലയുടെ സ്വകാര്യവത്കരണത്തെ ഭീതിയോടെ വീക്ഷിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ വിദ്യാർത്ഥി അദ്ധ്യാപകബന്ധത്തിന്റെ സ്വഭാവം നമുക്ക് ഇന്നും പൂർണമായി കുടഞ്ഞെറിയാൻ ആവാത്ത ഫ്യൂഡലിസ്റ്റിക് മൂല്യബോധവുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ് എന്നും ഫ്യൂഡലിസ്റ്റിക് ബോധം നിലനിന്നിരുന്ന ഭാരതത്തിൽ മുൻകാലത്തും ഒരു തുറന്ന തരത്തിലുള്ള അധ്യാപക വിദ്യാർത്ഥിബന്ധം ഉണ്ടായിരുന്നില്ല. ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയിൽ വി വിദ്യാർത്ഥി അധ്യാപകനെയും മകൻ പിതാവിനെയും ഭയഭക്തി ബഹുമാനങ്ങളോടെയാണ് വീക്ഷിച്ചത്. ഈ മാനസികാവസ്ഥ ബന്ധങ്ങൾക്കിടയിൽ ഒരകൽച്ചയായിനിന്നു. കുറെയൊക്കെ മാറ്റങ്ങളും രൂപഭേദങ്ങളും ഉണ്ടെങ്കിലും ഈ അകൽച്ചയുടെ തുടർച്ചതന്നെയാണ് ഇന്നും നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെയാണ് അമേരിക്ക തുടങ്ങിയ മുതലാളിത്ത രാജ്യങ്ങളിലെന്നപോലെ അധ്യാപകനും വിദ്യാർത്ഥിക്കുമിടയിൽ ഒരു സൗഹൃദബന്ധം സാധിക്കാതെ പോവുന്നത്.

# യാഥാർത്ഥ്യങ്ങളുടെ സംഘബോധം

എ. പി. അബ്ദുൽവഹാബ

നമ്മുടെ കാമ്പസുകൾക്ക് മരവിപ്പ് ബാധിച്ചിരിക്കുന്നു. മുമ്പത്തെ അ
സ്ഥയിൽ നിന്നുള്ള പ്രകടമായ മാററമാണിത്. ഇന്ത്യയിൽ സ്വാതന്ത്ര്യ പ്ര
സ്ഥാനത്തിന്റെ രണ്ടാം ഘട്ടമെങ്കിലും—ഇരുപതാം നൂററാണ്ടു മുതൽക്കു
വ—കാമ്പസുകളിൽനിന്നാണ് കരുത്ത് കൊണ്ടത്. അവിഭക്ത ബംഗാളിലെ
വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ഉദാഹരണം.

ലോകത്ത് പലയിടത്തും സാമൂഹ്യമാററത്തിന്റെ നിമിത്തമായി കാമ്പസ
കൾ മാറിയിട്ടുണ്ട്. എഴുപതുകളിൽ ദാനിയൽ കോഹൻബൻദും കൂട്ടരും യ
റോപ്പിലുയർത്തിയ അലയടികളെ മാററിനിർത്തിയാൽപോലും ഇത് സത്യ
ണ്. ആഫ്രിക്കൻ വൻകരയിലും ലാററിൻ അമേരിക്കൻ രാജ്യങ്ങളിലും കൊ
ളോണിയൻ വിരുദ്ധ വിമോചന പോരാട്ടങ്ങളുടെ മുന്നിൽ വിദ്യാർത്ഥിക
ക്കാണ് സ്ഥാനം. ഇറാനിലെ വിപ്ലവത്തിന്റെ കാര്യത്തിലും ഇത് അക
രംപ്രതി ശരിയാണ്.

നമ്മുടെ കാമ്പസുകൾ എന്തുകൊണ്ട് ഇങ്ങിനെയല്ല എന്ന ചോദ്യത്തെ സ
മൂഹ്യശാസ്ത്രകാരനോ സാമൂഹ്യ നരവംശ ശാസ്ത്രകാരനോ വിട്ടുകൊടുക്കു
ന്നതായിരിക്കും ഉചിതം. കാമ്പസുകൾ സമൂഹത്തിന്റെ പരിഛേദമാണ് എ
ന്നതുകൊണ്ടാണത്. സാമൂഹ്യമാററത്തിന്റെ അടിസ്ഥാന ഉപാധികളുമായി ന
മ്മുടെ സമൂഹം എങ്ങിനെ പൊരുത്തപ്പെടുന്നു എന്ന് നോക്കേണ്ടതുണ്ട്. അ
മത്തവും ചൂഷണവും മർദ്ദനവുമൊക്കെ അസ്തിത്വത്തിന്റെ അനിവാര്യതകളാ
കരുതപ്പെടുന്ന അവസ്ഥക്ക് സമൂഹത്തെ എത്രകണ്ട് മാററത്തിന് സജ്ജ
യ വിധത്തിൽ മാററിയെടുക്കാൻ കഴിയുമെന്നതാണ് യഥാർത്ഥത്തിൽ നമ
ടെ പ്രശ്നം.

ഇതിന്നപവാദമാണ് നമ്മുടെ പഴയ കാലമെങ്കിൽ—മുകളിൽ സൂചിപ്പിച്ച സ്വാതന്ത്ര്യസംരംഭങ്ങൾ—അത് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വമ്പിച്ച പ്രതീക്ഷകൾകൊണ്ടുണ്ടായതാണ്. പ്രത്യുത്പന്നമതിത്വമുള്ള അന്നത്തെ നേതൃത്വമാണ് രണ്ടാമത്തെ കാരണം. കാമ്പസുകളെ ക്രിയാത്മകമായി എങ്ങിനെ പ്രയോജനപ്പെടുത്താമെന്ന് അവർക്ക് അറിയുമായിരുന്നു എന്നാൽ, ഭരണ വ്യവസ്ഥിതിയുടെത് മാത്രമല്ലാത്ത, സാമൂഹ്യവ്യവസ്ഥിതിയുടെ കൂടി മാററത്തെസ്സംബന്ധിച്ച് അക്കാലത്തും കാമ്പസുകൾ എത്രകണ്ട് ബോധവൽക്കരിക്കപ്പെട്ടിരുന്നു എന്നത് ആലോചിക്കേണ്ട വിഷയമാണ്.

വിദ്യാർത്ഥിവിഭാഗം സമൂഹത്തിന്റെ 'ലീഡിംഗ് എഡ്ജ്' ആകുന്നത് സാമൂഹ്യമാററത്തിന്റെ നിയോഗം അവർ ഏറെറടുക്കുമ്പോൾ മാത്രമാണ് ഏററവും കുറഞ്ഞപക്ഷം അതിന്റെ ബുദ്ധിപരമായ അടിത്തറക്കെങ്കിലും അവർ മുതൽക്കൂട്ടാവണം. പക്ഷേ നമ്മുടെ കാമ്പസുകളിൽ അങ്ങിനെയൊന്നില്ല. പകരം സമൂഹവുമായുള്ള വിദ്യാർത്ഥികളുടെ ബന്ധം രാഷ്ട്രീയ പ്രേരണകൾ അനുസരിച്ചുള്ള പ്രതികരണങ്ങളിലൊതുങ്ങി നിൽക്കുന്നു. 'ഇളക്കിവിടലുകൾക്ക്' അവരെ വഴിപ്പെടുത്താൻ കഴിയുന്നു എന്നതാണ് അവരുടെ 'പ്രത്യയശാസ്ത്ര'ത്തിന്റെ പ്രത്യേകത. മണ്ഡൽകമ്മീഷന് എതിരെ നടന്ന പ്രക്ഷോഭം ഇത്തരത്തിലുള്ള ഒരു ഇളക്കിവിടലായിരുന്നു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനോട് വിരുദ്ധ നിലപാട് എടുത്തവർ തെരുവുകളിൽ നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണല്ലോ ചെയ്തത്. സംവരണതത്വത്തിന്റെ അടിസ്ഥാനങ്ങളോട് ബുദ്ധിപരമായി സംവദിക്കാൻ പോലും അവർക്കായില്ല.

കാമ്പസിന്നകത്ത് വിദ്യാർത്ഥികളുടെ ധൈഷണിക നിലവാരത്തിന്ന് പുതിയ മാനങ്ങൾ നൽകുന്ന ബന്ധങ്ങൾ—അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികൾ പരസ്പരവും — വളർന്നു വരാത്തതിന്റെ കാരണവും മുകളിൽ പറഞ്ഞത് തന്നെ. വിദ്യാർത്ഥികളുമായി തുറന്ന് സംസാരിക്കാൻ അദ്ധ്യാപകൻ ഇഷ്ടപ്പെടാതിരിക്കുന്നത് അത് സംവാദത്തിന്ന് പകരം വിവാദങ്ങളായേക്കുമോ എന്ന് ഭയപ്പെടുന്നത് കൊണ്ടാണ്. അവരവരുടെ ജോലി നിർവ്വഹിച്ച്, ഒതുങ്ങിക്കഴിയുന്നതാണ് നല്ലതെന്ന് കരുതുന്നവരാണ് മിക്ക അദ്ധ്യാപകരും. ഈ അവസ്ഥക്ക് മാററം വരണമെങ്കിൽ കാമ്പസുകളിൽ അക്കാദമീയമായ ഒരന്തരീക്ഷം ശക്തിപ്പെടണം

പഠനത്തിൽ കൂടുതൽ താൽപര്യം കാണിക്കുന്നവർ കൂടുതൽ 'സുരക്ഷിത' മേഖലകൾ തേടിപ്പോവുന്ന പ്രവണത വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്. എൻട്രൻസ് ടെസ്ററുകൾക്ക് പാകപ്പെടുന്ന വിധത്തിൽ പഠനവിഷയങ്ങൾ തെരഞ്ഞെടുക്കുന്നത് അതിന്റെ ഭാഗമാണ്. മററു വിഷയങ്ങളുടെയും കോഴ്സുകളുടെയും സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ സഹായകമായ ഒരന്തരീക്ഷം നിലവിലില്ലാത്തത്കൊണ്ട് കൂടിയാണ് ഇങ്ങിനെ സംഭവിക്കുന്നത്. ഇതിന് പ്രസ്തുത വിദ്യാർത്ഥികളെയോ രക്ഷിതാക്കളെയോ മാത്രം പഴിചാരേണ്ടതില്ല. സാമൂഹ്യപ്രശ്നങ്ങളുമായി നന്നായി ഇടപഴകാൻ പററിയ മേഖലകൾ അടക്കം വിദ്യാഭ്യാസത്തിന്റെ എല്ലാ സാധ്യതകളെയും പ്രയോജനപ്പെടുത്താൻ മുന്നോട്ട് വരികയാണ് വേണ്ടത്.

കാമ്പസ് രാഷ്ട്രീയത്തിന്റേതാണ് മറെറാരു പ്രശ്നം. ഒന്നുകിൽ രാഷ്ട്രീയത്തിന്റെ സ്വാധീനത്തിൽ നിന്ന് കാമ്പസുകളെ മുക്തമാക്കുകയോ അല്ലെങ്കിൽ കാമ്പസ് രാഷ്ട്രീയത്തിൽ ഗുണകരമായ മാററങ്ങൾ വരുത്തുകയോ ചെയ്താലെ നമ്മുടെ കാമ്പസുകളെ പഠനത്തിലും അനുബന്ധ കാര്യങ്ങളിലും നിലവാരപ്പെടുത്താനാകൂ. കാമ്പസുകളെ പാർട്ടികളുടെ റിക്രൂട്ടിംഗ് കേന്ദ്രങ്ങളാക്കുന്ന ഇന്നത്തെ അവസ്ഥ മാറേണ്ടതുണ്ട്. പഠനാന്തരീക്ഷത്തെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുമ്പോൾ മാത്രമെ, പഠനത്തെ സഹായിക്കാൻ പര്യാപ്തമായ സർഗ്ഗപ്രവർത്തനങ്ങളിലേക്ക് കൂടി ശ്രദ്ധ തിരിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയൂ. ഇന്ന് പഠനത്തെ ബലികൊടുത്താലെ ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കാനാകൂ എന്ന അവസ്ഥയാണുള്ളത്.

സ്വകാര്യമേഖലയെ നഖശിഖാന്തം എതിർക്കുന്നവരുണ്ട്. യഥാർത്ഥത്തിൽ സ്വകാര്യമേഖല വിദ്യാഭ്യാസ വളർച്ചക്ക് വമ്പിച്ച മുതൽക്കൂട്ടായിട്ടാണ് അനുഭവപ്പെടുന്നത്. ഇന്ത്യയിൽ മാത്രമല്ല മററു രാജ്യങ്ങളിലും ഇതാണ് സത്യം. ഇന്ത്യയിൽ തന്നെ വിദ്യാഭ്യാസ മേഖലയെ സങ്കുചിതവും ജാതിപരവുമായ സ്ഥാപിത താൽപര്യങ്ങളിൽ നിന്ന് വിമോചിപ്പിച്ച് സാധാരണക്കാരന്റെ ഒരു പ്രക്രിയയാക്കി മാററിയെടുത്തതിൽ വിദ്യാഭ്യാസരംഗത്തെ സ്വകാര്യ ഏജൻസികൾ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഏതെങ്കിലും ചെറിയ സംഭവങ്ങളെ ഊതിവീർപ്പിച്ച് കാമ്പസുകളിൽ മാനേജ്മെന്റ് ഇടപെടുന്നു എന്ന് ബഹളം വെക്കുന്നതിൽ അർത്ഥമില്ല. അങ്ങിനെയാണെങ്കിൽ സർക്കാറുകളുടെ പിടിപ്പ്കേടുകൾ കൊണ്ട് കാമ്പസുകളിൽ സംഭവിക്കുന്ന അനർത്ഥങ്ങളെയും ഇടപെടലുകളായിട്ട് കാണണം. എന്നാൽ വിദ്യാഭ്യാസത്തെ കച്ചവടമാക്കി മാററുന്ന പ്രവണതയെ എതിർക്കണം. എന്ന് വിചാരിച്ച് ഈ രംഗത്ത് സേവന താൽപര്യത്തോടെ പ്രവർത്തിക്കുന്നവരെയടക്കം കുററക്കാരായി ബ്രാൻറ് ചെയ്യുന്നത് ഒട്ടും ശരിയല്ല. ★

# ദൈവവും
# മനുഷ്യരും
# മൃഗവും

വിശപ്പകററാൻ ദൈവത്തിന്റെ ചിത്രം വരച്ചിരുന്ന നാടോടി, ഞങ്ങളുടെ ഗ്രാമത്തിലെ ബസ്‌വെയ്‌ററിംഗ് ഷെഡിലും ദൈവത്തിന്റെ ചിത്രം വരച്ചിട്ടു. നാടോടിക്ക് ആകെ വരയ്ക്കാനറിയാവുന്നത് ഒരേയൊരു ദൈവത്തിന്റെ ചിത്രമാണ് എപ്പോഴും ചിരിക്കുന്ന ദൈവത്തിന്റേത്. 'പരസ്യംപാടില്ല' എന്നു കറുത്തയക്ഷരങ്ങളിൽ ഏവർക്കും കാണാൻ പാകത്തിൽ ഷെഡിൽ എഴുതിയിട്ടത് വായിക്കാൻ നാടോടിക്കാവുമായിരുന്നില്ല കിട്ടിയ നാണയത്തുട്ടുകളും പെറുക്കിയെടുത്ത് നാടോടി സ്ഥലം വിടുമ്പോൾ അയാൾ വരഞ്ഞ ചിത്രം ഞങ്ങളുടെ ഗ്രാമത്തിൽ ഒരു വലിയ കൊടുങ്കാററാവുമെന്ന് ഞങ്ങൾ കരുതിയതേയില്ല.

## ഇമ്പിച്ചിക്കോയതങ്ങൾ

പഞ്ചായത്തുവക ബസ്‌വെയ്‌ററിംഗ്ഷെഡ് നിലവിൽവന്നശേഷം നാട്ടുകാർക്കു ഗുണം തന്നെ. മഴയും വെയിലുമേൽക്കാതെ ലിംഗഭേദമനുസരിച്ചു തരംതിരിച്ച ഭാഗങ്ങളിൽ ഞങ്ങൾ സുരക്ഷിതരായിരുന്നു. ഞങ്ങളുടെ ഇടത്താവളമായ വെയ്‌ററിംഗ് ഷെഡിലെ ചിരിക്കുന്ന ദൈവം മതേതരത്വത്തെക്കുറിച്ചുള്ള ഗൗരവമേറിയ ചർച്ചക്കും, മുറുമുറുപ്പിനും വഴിയൊരുക്കി. ഞങ്ങളുടെ ചർച്ചകളും മുറുമുറുപ്പുമാണ് ദൈവത്തെ വിവാദത്തിലേക്ക് വലിച്ചിഴച്ചത് എന്നു വേണമെങ്കിൽ പറയാം. പക്ഷേ ദൈവം സന്തോഷത്തോടെ ഷെഡിന്റെ ചുമരിൽ നിലകൊണ്ടു ഞങ്ങളുടെ മുറുമുറുപ്പും ചർച്ചകളും തുടരവേ ഒരു ദിവസം....

ദൈവത്തിൻെറ മനോഹരമായ പാദങ്ങളിലും അരഞ്ഞാണമണിഞ്ഞ അരയിലും വിലങ്ങനെ ഏതാനും പോറലുകൾ. സംഭവമറിഞ്ഞു ഭക്തർ കൂടി. അവർ കുറേ നേരം മൗനികളായി, സങ്കടത്തോടെ ദൈവത്തിൻെറ ചിത്രത്തിലേക്കു നോക്കി നിന്നു. പിന്നീട് മൗനം ശബ്ദത്തിനു വഴിമാറുകയും ചില ഉച്ചത്തിൽ സംസാരിക്കുകയും മററു ചിലർ അവരോട് സമാധാനപ്പെടുവാൻ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തു. ഞങ്ങൾ ദൂരെ മാറി എന്താണു സംഭവിക്കാൻ പോകുന്നതെന്നു ഉൾക്കിടിലത്തോടെ നോക്കി നിന്നു

ഞങ്ങളുടെ ദൈവത്തെ തുടച്ചുനീക്കാനുള്ള ഏതോ ഗൂഢാലോചനയുടെ ഭാഗമാണിതെന്ന് അവർ കരുതി. 'ഇതുമായിക്കാൻ ശ്രമിക്കുന്നവർ കരുതിയിരിക്കുക' എന്ന താക്കീത് ദൈവത്തിൻെറ പാദത്തിനുതാഴെ എഴുതിവെച്ചതിനു ശേഷമാണവർ പിരിഞ്ഞത്.


ഞങ്ങൾ ചർച്ചകളും മുറുമുറുപ്പും നിറുത്തി. പകരം ദൈവത്തിൻെറ ചിത്രം ഏതു വിധേനയും സംരക്ഷിക്കാനെന്താണു വഴിയെന്നു തിരക്കി; ഞങ്ങൾക്കിപ്പോൾതന്നെ മരിക്കാനിഷ്ടമില്ലെന്നു സത്യം. ഒടുവിൽ ഞങ്ങൾ ദൈവത്തിനു കാവലിരിക്കാൻ തീരുമാനിച്ചു. ദൈവത്തിൻെറ സന്തോഷം ഇപ്പോഴും നിലനില്ക്കുന്നു. ഞങ്ങൾക്കു കോപം നുരത്തു. ഞങ്ങൾ പലായനം ഇഷ്ടപ്പെടാത്തവരായതുകൊണ്ട്, എല്ലാം ക്ഷമിക്കാൻ പഠിച്ചവരായിരുന്നു.

ദൈവത്തിൻെറ സന്തോഷവും ഞങ്ങളുടെ കാവലും തുടരവേ ഒരു പകൽ........

വെയിററിംഗ് ഷെഡിനകത്തും പുറത്തും ആളുകൾ നിൽക്കേതന്നെ ഒരു കുട്ടനാട് തൻെറ ശരീരം ദൈവത്തിൻെറ പാദങ്ങളിൽ ഉരസുന്നു. അവനെ ഞങ്ങൾക്ക് നന്നായി അറിയാം.— ഗ്രാമം മുഴുവൻ വ്യഭിചരിച്ചു നടക്കുന്നവൻ, മൂത്രച്ചൂരുകൊണ്ട് തൻെറ സാന്നിദ്ധ്യം അറിയിക്കുന്നവൻ. അവൻ ശരീരം ചുമരിൽ അമർത്തിയുരസി തൻെറ ചൊറിച്ചിൽ തീർക്കുകയാണ്. ആരുമതു ശ്രദ്ധിക്കുന്നില്ല ഭക്തർ പോലും. അവൻെറ ഊസലിൽ ദൈവത്തിൻെറ പാദമൊന്നാകെ അടർന്നുവീണു. സമാധാനം തകർക്കാൻ ഇറങ്ങി പുറപ്പെട്ട അവൻ തൻെറ കൊമ്പുകൾ ദൈവത്തിൻെറ അരയോടു ചേർത്ത് ഉരസാൻ തുടങ്ങി. ഇപ്പോഴും ഭക്തർക്ക് ഒരു കൂസലും ഇല്ല, പക്ഷേ ഞങ്ങൾക്കതു വെറുതെ നോക്കിനില്ക്കാനാവില്ലല്ലോ.

ഞങ്ങൾ കൈയിൽ കിട്ടിയതെല്ലാമെടുത്തു ആടിനെ വളഞ്ഞു. എറിഞ്ഞും അടിച്ചും അതിനെ വകവരുത്തി. കണ്ണുതുറിച്ച്, നാവുകടിച്ച്, രക്തമൊലിച്ച് ആടവിടെ കിടന്നു. പാദങ്ങൾ നഷ്ടപ്പെട്ട എപ്പോഴും ചിരിക്കുന്ന ദൈവത്തിനു പിന്നീട് ഞങ്ങൾ കാവലിരുന്നിട്ടില്ല.

ഇതു ചേർത്തു വായിക്കുക:— ഈ കഥയിലെ ദൈവവും മനുഷ്യരും മൃഗവും....ചുരുക്കിപ്പറഞ്ഞാൽ ഈ കഥ തന്നെയും തികച്ചും സാങ്കല്പികമത്രെ. ഇതിലെ ദൈവത്തെ വിശ്വാസികളുടെ ദൈവത്തിലും ഇതിലെ മനുഷ്യരെ ജീവിതത്തിലെ മനുഷ്യരിലും മൃഗത്തെ സാധാരണ മൃഗത്തിലും കാണുന്നുവെങ്കിൽ അതെല്ലാം നിങ്ങളുടെ തോന്നലുകൾ മാത്രം. ഒരു മനുഷ്യൻെറയും കഥ ഈ കഥയുടെ പേരിൽ അവസാനിക്കരുതേ എന്നാണ് ഈയുള്ളൻെറ ആത്മാർത്ഥമായ പ്രാർത്ഥന.



# എഡിറ്ററുടെ കുറിപ്പുകൾ

കുറച്ചുവർഷങ്ങൾക്ക് മുൻപ് മാതൃഭൂമി കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ സാഹിത്യമൽസരങ്ങളിലെ കവിതകളെ വിലയിരുത്തിക്കൊണ്ട് സുഗതകുമാരി ഇങ്ങിനെ എഴുതി: "എന്റെ മനസ്സിൽ ഒരു ചോദ്യം വീണ്ടും വീണ്ടും ഉയർന്നുവരുന്നു - ഈ കവിതകളിലൂടെ കണ്ണോടിച്ചപ്പോൾ- ഈ കുട്ടികളുടെ കണ്ണുകളിൽ ഇത്രയേറെ അന്ധകാരം വന്നു നിറഞ്ഞു കഴിഞ്ഞുവെന്നോ? ഒരു തുള്ളിവെളിച്ചം പോലും അവർ കാണുന്നില്ലല്ലോ? സ്നേഹത്തിന്റെ മാധുര്യവും ഈശ്വരന്റെ കാരുണ്യവുമെല്ലാം അവർക്ക് സ്വപ്നങ്ങളായിരിക്കുന്നല്ലോ? ആശയുടെ ഒരു ചെറുതിരിപോലും മുനിഞ്ഞുകത്താത്ത കട്ടിപിടിച്ച ഇരുട്ട് ഈ കവിതകളിൽ കനം തൂങ്ങി നിൽക്കുന്നു - പുതിയ തലമുറക്ക് പിടിച്ചുനൽക്കാൻ ഒരു വസന്തത്തിന്റെ ചെറുചില്ലപോലും ബാക്കിയില്ലാതായിരിക്കുന്നു" ഈ തലമുറയുടെ നൊമ്പരം മുഴുവൻ ഈ വരികളിലുണ്ട്.

● ● ●

പ്രതീക്ഷകളാണ് മനസ്സിനെ പച്ചപിടിപ്പിക്കുന്നത്.

സമൂഹത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ ജീവിതത്തെകുറിച്ച്, തന്നെക്കുറിച്ച് തന്നെയുള്ള പ്രതീക്ഷകൾ........ഇതിലൊന്നുപോലും സൂക്ഷിക്കാനില്ലാത്തവരായിരിക്കുന്നു ഈ തലമുറ.

പ്രതീക്ഷയുടെ വഴികൾ നിഷേധിക്കപ്പെട്ടവരും കിനാവുകളസ്തമിച്ചവരും അന്ധനെയും, ബധിരനെയും പോലെയാണ്. അവന്റെ മനസ്സാകെ പുകമൂടിനിൽക്കുകയാണ്. അവിടെ നിന്നൊരിക്കലും വസന്തത്തിന്റെ സ്വാകാര്യമുണ്ടാവില്ല.

അവിടെയൊരിക്കലും പരിവർത്തനത്തിന്റെ ഇടിമുഴക്കങ്ങൾ കേൾക്കില്ല.

മനസ്സ് കറുത്തുകൊണ്ടേയിരിക്കുന്ന ഈ തലമുറ നമ്മുടെ സമൂഹത്തിനൊരു മുന്നറിയിപ്പാണ്.

● ● ●

ചവോക്ക് മരത്തണലിലിരുന്ന് കൂട്ടുകാരൻ പറഞ്ഞു "ഈ വർഷം പി.ജി. കഴിയുകയാണ്. അവൻ അത്രയേ പറഞ്ഞുള്ളൂ. അതല്ലെങ്കിലും അവനത്രയേ പറയാൻ കഴിയൂ.

അതുപറയുമ്പോൾ അവന്റെ കണ്ണുകൾ അങ്ങ് ദൂരെയായിരുന്നു.......

ദൂരെദൂരെ അങ്ങ് ചക്രവാളത്തോളം ദൂരെ അവൻ പറയാനുദ്ദേശിച്ചത് നമ്മുടെയൊക്കെ മനസ്സിലുണ്ട്. കലാലയവും കാമ്പസും, പുസ്തകങ്ങളും നൽകിയ കപടമായ സുരക്ഷിതത്വ ബോധത്തിൽ നിന്ന് അവൻ ജീവിതത്തിന്റെ കുത്തൊഴുക്കിലേക്ക് വലിച്ചെറിയപ്പെടുകയാണ്. അവിടെയെത്തുമ്പോഴാണ് സമൂഹത്തിന്റെ പിടിവാശികൾക്കും മുനവെച്ച വാക്കുകൾക്കും മുന്നിൽ ചൂളി നിൽക്കുമ്പോഴാണ് അവൻതന്റെ യൗവ്വനത്തെ ശപിച്ചുപോവുന്നത്. ജീവിതം പൂത്തുലഞ്ഞുനിന്നകാലം. തന്റെയൗവ്വനം തടിച്ച പുസ്തകങ്ങളിലും ലാബോറട്ടറിയിലും കൊഴിഞ്ഞുവീണതോർത്ത് അവന്റെ മനസ്സ് നൊമ്പരപ്പെടുന്നതപ്പോഴാണ്.

ഇത് ഉണ്ണാൻ വിളിച്ചുവരുത്തി ഇലയിട്ടിരുത്തി ഊണില്ല എന്നു പറയുന്നതുപോലെയാണ് അപ്പോഴാണല്ലോ ശരിക്കും വിശന്നുപോവുന്നത്.

● ● ●

ദൂരെയുള്ള സുഹൃത്ത് ഇങ്ങനെ എഴുതി. "ഈ ഏകാന്തതയിൽ ഞാൻ ഒരാത്മവിസ്മൃതി ആസ്വദിക്കാൻ പഠിച്ചിരിക്കുന്നു. ഏറെ ഹൃദ്യമായ ഒരനുഭൂതിയായി ഇതെന്നിൽ നുരഞ്ഞുപതയുകയാണ്. മറ്റെല്ലാ കൃത്രിമലഹരിയുമുപേക്ഷിച്ച് ഞാനിതിന്റെ പീഡനാത്മകമായ ലഹരിയിലാണ്. എല്ലാ ലഹരികൾക്കും സദാചാരത്തെ നിരന്തരം ചോദ്യം ചെയ്തുകൊണ്ടിരിക്കും, എന്നത് നീയോർക്കുമെന്ന് കരുതുന്നു. ഉപാധികളില്ലാതെ എനിക്ക് സ്നേഹിക്കാനാവുന്നില്ല; സ്നേഹിക്കുന്നവരെ മാത്രമേ വെറുക്കാനാവുന്നുള്ളൂ. ആയതിനാൽ പ്രിയകൂട്ടുകാരാ ഞാൻ എന്നെത്തന്നെ സ്നേഹിച്ചു തുടങ്ങിയിരിക്കുന്നു........

നിറയെ കനലുകളെരിഞ്ഞിരുന്ന ഒരു മനസ് മൗനത്തിന്റെ വഴികൾ തേടുകയാണ് ഇവിടെ. ആസുരമായ നമ്മുടെ കാലം നമ്മുടെ മനസ്സിൽ നിന്നും ആർദ്രതയുടെ ഉറവുകൾ ഒന്നൊന്നായി വറ്റിച്ച് കളഞ്ഞിരിക്കുന്നു. ജീവിതത്തെകുറിച്ചുള്ള നമ്മുടെ കാഴ്ചപാടുകൾ ഏറെ കമ്പോളവൽക്കരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ലാഭനഷ്ടങ്ങളുടെയും ജീവിതാസക്തികളുടെയും കള്ളികളിലേക്ക് ജീവിതത്തെ ഒതുക്കിയെടുക്കാൻ നാം പഠിച്ചിരിക്കുന്നു. മുൻകൂട്ടി തീരുമാനിച്ചുവെച്ച വഴികളിലൂടെ മാത്രമാണ് നാമിപ്പോൾ നടക്കാൻ പഠിക്കുന്നത്. പതിവ് വഴികളിൽ നിന്ന് മാറി നടന്നവരാണ് ലോകത്തിനുമുന്നിലെ പ്രകാശഗോപുരങ്ങളായി മാറിയത് എന്ന വസ്തുത നമ്മെ തീരെ പ്രചോദിപ്പിക്കാത്ത ഒരു അറിവായി മാറിയിരക്കുന്നു. മനസ്സിലെ നിലാവ് അസ്തമിച്ച് പോവുകയും ചിന്തയുടെ കിളിവാതിലുകൾ അടഞ്ഞുപോവുകയും ചെയ്ത ഒരു തലമുറയായി മാറിയിരിക്കുന്നു നമ്മുടെത്.....

● ● ●

ഒരു ഇടവേളക്കുശേഷം വീണുകിട്ടിയതായിരുന്നു കലാലയജീവിതം. അശാന്തിനിറഞ്ഞ ഒരു സായാഹ്നം പങ്കിടാനെത്തിയ സുഹൃത്ത് പറഞ്ഞു "നിനക്ക് വെളിമ്പുറങ്ങൾ ഇഷ്ടമാണോ?"

"ഖസാക്ക് നിറയെ വെളിമ്പുറങ്ങളാണ്. രവിയുടെ മനസ്സ് പോലെ. ഒറ്റക്കിരിക്കുമ്പോൾ പലപ്പോഴും വെളിമ്പുറങ്ങൾ ഒരു വിഹ്വലതപോലെ എൻെറ മനസ്സിൽ വന്നുനിറയാറുണ്ട്. വെയിൽ ചാഞ്ഞിറങ്ങുമ്പോഴും നിലാവ് പരക്കുമ്പോഴും അവക്ക് വല്ലാത്തൊരു ചാരുതയാണ്........" ജീവിതം ഒരു വലിയ ബാദ്ധ്യതതന്നെയാണ് ജീവിച്ച് തീർക്കുക എന്നത് ഒരു വലിയ സമസ്യയും. മനുഷ്യൻ പലപ്പോഴും നിസ്സഹായനായിപോകുന്നത് ഇവിടെയൊക്കെയാണ്. പാഠപുസ്തകങ്ങളും ദാർശനിക ഗ്രന്ഥങ്ങളുമൊന്നും ഇവിടെ നമ്മുടെ തുണക്ക് എത്തുന്നതേ ഇല്ല. ജീവിതത്തിൻെറ വെളിമ്പുറങ്ങളിലൂടെ നടന്നുപോകുമ്പോൾ പലപ്പോഴും ഒറ്റക്കാണ് എന്ന തോന്നൽ തീവ്രമായ ഒരു നൊമ്പരമായി നമ്മുടെയൊക്കെ മനസ്സിലേക്ക് കടന്ന്വരും.....

എന്നിട്ടും നാം, വീണ്ടും നമ്മുടെ സഹജീവികളെ കാണുമ്പോൾ ചിരിച്ച് കുശലം പറഞ്ഞ്പിരിയുന്നു.

മലയാളത്തിൻെറ പ്രിയപ്പെട്ട കഥാകാരൻ പറഞ്ഞതുപോലെ "ഒരു വലിയ തമാശതന്നെ ഈ ജീവിതം........"

● ● ●

നമ്മുടെ കാമ്പസിനെ നാം വിശദമായ ഒരു പരിശോധനക്ക് വിധേയമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നമുക്ക് മുൻപേ നടന്നുപോയ ഒരു തലമുറയുടെ ത്യാഗത്തിൻെറയും കഠിനാദ്ധ്വാനത്തിൻെറയും ബാക്കിപത്രങ്ങളാണ് ഇന്ന് മനോഹരമായ കെട്ടിടങ്ങളായി നമ്മുടെ മുന്നിൽ ഉയർന്നു നിൽക്കുന്നത്. പക്ഷെ നാം അതൊക്കെ എത്ര പെട്ടെന്നാണ് മറന്നുപോവുന്നത്. ആർഭാടങ്ങളിലും പൊങ്ങച്ചങ്ങളിലും മാത്രമായിരിക്കുന്നു ഇപ്പോൾ നമ്മുടെ ശ്രദ്ധ. പുറംമോടികളിൽ മാത്രം ശ്രദ്ധവെച്ച് ആർഭാടങ്ങളിൽ മനം മയങ്ങി നിൽക്കുന്ന ഒരു സമൂഹവും കാലത്തിൻെറ ശക്തമായ തിരിച്ചടികളേൽക്കാതെ രക്ഷപ്പെട്ടിട്ടില്ല. ആനന്ദ് അദ്ദേഹത്തിൻെറ പ്രസിദ്ധമായ ഒരു നോവലിൽ ഇങ്ങിനെ പറയുന്നുണ്ട്. "ഒരു സമൂഹത്തിൻെറ അപചയകാലത്താണ് ആ സമൂഹം ആർഭാടങ്ങളിലേക്ക് തിരിയുന്നത്. മുഗൾ സാമ്രാജ്യത്തിൻെറ പതനകാലത്താണ് 'ഡർബാറു'കളിൽ നിന്ന് ഗസലുകളുടെ ലാസ്യലയങ്ങൾ ഏററവുമധികം ഉയർന്നുകേട്ടിരുന്നത്".

ചരിത്രം നൽകുന്ന നിരവധി പാഠങ്ങളിൽ ഒന്നുമാത്രമാണിത്. പക്ഷെ നമുക്കിപ്പോൾ ഇത്തരം കാര്യങ്ങളെക്കുറിച്ചൊന്നും ചിന്തിക്കാൻ തീരെ സമയമില്ലല്ലോ?

കവി പറഞ്ഞപോലെ: "ചിന്തിച്ചിടാഞ്ഞാൽ ഒഴിയുമീ പ്രശ്നം". ചിന്തയുടെ കിളിവാതിലുകൾ മുഴുവൻ കൊട്ടിയടച്ച് 'വെറുംവാക്കുകൾ' പറയാൻ മാത്രം പഠിച്ചവരായിരിക്കുന്നു ഇപ്പോൾ നമ്മൾ.

● ● ●

91-92-ലെ കോളേജ് യൂനിയൻ അധികാരമേററപ്പോൾ നിറയെ പ്രതീക്ഷകളായിരുന്നു മനസ്സിൽ. പുതുതായി എന്തെങ്കിലുമൊക്കെ ചെയ്യാൻ കഴിയും എന്നുതന്നെയായിരുന്നു വിശ്വാസം. വെറും രണ്ടുമാസത്തെ സമയം ഒന്നിനും തികയുമായിരുന്നില്ല. എങ്കിലും ചില മാററങ്ങളും പുതിയ ചില രീതികളും തുടങ്ങിവെക്കാൻ കഴിഞ്ഞിട്ടുണ്ട്. നിരവധി വർഷങ്ങൾക്കുശേഷം കോളേജിന് ലഭിച്ച 'ബി' സോൺ കിരീടം, കലാസാഹിതിയുമായി സഹകരിച്ച് നടത്തിയ സാഹിതീ ക്യാമ്പ്, ഒരു സായാഹ്നത്തെ മുഴുവൻ ധന്യമാക്കിയ സീതിസാഹിബ് അനുസ്മരണ പ്രഭാഷണം ഇവയൊക്കെ മനസ്സിൽ തങ്ങിനിൽക്കുന്നു. എന്നാലും യൂനിയൻെറ ഔപചാരികതകളെ മറികടക്കുക എന്നത് പ്രയാസകരമായിത്തന്നെ അവശേഷിക്കുന്നു. കാമ്പസിലെ സർഗ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സമാന്തരവേദികൾക്കാവും കൂടുതൽ കഴിയുക എന്നു തോന്നുന്നു.

● ● ●

മാഗസിൻ, കാമ്പസിലെ സർഗ പ്രവർത്തനങ്ങളുടെ രേഖയാണ്. അതുകൊണ്ട് തന്നെ കാമ്പസിലെ സൃഷ്ടികൾക്കാണ് പ്രാമുഖ്യം നൽകപ്പെടേണ്ടത്. പക്ഷെ ഇക്കാര്യത്തിൽ നമ്മുടെ സംഭാവനകൾ ഏറെ ശുഷ്കമാവുന്നു എന്ന് പറയാതെ വയ്യ. മനോഹരമായ കെട്ടിടങ്ങൾക്കകത്ത് സ്പന്ദിക്കുന്ന മനസ്സുകൾ തീരെ കുറവാണെന്ന അറിവ് ഒട്ടും ആശ്വാസകരമല്ല. എങ്കിലും 'സഹജാതർ തൻ മൊഴി സംഗീതമായ് തോന്നും നാൾവരും' എന്നു തന്നെ നാം ആശിക്കുക.






യാത്രയുടെ അവസാനം ഇവിടെയാണ്. അവസാനത്തെ ഈ പടവിലിരുന്ന് തിരിഞ്ഞ് നോക്കുമ്പോഴും എന്റെ സങ്കൽപങ്ങളിലെ മാഗസിൻ ഇതിൽനിന്നൊക്കെ ഒരുപാട് ദൂരെയാണെന്ന് ഞാനറിയുന്നു. മനസ്സിലെ പളുങ്ക് കൊട്ടാരങ്ങളിലെവിടെയോ അതിപ്പോഴും സുഖകരമായ ഒരു നൊമ്പരംപോലെ........
കേൾക്കാത്ത ഗാനത്തിന് മാധുര്യം കൂടുമെന്നതുപോലെ പ്രസിദ്ധീകരിക്കപ്പെടാത്ത മാഗസിന് മനോഹാരിതയും കൂടുമെന്ന് തോന്നുന്നു. എങ്കിലും സുഹൃത്തെ, പാതിരാവിലും പകലറുതിയിലും കിനാവിന്റെ താമരനൂലിഴകളിൽ പോലും എനിക്കു പ്രിയപ്പെട്ടതാണ് ഇതിന്റെ താളുകൾ. ഏകാന്തമായ എന്റെ യാത്രയുടെ നൊമ്പരം മുഴുവൻ ഏറ്റുവാങ്ങിയ ഈ പടവുകളിൽ അൽപനേരമിരുന്ന് നിങ്ങളും കടന്നു പൊയ്ക്കൊള്ളൂ!

കവി പറഞ്ഞില്ലേ
"ഞാൻ ബലിയാടായി തുടരുകതന്നെചെയ്യും മറ്റാരെങ്കിലും അതാവേണ്ടിയിരിക്കെ" എന്ന്. ഒരു എഡിറ്ററുടെ നിയോഗം ഇങ്ങിനെയൊക്കെ യാണെന്ന് പക്ഷേ നിങ്ങളാരോടും പറയാതിരിക്കുക.
സഹായങ്ങൾ നൽകിയ മുഴുവൻ പേരോടുമുള്ള നന്ദി മധുരമായ ഒരോർമ്മപോലെ മനസ്സിലുണ്ട്. യാസീൻ സാർ, ഹാഫിസ് സാർ, ആലിക്കുട്ടി, സലാം, റഊഫ് ബ്രദേഴ്സ് പ്രസിലെ ജീവനക്കാർ.......

ഇനി നമുക്കിടയിൽ മൗനത്തിന്റെ ഒരിതൾകൂടിബാക്കിയുണ്ട്. ആ ഇതൾകൂടി വിടർന്നു കഴിയുമ്പോൾ ഇതു നിങ്ങളുടെതാകും. അപ്പോൾ വർണ്ണങ്ങളുടെ സംഗീതവുമായി വീണ്ടും പൂലരി

ഒരു സാന്ത്വനം പോലെ........

സ്നേഹപൂർവ്വം



പി. മുഹമ്മദ് ഹനീഫ

സ്റ്റുഡന്റ് എഡിറ്റർ

# ജീവിതത്തിന്റെ വണ്ടി

എം. ടി.

ബോംബെ തെരുവിലെ കുട്ടികളെ പരിശീലിപ്പിച്ച് 'സലാംബോംബെ' എന്ന സിനിമയിലഭിനയിപ്പിച്ച ബാരിജോൺ ഈയിടെ ഡൽഹിയിൽ മറ്റൊരത്ഭുതം ചെയ്യുകയുണ്ടായി. ഡൽഹി സ്റ്റേഷൻ പരിസരത്തിലെ തെരുവുസന്തതികളെ പിടികൂടി ഒരു നാടകം കളിപ്പിച്ചു. "ജീവൻ കി ഗാഡി"

നാടകം കാണാൻ എനിക്ക് കഴിഞ്ഞില്ല. അത്ഭുതകരമായിരുന്നു ആ പ്രകടനം എന്ന് കണ്ടവർ പിന്നീട് പറഞ്ഞു. സ്ക്രിപ്റ്റില്ല. സൂത്രധാരൻ ഏകദേശരൂപം പറഞ്ഞുകൊടുക്കുന്നു. കുട്ടികൾ അഭിനയിക്കുന്നു. നാടകം മനസ്സിലുണ്ടാക്കിയ ആഘാതം കൊണ്ട് ആ രാത്രി തനിക്കുറങ്ങാൻ കഴിഞ്ഞില്ല എന്ന് ഒരെഴുത്തുകാരി എന്നോട് പിന്നീട് പറഞ്ഞു. അത് വെറുംവാക്കല്ല എന്ന് അവരെ അടുത്തറിയുന്ന എനിക്ക് മനസ്സിലാവും.

യുണിസെഫിന്റെ ആഭിമുഖ്യത്തിൽ മൂന്നു ദിവസം നീണ്ടുനിന്ന ഒരു സെമിനാർ—അവർ വിളിക്കുന്ന പേര് കൊളോക്വിയം—നടക്കുകയായിരുന്നു ഡൽഹിയിൽ. 2000ലെ കുട്ടികളുടെ പ്രശ്നങ്ങളെപ്പറ്റിയായിരുന്നു ചർച്ചകളും പ്രബന്ധങ്ങളും. കുട്ടികളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കാൻ ബുദ്ധിജീവികൾക്കും കലാകാരന്മാർക്കും എന്ത് സംഭാവന ചെയ്യാൻ കഴിയും എന്നായിരുന്നു ആലോചന.

"ഞങ്ങൾക്കൊരു സമയബന്ധിത പരിപാടിതരൂ. ഞങ്ങൾ എത്ര പുസ്തകങ്ങൾ എഴുതണമെന്ന് പറയൂ." എന്ന് പ്രഖ്യാപിച്ച എഴുത്തുകാരും ഉണ്ടായിരുന്നു അക്കൂട്ടത്തിൽ! സ്വന്തം സ്ഥാപനങ്ങളിൽ പത്തോ ഇരുപതോ പാവപ്പെട്ട കുട്ടികൾക്ക് [illegible] ത്താണെന്ന് ചിത്രകാരൻ ബദ്രിനാരായണനും നർത്തകി ചിത്രവിശ്വേശ്വരനും സംഗീതജ്ഞൻ ആനന്ദശങ്കറും പ്രഖ്യാപിച്ചു. അതിലെല്ലാം ആത്മാർത്ഥമായ സഹാനുഭൂതിയുടെ സ്പന്ദനങ്ങൾ അനുഭവപ്പെട്ടിരുന്നു. സമയബന്ധിത പരിപാടി എന്നൊക്കെയുള്ള പ്രയോഗങ്ങൾ അരോചകമായിരുന്നെങ്കിൽക്കൂടി.

മൂന്നാംദിവസം ബാരിജോണിന്റെ നാടകസംഘം ഇന്ത്യാ ഇന്റർനാഷണൽ സെന്ററിന്റെ ഹാളിൽ വന്നതായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രദ്ധേയമായ സംഭവം. ആറിനും പതിനാറിനും ഇടയ്ക്കുള്ള ഇരുപതഞ്ച് കുട്ടികൾ ഹാളിൽ വന്ന് സ്ഥലം പിടിക്കുമ്പോൾ അവർക്ക് പരിഭ്രമമില്ല. അപകർഷതാബോധമില്ല. അർഹതയില്ലാത്ത ഒരിടത്ത് എത്തിപ്പെട്ട അസ്വാസ്ഥ്യതയുമില്ല. ഇളം പ്രായത്തിൽതന്നെ ജീവിതത്തിന്റെ എല്ലാ കർക്കശമുഖങ്ങളും കണ്ട് പക്വത നേടിയവരാണെന്ന് അവരെ നോക്കിനില്ക്കുമ്പോൾ നമുക്ക് മനസ്സിലാവും. പിന്നീട് സ്റ്റേജിലേക്ക് വിളിച്ചു കയറ്റിയപ്പോഴും അതേ കൂസലില്ലാത്ത ഭാവം. ശരീരത്തിന് നിരക്കാത്ത സൈസിലുള്ള ഉടുപ്പുകളിട്ടവർ കീറത്തുണ്ടുകൊണ്ട് തലയിൽ കെട്ടുകെട്ടി കിരീടമണിഞ്ഞ ഗാംഭീര്യത്തിൽ തലയുയർത്തി നടക്കുന്നവർ ക്യാമറകൾക്കുമുമ്പിൽ ഒരുക്കിയ കടുംപ്രകാശത്തിലും കണ്ണുചിമ്മാതെ സദസ്സിനെ നോക്കുന്നവർ ജീവിതത്തിന്റെ പുറമ്പോക്കുകളിൽ വാഴ്ച നടത്തുന്ന രാജകുമാരന്മാർ.

ഇന്ത്യയുടെ പലഭാഗത്തുനിന്നും വന്ന എഴുത്തുകാർ, ചിത്രകാരന്മാർ, നാടകസംവിധായകർ, പത്രപ്രവർത്തകർ, സാമൂഹ്യപ്രവർത്തകർ എന്നിവരടങ്ങുന്ന നൂറോളം വരുന്ന സദസ്സ്. അവർ കുട്ടികൾക്ക് പറയാനുള്ളത് കേൾക്കാനിരിക്കുകയാണെന്നു പറഞ്ഞ്, ദൂരദർശന്റെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ശ്രീ ലെലെഹാൻഡ് മൈക്ക് കുട്ടികൾക്ക് നീട്ടി. ആദ്യം മൈക്ക് വാങ്ങിയ കുട്ടി ഒരു നിമിഷം സംശയിച്ചു. പക്ഷേ പിന്നീട് കരാൾ പറഞ്ഞുതീരുമ്പോൾ മൈക്കിന് പല കൈകളും നീണ്ടു. എല്ലാവർക്കും പറയാനുണ്ട്, ഞങ്ങളോട്, ലോകത്തോടും. ''എന്റെ പേര് ശങ്കർ ഞാൻ അഹമ്മദാബാദിൽ നിന്ന് വരുന്നു.....''

നാടും വീടും വിടാനുണ്ടായ കാരണം, ഡൽഹിയിലെത്തിയപ്പോഴുണ്ടായ അനുഭവങ്ങൾ ഓരോരുത്തരായി വിശദീകരിച്ചു.

സ്റ്റേഷനിൽ വന്നുനിൽക്കുന്ന വണ്ടിയിൽ ഉടൻ കയറിപററലാണ് അവർക്ക് ജീവിതത്തിന്റെ സമരം. കമ്പാർട്ടുമെന്റുകളിൽ അവശേഷിച്ച ഭക്ഷണപ്പൊതികൾ പഴകിയ പഴങ്ങൾ അങ്ങനെ പലതും കാണും. ചിലപ്പോൾ കാശും കിട്ടാറുണ്ട്. വണ്ടി നിൽക്കുംമുമ്പേ ഇടം തിരിച്ച് കൈയടക്കുന്നതിലാണ് മൽസരം. അതിനിടക്ക് മുറിവു പററിയവരാണ് പലരും.

ഒഴിഞ്ഞ വണ്ടിയിൽ നിന്നു കിട്ടുന്ന വസ്തുക്കളും, വല്ലപ്പോഴും കിട്ടുന്ന അനൗദ്യോഗിക ചുമട്ടുതൊഴിലും കൊണ്ട് വിശപ്പടക്കാനുള്ളത് കൈയിലെത്തും. മിച്ചം വരുന്ന കാശ് സൂക്ഷിക്കലാണ് ഒരു പ്രശ്നം. രാത്രിയിലെ പോക്കററടിയെപ്പററി മൂന്നു കുട്ടികൾ പറഞ്ഞു. ചിലർ മിച്ചം വരുന്ന കാശ് അവരുടെ കാര്യങ്ങളിൽ പ്രത്യേകം താൽപര്യമുള്ള ''ശമ്പ്നംഭീദി'' എന്ന സാമൂഹ്യ പ്രവർത്തകയെ ഏല്പിക്കുന്നു.

ഒരു പന്ത്രണ്ടുകാരൻ പറഞ്ഞു.

''എനിക്ക് നിങ്ങളോടും ചിലത് ചോദിക്കാനുണ്ട്''

സദസ്സിനോട്!

ഞങ്ങൾ സ്തബ്ധരായിരുന്നു.

അവൻ ചോദിച്ചു.

''നിങ്ങൾ ഞങ്ങളുടെ കാര്യമാണ് സംസാരിക്കുന്നതെന്ന് പറഞ്ഞല്ലോ. ഞങ്ങൾക്ക് ചിലത് വേണം. കുളിക്കാനും വസ്ത്രം മാററാനും ഒരു സ്ഥലം. പഠിക്കാൻ സൗകര്യം അത് നിങ്ങൾ തരുമോ''?

സദസ്സ് നസ്സഹായതയുടെ മൗനം പൂണ്ടു.

''പോലീസുകാരന്റെ 'ഡണ്ഡ' (വടി) യിൽനിക്ക് ഞങ്ങളെ രക്ഷിക്കാമോ? ഒരു കുററവും ചെയ്യാതെയുള്ള തല്ലിൽനിന്ന്?''

വീണ്ടും കുററബോധത്തിന്റേതായ മൗനം. പത്തു കുട്ടികൾക്ക് സൗജന്യമായി കലാഭ്യസനം വാഗ്ദാനം ചെയ്തതുകൊണ്ടോ, പത്തു ബാലസാഹിത്യകൃതികൾ കൂടുതൽ രചിച്ചതുകൊണ്ടോ ഈ ചോദ്യങ്ങളെ നേരിടാനുള്ള കരുത്ത് ഞങ്ങൾക്ക് കൈവന്നിട്ടില്ല.

അവരുടെ ആവശ്യങ്ങളാണ് പറയുന്നത്. സ്വപ്നങ്ങളല്ല. സ്വപ്നങ്ങൾ ജീവിതത്തിന്റെ റെയിൽപ്പാളത്തിലെവിടെയൊക്കെയോ വെച്ച് ചതഞ്ഞരഞ്ഞു കഴിഞ്ഞു. ഉപയോഗശൂന്യമെന്ന് വിധിച്ച് ഉപേക്ഷിച്ച എച്ചിലുകളാണ് അവർക്കായി വരുന്ന വണ്ടി ഇപ്പോൾ എത്തിക്കുന്നത്.

# കിനാവുകൾ

ഇന്നലെയും ഉറങ്ങാൻ കിടന്നപ്പോഴും പ്രാർത്ഥിച്ചാണ് കിടന്നത്. മനസ് നൊന്താണ് ഞാൻ ദൈവത്തോട് പറഞ്ഞത്, ദൈവമേ, ഇന്നെങ്കിലും എന്റെ രാത്രിയെ നീ കിനാവുകൾ കൊണ്ട് മനോഹരമാക്കണേ....!" പക്ഷെ എന്നിട്ടും എന്റെ രാത്രി കിനാവുമായി പിണങ്ങി അകന്നുനിന്നു. എന്തേ എന്റെ രാവുകൾ മാത്രം ഇങ്ങിനെയാകാൻ ? എനിക്കു തന്നെ അറിഞ്ഞുകൂട.......

എന്റെ കൂട്ടുകാർക്കെല്ലാം ഓരോ രാത്രിയിലേയും മനോഹരമായ കിനാവുകളെപററി ധാരാളം പറയാനുണ്ടാകും.

കിനാവുകളുടെ താമരനൂലിൽ കിടന്ന് ആലോലമാലോലമാടിയാണ് അവർ ഓരോ രാത്രിയിലൂടെയും നടന്നുപോകുന്നത്. ഓരോ പുലർവേളയിലും കിനാവുകളുടെ ലോകത്തെക്കുറിച്ച് അവർ വാചാലരാകുന്നു. കിനാവിൽ കണ്ട കാമിനിയെക്കുറിച്ച്, പളുങ്ക് കൊട്ടാരങ്ങളെക്കുറിച്ച്, പ്രേതങ്ങളെക്കുറിച്ച്, രതിഭാവങ്ങളെക്കുറിച്ച് എല്ലാമെല്ലാം അവർ പറഞ്ഞ് തിമിർക്കുമ്പോൾ ഞാൻ മാത്രം നിശ്ശബ്ദനാവുകയാണ് പതിവ്. അപ്പോഴൊക്കെ ഞാൻ എന്നോട് തന്നെ വീണ്ടും വീണ്ടും ചോദിക്കാറുണ്ട്, "എന്റെ രാത്രികൾ മാത്രമെന്തേ ഇങ്ങിനെ വന്ധ്യമാവാൻ........?"

പണ്ട് കുട്ടിക്കാലത്ത് കിനാവുകളിൽ നിറയെ സ്വർണ്ണത്തേരുകളായിരുന്നു. ദൂരെയേതോ കാണാത്ത ലോകങ്ങളിൽ നിന്നും അദൃശ്യമായ ചിറകുകളുമായി പറന്നിറങ്ങുന്ന സ്വർണ്ണത്തേരുകൾ.

മയിൽപീലിയിതളുകൾകൊണ്ട് നിറയെ തൊങ്ങലുകൾ ചാർത്തിയ തേരുകൾ........

# പി. മുഹമ്മദ് ഹനീഫ

തേരിൽ സ്വർണ്ണത്തലമുടിയും, കിന്നരിത്തല പ്പാവും, കഥ പറയുന്ന മിഴികളുമായി രാജ കുമാരിയും ഏതോ ഗന്ധർവ്വസ്വരം കേട്ടി ട്ടെന്നപോലെ അവൾ കിനാവിലൂടെ ഒഴുകി യൊഴുകി മറയുകയായിരുന്നു.


എൻെറ രാവുകൾ നിറയെ കിനാവിൻെറ ലോ ലമായ സ്പർശങ്ങൾ.

തീവ്രമായ പ്രണയത്തിൻെറ നാളുകളിൽ അവൾ പറഞ്ഞു. ''ഞാൻ ഇന്നലെയും കി നാവിൽ കണ്ടിരുന്നു. എപ്പോഴും കാണിക്കു ന്ന കുറുമ്പും ദുശ്ശാഠ്യവുമൊക്കെ അപ്പോഴു മുണ്ടായിരുന്നു.........'' അവളിതു പറയു മ്പോഴും എൻെറ മനസിൽ കിനാവിൻെറ ഇ ഴകൾ ഒന്നൊന്നായി അഴിഞ്ഞു തീരുകയായി രുന്നു. വിരൽതുമ്പിൽ മുഖമമർത്തി കണ്ണു കളിൽ നോക്കിയിരുന്ന് കഥ പറയുമ്പോഴും മനസിൽ ഏകാന്തമായ ദുഃഖങ്ങളുടെ മഹാ പ്രയാണം തന്നെയായിരുന്നു. അപ്പോഴാണ് എൻെറ മനസിലേക്ക് പഴയതുപോലെ കി നാവുകൾ വീണ്ടും വിരുന്നു വരുന്നത്. പ ക്ഷെ അപ്പോഴവയുടെ ലോലഭാവം മുഴുവൻ ചോർന്നുപോയിരുന്നു. രൗദ്രഭാവം പൂണ്ട് ആടിത്തിമിർക്കുന്ന രാക്ഷസീയ വേഷമായി രുന്നു അപ്പോഴവയുടേത്. ദുരന്തങ്ങളുടെ ഒ രു മഹാമാരിപോലെ അവ എൻെറ രാത്രികൾ ക്കു മീതെ തിമിർത്തു പെയ്തുകൊണ്ടി രുന്നു.

പിന്നീടെപ്പോഴൊ കണ്ണുനീരിൻെറ അഴിമു ഖവും മുറിച്ച് കടന്ന് അവൾ യാത്രയായപ്പോ ഴും ഞാൻ കിനാവുകൾക്ക് വേണ്ടി കാത്തു കിടക്കുകയായിരുന്നു. പച്ചയും, മഞ്ഞയും, വെളുപ്പും കലർന്നകിനാവുകൾക്ക് വേണ്ടി ദൂരെ അപ്പോഴും നിലാവ് പെയ്യുകയായി രുന്നു........

# മദ്ധ്യാഹ്നത്തിൽ അസ്തമിച്ച സൂര്യനേപോലെ

**പി. അക്ബറലി**



സ്വതസിദ്ധമായ ശൈലികൊണ്ട് കാണികളുടെ മനം കവർന്ന ബിജുവിൻെറ അന്ത്യം വേദനാജനകമായിരുന്നു.

ഫാറൂഖിൻെറ കളിക്കളത്തിൽ കളിച്ച് വളർന്ന്, പടവുകൾ ചവിട്ടിക്കയറി, ടീം ക്യാപ്റ്റനായി, യൂനിവേഴ്സിറ്റി താരമായി, കേരളാ ടീമിൻെറ ജേഴ്സിയണിഞ്ഞ ബിജു ഫാറൂക്കാബാദിൻെറ അഭിമാനമായിരുന്നു. കളിയിലെന്ന പോലെ, പെരുമാറ്റത്തിലും, അടക്കവും, ഒതുക്കവുമുള്ള ഒരു ശൈലിക്കുടമയായിരുന്നു ഈ ഫുട്ബോൾ കളിക്കാരൻ. ബിജുവിനെ ഒരിക്കലും "ബിജു ആനന്ദ്" എന്ന് ഗൗരവത്തോടെ വിളിക്കേണ്ടി വന്ന സന്ദർഭം എനിക്കുണ്ടായിട്ടില്ല. ഒരിക്കലും ശാസിക്കാൻ അവസരം ഉണ്ടാക്കാത്ത ശിഷ്യൻ ! വേഗതയുള്ള ആക്രമണത്തിലും പന്തടക്കത്തിലും ഈ കുട്ടി ശ്രദ്ധപിടിച്ചുപറ്റി.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫുട്ബോൾ ടൂർണമെൻറ് 1989 ൽ ഫാറൂഖിൻെറ മൈതാനത്ത് അരങ്ങേറിയ ദിവസം ബിജു കോളേജിന് വേണ്ടി കളിക്കുന്നു. തൻെറ ജീവിതത്തിൽ ഒരു വഴിത്തിരിവാകുമതെന്ന് ഒരു പക്ഷേ ബിജു തന്നെ പ്രതീക്ഷിച്ചിരിക്കാൻ ഇടയില്ല. BSc ഫൈനൽ വിദ്യാർത്ഥിയായ ബിജു അന്ന് കളിക്കളത്തിൽ കാഴ്ചവെച്ച ഫുട്ബോൾ വൈഭവം കാണികളെ ആവേശം കൊള്ളിച്ചു. കാണികളിലൊരാൾ അത് പ്രത്യേകം ശ്രിദ്ധിച്ചിരുന്നു. അത് മറ്റാരുമല്ല KDFA പ്രസിഡണ്ടായ ശ്രി. കെ.സി. ഹസ്സൻ കുട്ടി സാഹെബ് തന്നെ. കോളേജ് മാനേജിംഗ് കമ്മിറ്റി സിക്രട്ടറിയായ ആ മാന്യദേഹം ബിജു കളിയിൽ കാണിച്ച പ്രാഗൽഭ്യം മറ്റാരും പറയാതെ തന്നെ മനസ്സിലാക്കി. കൂടുതൽ അദ്ധ്യയന ദിവസങ്ങളും മൈതാനങ്ങളിൽ ചിലവഴിച്ച ബിജുവിൻെറ പരീക്ഷാഫലം പുറത്തുവന്നത് 1990 ലാണ്. MScക്ക് സ്പോർട്സ് ക്വാട്ടയില്ല. അഡ്മിഷൻ കൈയെത്താത്ത ദൂരം. വളരെ വിഷാദാത്മകനായി ബിജു അന്നെൻെറ സമീപം വന്നത് ഞാനിപ്പോഴും ഓർക്കുന്നു.MScക്ക്സീറ്റ് ശരിപ്പെടുത്തിക്കൊടുക്കണം. താമസിച്ചില്ല. ഹസ്സൻകുട്ടി സാഹിബിനെ അന്നുതന്നെ നേരിൽ കണ്ടു. വളരെ സന്തോഷപൂർവ്വം ആ സഹൃദയനായ ഫുട്ബോൾ പ്രേമി ബിജുവിന്ന് MScക്ക് സീറ്റുറപ്പിച്ചു. പി.ജി.വിദ്യാർത്ഥിയായിരിക്കുമ്പോൾ ബിജു യൂണിവേഴ്സിറ്റി ടീമിലും തുടർന്ന് സ്റ്റേറ്റ് ടീമിലും അംഗമായി. പിന്നീട് സെൻട്രൽ എക്സൈസിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

സന്തോഷം പങ്കിടാൻ മൂന്നാലു തവണ ബിജു എന്നെ വീട്ടിൽ വന്ന് സന്ദർശിച്ചത് ഞാൻ വേദനയോടെ ഓർക്കുന്നു. യൂണിവേഴ്സിറ്റി ടീമിൽ സെലക്ഷൻ കിട്ടിയപ്പോൾ, സ്റ്റേറ്റ്ടീമിൻെറ ജേഴ്സിയണിഞ്ഞപ്പോൾ, പിന്നീട് ജോലി കിട്ടിയപ്പോൾ, ഏറ്റവും അവസാനം മദ്രാസിൽ ഒരു ട്രെനിംഗിന് തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അന്നൊന്നും ഞാൻ ഓർത്തില്ല ആ ദീപം ഇത്രവേഗം പൊലിഞ്ഞുപോകുമെന്ന് - മദ്ധ്യാഹ്നത്തിൽ അസ്തമിച്ച സൂര്യനെപ്പോലെ!

# മലയാളികളെ സമ്പൂർണ്ണമായി നിരക്ഷരരാക്കുകയാണ് വേണ്ടത് ?

സിവിക് ചന്ദ്രൻ

നമ്മുടെ നാട്ടിൽ ഇപ്പോൾ അടിയന്തിരമായി വേണ്ടത് സമ്പൂർണ്ണ സാക്ഷരതയല്ല, സമ്പൂർണ്ണ നിരക്ഷരതയാണെന്ന വിയോജിപ്പ് രേഖപ്പെടുത്താൻ വേണ്ടിയാണ് ഈ ലേഖനം. നാം ജീവിക്കാനും അതിജീവിക്കാനും അർഹരാണെന്ന് തെളിയിക്കാൻ അടിയന്തിരമായി വേണ്ടത് മലയാളിയെ പുനർവിദ്യാഭ്യാസം ചെയ്യിക്കുകയാണ്. നാം പാഠപുസ്തകങ്ങളിൽ കോളേജുകളിലും സർവ്വകലാശാലകളിലും പഠിച്ചതുമുഴുവൻ തലതിരിച്ചു വായിച്ചു തീർക്കണം. സർവ്വമാന ന്യൂസ് സ്റ്റാൻഡുകളിലും തൂങ്ങിക്കിടക്കുന്ന കന്നുകാലിത്തീററകളിൽ നിന്ന് രക്ഷിക്കപ്പെടണം. വൈകുന്നേരങ്ങളിൽ മുമ്പിൽ പിടിച്ചിരുത്തി തലവിഷം തീററിച്ചു കൊണ്ടിരിക്കുന്ന മണ്ടൻ പെട്ടിയിൽ നിന്ന് മോചിപ്പിക്കപ്പെടണം. പിന്നീട് നാം കർഷകനോട്, കരകൗശല തൊഴിലാളിയോട്, ദലിതനോട് സ്ത്രീയോട്, കുട്ടികളോട്, മുത്തച്ഛനോടും, മുത്തശ്ശിയോടും സംസാരിച്ച് തുടങ്ങണം. അനുഭവങ്ങളിൽ നിന്ന്, യാഥാർത്ഥ്യങ്ങളിൽ നിന്ന് നിലത്തെഴുത്ത് പഠിച്ച് തുടങ്ങണം.

സാക്ഷരത അക്ഷര ജാഥയല്ല, ശാസ്ത്ര മാസാചരണത്തിലെ ക്ലാസ്സല്ല. ബാലററ്പേപ്പറിലെ കൗണ്ടർ ഫോയിലിൽ ഇനീഷ്യൽ ചെയ്യാനോ; പള്ളിക്കൂടത്തിലെ ഒരു കുമ്പിൾ ഉച്ചക്കഞ്ഞിക്ക് പേരെഴുതി ഒപ്പിട്ട് കൈപ്പററിയെന്ന് നന്ദി പ്രകാശിപ്പിക്കാനോ ഉള്ള ഒരു പാക്കേജ് പദ്ധതിയുമല്ല. സ്വന്തം അവസ്ഥയെ മാനുഷീകരിക്കാനും ഇരുട്ടിന്റെ ശക്തികളെ മറികടക്കാനുമുള്ള വ്യക്തിയുടെയും സമൂഹത്തിന്റെയും ഇച്ഛയെ ജ്വലിപ്പിക്കലാണത്. സാക്ഷരത രണ്ട് കണ്ണുകളും അല്ല, മൂന്നാം കണ്ണാണ്. അഞ്ച് ഇന്ദ്രിയങ്ങളുമല്ല, ആറാം ഇന്ദ്രിയമാണ്. നിൽക്കുന്ന തറയുടെ കനലും ചുഴലിയും അറിയലാണത്. നക്ഷത്രങ്ങളിൽ തന്നെ സ്വപ്നങ്ങളുടെ ഊഞ്ഞാലിടലാണത്.

അഭ്യസ്തവിദ്യനാണെന്നത് സാക്ഷരതയുടെ മാനദണ്ഡമാണോ? ചില മൂല്യങ്ങളുമായി ബന്ധപ്പെടുത്തിയാണ് നാം സംസാരിക്കുന്നതെങ്കിൽ, ചില തിരിച്ചറിവുകളും വകതിരിവുകളും വിവേകങ്ങളുമായി ബന്ധപ്പെടുത്തിയാണ് സംഭാഷണം നടത്തുന്നതെങ്കിൽ ഇക്കാര്യം ചോദ്യപ്പെടും. ഡോക്ടർ, എഞ്ചിനീയർ, പ്രൊഫസർ..... കുപ്പാ

യത്തിൻെറ നക്ഷത്ര ചിഹ്നമണിയുന്നവർ എല്ലാം വിദ്യാഭ്യാസം കൊണ്ട് സാക്ഷരരായിരിക്കേണ്ടതാണ്. എന്നാൽ അങ്ങിനെയാണോ? നമ്മുടെ ഡോക്ടർമാരെപ്പററി രോഗികൾ സംസാരിക്കട്ടെ. എഞ്ചിനീയർമാരെപ്പററി റോഡുകളും, പാലങ്ങളും, കെട്ടിടങ്ങളും സംസാരിക്കട്ടെ. ചിത്രകനെയും, എഴുത്തുകാരനേയും, കലാകാരനെയും, രാഷ്ട്രീയക്കാരനേയും പററി ജനങ്ങൾ സംസാരിക്കട്ടെ. അഭ്യസ്തവിദ്യരായിട്ടും സാക്ഷരർ ആവാത്തതിൻെറ മുദ്രകൾ ഇങ്ങിനെ തൊട്ടറിയുകയെവേണ്ടൂ.

എന്താണ് നമ്മുടെ മൂല്യങ്ങൾ? നാം എന്താണ് വായിക്കുന്നത്? നാമെങ്ങിനെയാണ് സംസാരിക്കുന്നത്? സഹജീവികളോട് നാം എങ്ങിനെയാണ് പെരുമാറുന്നത്? ആർത്തി എന്ന ഒരൊററ പദത്തിൻെറ പര്യായവും നാനാർത്ഥവുമായി നമ്മുടെ ശബ്ദകോശങ്ങൾ നിറഞ്ഞുപോയതെന്തേ? പാതകങ്ങളായ പാതകങ്ങളെല്ലാം നാം അഭ്യസ്ത വിദ്യരുടെ കൺമുമ്പിൽ വെച്ചാണ് നടക്കുന്നത്. ഒന്ന് പുരികം ചുളിക്കാനെങ്കിലും എന്തേ സർവ്വകലാശാലകളിൽ തുലച്ചുകളയുന്ന വർഷങ്ങൾ നമ്മെ പഠിപ്പിക്കുന്നില്ല? പാഠപുസ്തകങ്ങളും പരീക്ഷകളും പഠിപ്പിക്കുന്നത് 'ഞങ്ങൾ വെറും മാവിലായിക്കാരാ'ണെന്ന് കയ്യൊഴിയാനാണെന്നോ? 'ഇല്ല ഇതിലെനിക്ക് പങ്കില്ല' എന്ന് വിളിച്ച്പറയാൻ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൻെറയോ മാവേലി സ്റ്റോറിൻെറയോ, ഭൂമി ചുററുന്ന ക്യൂവിൽനിന്നൊരാൾ ഊഴം തെററിച്ച് വരുമെന്ന ഒരൊററ ആശ്വാസമോ ?

ബാലവാടികൾ മുതൽ സർവ്വകലാശാലകൾ വരെ നിർവ്വഹിക്കുന്നത് ഒരേ ദൗത്യം. ഈ കിരാതമായ വ്യവസ്ഥിതിയുമായി വ്യക്തിയെ സമരസപ്പെടുത്തുക. അവനെ പിളർത്തുക, ചിതറിക്കുക, മുണ്ഡനം ചെയ്യുക. വർത്തമാന പത്രങ്ങളും പൈങ്കിളി വാരികകളും ചവച്ചുതിന്നു ജീവിക്കുന്ന ഒരു ജനതയായി മലയാളികൾ തരംതാണുപോയതിൻെറ പ്രധാന ഉത്തരവാദിത്വം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിനാണ്. ഈ സരസ്വതീക്ഷേത്രങ്ങളുടെ കോളാമ്പിക്കലമ്പലുകൾ എത്താതെ ആരെങ്കിലും അവശേഷിക്കുന്നുവെങ്കിൽ അത് മുത്തശ്ശിമാരും, കാരണവന്മാരും, കുടിപ്പള്ളിക്കൂടം ആശാന്മാരും, അനുഭവങ്ങളും പ്രവൃത്തികളും പൂണ്ടി, മിത്തുകളും സ്വപ്നങ്ങളും തൊട്ട് ഹരിശ്രീ പഠിപ്പിക്കുന്ന അങ്ങകലെ എവിടെയോ ഉള്ള നാട്ടിൻപുറത്തിൻെറ ചാണകം മെഴുകിയ ഇത്തിരി വട്ടമാണ്. അവിടത്തെ ഇനിയും അമ്പേ വററിയിട്ടില്ലാത്ത നാട്ടുവെളിച്ചമാണ് മലയാളിയുടെ കുലം അന്യംവന്നുപോയിട്ടില്ലെന്നു വിളിച്ച് പറയേണ്ടത്. അവരുടെ നാടൻ നീതിബോധമാണ് നാളെ ആത്യന്തിക നിയമ സിംഹാസനങ്ങളെ തറ, പറ പഠിപ്പിക്കേണ്ടത്, സുപ്രീം കോടതി ചീഫ് ജസ്ററീസ് ആദിവാസിക്കുന്നിലെ നാട്ടുകൂട്ടത്തിൽനിന്നും. ഡോ, എം. എസ്. സ്വാമിനാഥൻ ജോൺ എബ്രഹാം കുമരകത്തിൻെറ കുഴിമാടത്തിൽ നിന്നും നാളെ നിലത്തെഴുത്ത് പഠിക്കേണ്ടിവരികതന്നെചെയ്യും.

# മലയാളികളുടെ മാനസികാടിമത്തം

## എം. പി. ബഷീർ

ഒരു കുഞ്ഞ് അമ്മയുടെ മാറിടത്തെ അള്ളിപ്പിടിക്കുന്നത് പോലെ ഞാൻ എന്റെ മാതൃഭാഷയോട് ചേർന്നുനിൽക്കും--ഇങ്ങനെ പറഞ്ഞത് ഗാന്ധിജിയാണ്. വിദേശനിർമ്മിത സിൽക്കുകൊണ്ട് ഗാന്ധിത്തൊപ്പിയുണ്ടാക്കി കണ്ണാടിക്കൂട്ടിൽ കാഴ്ചവസ്തുവാക്കുകയും ഗാന്ധിയൻ സൂക്തങ്ങൾക്ക് പുതിയ പാരഡി കണ്ടെത്തുകയും ചെയ്ത നാം മറ്റെല്ലാറ്റിനേയും പോലെ നമ്മുടെ മാതൃഭാഷയേയും വിൽപ്പനക്ക് വെച്ചിരിക്കയാണ്. മലയാളം സംസാരിച്ചതിന് അധ്യാപകരാൽ ശിക്ഷിക്കപ്പെടുകയെന്നത് മാധവിക്കുട്ടിയുടെ മാത്രം ബാല്യകാല സ്മരണയായാണ് ഇന്നലെവരെ നാം കണ്ടത്. ഇന്നോ, അമ്മിഞ്ഞപ്പാലിനോടൊപ്പം നാം നുകർന്ന മധുരമായ ഭാഷ അബദ്ധത്തിൽ സംസാരിച്ചുപോയതിന് മുണ്ഡനം ചെയ്യപ്പെട്ട തലയും, കഴുത്തിൽ ചാർത്തപ്പെട്ട ചിരട്ടമാലയും ഓരോ മലയാളിയുടേയും അനുഭവമായി മാറുന്നു.

ഒരു സമൂഹത്തിന്റെ സ്വാതന്ത്ര്യമെന്നത് രാഷ്ട്രീയ മേൽക്കോയ്മയുടെ അഭാവം മാത്രമല്ല. അന്യായമായി നമ്മെ അടിമകളാക്കിവച്ച ചിന്തകളിൽനിന്നും വിചാരങ്ങളിൽനിന്നുമുള്ള മോചനം കൂടിയാണ്. അനുഭൂതിയുടെ മണ്ഡലത്തിലെ ഈ സ്വാതന്ത്ര്യം ഇനിയും നാം നേടേണ്ടതുണ്ട്. സംസ്കാരം ഒരു വടവൃക്ഷം പോലെയാണ്. ആഴത്തിലേക്ക് വേരൂന്നുന്നതിനനുസരിച്ചേ അതിന് ആകാശത്ത് തലയുയർത്തി നില്ക്കാനാവൂ. പാരമ്പര്യത്തിന്റെ നാരായവേരറ്റുപോയാൽ ഏതൊരു സമൂഹവും പൊങ്ങുതടിയാവും. നമ്മെ ഇതര ജനതകളിൽനിന്നു സവിശേഷമായി വേർതിരിച്ചുനിർത്തേണ്ട സ്വത്വബോധം നമുക്കിടയിൽ ചോർന്നുപോകുന്നുവോ? ഇനിയവശേഷിക്കുന്നത് മലയാളി എന്ന ഒരു ബോർഡ് മാത്രമാണ്. ചാരായക്കടയ്ക്ക് 'മഹാത്മാഗാന്ധി വിലാസം മധുശാല' എന്ന് പേരിടുന്ന നമുക്ക് ഇതും ഭൂഷണമാകാം.

ഒരു ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് എതിർക്കപ്പെടേണ്ട ഒന്നല്ല. നൂറ്റാണ്ടുകളോളം നമ്മെ അടിമകളാക്കിവെച്ച വെള്ളക്കാരന്റെ ഭാഷയാണ് ഇംഗ്ലീഷ് എന്നതും ഇനിമേൽ ഇന്ത്യൻ മനസ്സിന്റെ സ്വാസ്ഥ്യം കെടുത്തേണ്ടതില്ല. എന്നാൽ കാര്യങ്ങൾ ഇവിടം കൊണ്ടവസാനിക്കുന്നില്ല. ഭാഷാപഠനം എന്ന നിലവിട്ട് സാംസ്കാരിക ദാസ്യം എന്ന നിലയിലേക്കുള്ള ഇന്നത്തെ പോക്ക് ആത്മാഭിമാനമുള്ള ഏതൊരു മലയാളിയുടെയും ഉറക്കം കെടുത്താൻമാത്രം ഗൗരവമുള്ളതാണ്. അമ്മിഞ്ഞപ്പാലിനോടൊപ്പം നുകർന്നു ശീലിച്ച ഭാഷ വർജിക്കണമെന്നും പകരം ഇംഗ്ലീഷ് ആർജ്ജിക്കണമെന്നുമുള്ള ശാഠ്യം നമ്മുടെ സാംസ്കാരിക ദാസ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇംഗ്ലീഷുകാരന്റെ രാഷ്ട്രീയ മേധാവിത്വം ഉപേക്ഷിച്ച നാം അവന്റെ സാംസ്കാരിക മേധാവിത്വത്തിൽനിന്ന് ഇനിയും മോചിതരായിട്ടില്ല. നമുക്കിന്നും ഇംഗ്ലീഷ് സംസാരിക്കുന്നവർ കേമൻമാരും മലയാളം സംസാരിക്കുന്നവർ മോശക്കാരുമാണ്. ബ്രിട്ടനിലെ ഏതൊരു തെരുവു തെണ്ടിയും നമ്മെക്കാൾ മനോഹരമായി ഇംഗ്ലീഷ് സംസാരിക്കും. പക്ഷെ അങ്ങനെയെങ്കിലും ഇംഗ്ലീഷ് സംസാരിക്കാത്തവൻ ഇവിടെ തെരുവ് തെണ്ടിപ്പോകും. ഇംഗ്ലീഷിൽ നാലുവാക്ക് ചതുരമായി സംസാരിക്കുകയെന്നത് ഇന്നും നമുക്കിടയിൽ മാന്യതയുടേയും വിദ്യാഭ്യാസത്തിന്റേയും ലക്ഷണമായി ഗണിക്കപ്പെടുന്നു. യജമാനന്റെ ഭാഷയോട് അടിമയ്ക്കുണ്ടാകുന്ന വിധേയത്വവും ആരാധനാഭാവവുമാണ് ഇന്ന് മലയാളി

ക്ക് ഇംഗ്ലീഷിനോടുള്ളത്. മാതൃഭാഷയോടുള്ള അവഗണനയും ഇംഗ്ലീഷിനോടുള്ള അമിതമായ ആരാധനയും മലയാളിയെ കൊണ്ടെത്തിച്ചിരിക്കുന്നത് കരകയറാൻ എളുപ്പമല്ലാത്ത ഗർത്തത്തിലാണ്.

സിവിൽ സർവ്വീസ് പരീക്ഷകളിൽ നമുക്ക് സംഭവിക്കുന്ന പരാജയത്തിനു കാരണം ഇംഗ്ലീഷ്‌വിജ്ഞാനത്തിൻെറ കടുപ്പക്കുറവാണെന്ന് പറയപ്പെടാറുണ്ട്. ഇതു കേട്ടാൽ തോന്നുക, വർഷത്തിൽ ഒന്നോ രണ്ടോ ഐ. ഏ എസുകാരെ സൃഷ്ടിക്കാൻവേണ്ടി മാത്രമാണ് റവന്യൂ വരുമാനത്തിൻെറ സിംഹഭാഗവും മുടക്കി നാം വിദ്യാഭ്യാസരംഗത്തെ പോററുന്നത് എന്നാണ്. ഇന്നത്തെപോലെ മുക്കിന് മുക്കിന് ഇംഗ്ലീഷ്‌മീഡിയം സ്ക്കൂളുകളില്ലാതിരുന്ന പഴയകാലത്ത് മലയാളികൾ അഖിലേന്ത്യാ പരീക്ഷകളിൽ ഉന്നത സ്ഥാനീയരായിരുന്നുവെന്ന് ഓർക്കുക. പിന്നെ എന്താണ് ഈ പിന്നോക്കത്തിന് കാരണം ? ഈ ചോദ്യത്തിന് അധികമാരും ഉത്തരം നൽകികണ്ടിട്ടില്ല.

അറിവെന്നാൽ വസ്തുതകളുടെ സമാഹാരം മാത്രമല്ല, വിഷയത്തെക്കുറിച്ചുള്ള അഗാധമായ അവബോധം കൂടിയാണ്. ഏതൊരാൾക്കും അവനവൻെറ ഭാഷയിലൂടെ മാത്രമേ ചിന്തിക്കാനാവൂ. ഒരുവൻെറ ഭാവന കരുപ്പിടിയ്ക്കുന്നത് സ്വന്തം ഭാഷയിലൂടെയാണ്. ആ ഭാഷ അവന് ശൈശവത്തിലേ നിഷേധിക്കപ്പെട്ടാൽ ചിന്താശേഷി ചോർന്നുപോവുകയാകും ഫലം. അഖിലേന്ത്യാ സർവ്വീസുകളിൽ കേരളീയർക്ക് പ്രാതിനിധ്യം കുറയുന്നത് നമ്മുടെ വിദ്യാർത്ഥികൾ ബൗദ്ധികമായ തൻേറടം ആർജ്ജിക്കാത്തത്കൊണ്ടാണ്. അന്യഭാഷയിലൂടെയുള്ള പഠനം പൂർണ്ണമായ വിഷയഗ്രഹണത്തിന് തടസ്സമാകുന്നു.

ശാസ്ത്രപഠനത്തിനാവശ്യമായ സാങ്കേതിക പദങ്ങളുടെ അഭാവം ഉന്നതവിദ്യാഭ്യാസരംഗത്ത് ഇംഗ്ലീഷിനനുകൂലമായും മലയാളത്തിനെതിരായും ചൂണ്ടിക്കാണിക്കപ്പെടുന്നു. ശരിയാണ്. മലയാളത്തിൽ ഇംഗ്ലീഷിനെ അപേക്ഷിച്ച് സാങ്കേതികപദങ്ങൾ കുറവാണ്. പക്ഷേ ഒരു ചോദ്യം: ഈ കുറവ് നികത്തേണ്ടത് ആരാണ് ? നമുക്ക് വേണ്ടി ഗുണ്ടർട്ട് സായിപ് നിഘണ്ടു നിർമ്മിക്കുന്ന കാലം കഴിഞ്ഞുപോയിരിക്കുന്നു. മലയാളത്തിൻെറ ബലഹീനതകൾ പരിഹരിക്കേണ്ടത് മലയാളിയല്ലാതെ മററാരുമല്ല. ഒരു ഭാഷയിലും സാങ്കേതികപദങ്ങൾ ആകാശത്ത് നിന്ന് പൊട്ടിവീഴുന്നവയല്ല. ജനതയുടെ നിരന്തരമായ ഉപയോഗം നിമിത്തമാണ് അവയുണ്ടാകുന്നത്. ഇംഗ്ലീഷിൽ ശാസ്ത്രപഠനം നടത്തുന്നവർക്കേ പുരോഗതിയുണ്ടാകു എന്ന ധാരണ ശരിയല്ല. ശാസ്ത്ര മേഖലയിലെ നേട്ടങ്ങളുടെ കാര്യത്തിൽ അമേരിക്കയെപ്പോലും അതിശയിക്കുന്ന ജപ്പാനിലും ചൈനയിലും ഇംഗ്ലീഷിലല്ല, പ്രത്യുത മാതൃഭാഷയിലാണ് ശാസ്ത്രപഠനം നടക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്ത് നിന്ന് 'പട്ടിതൊട്ടകലം'പോലെ മാററിനിർത്തിയാൽ പിന്നെങ്ങനെയാണ് മലയാളത്തിൽ സാങ്കേതികപദങ്ങളുണ്ടാവുക ?

കേരളത്തിലെ ഭരണഭാഷ മലയാളമാക്കണമെന്ന ആവശ്യത്തിന് ഏറെ കാലപ്പഴക്കമുണ്ട്. ഇത് ജനാധിപത്യപരമായ ഒരു അവകാശം കൂടിയാണ്. ജനങ്ങളിൽ മഹാഭൂരിപക്ഷത്തിന്നും അപ്രാപ്യമായ ഒരു ഭാഷയിൽ അവർ ഭരിക്കപ്പെടുകയെന്നത് ജനാധിപത്യവ്യവസ്ഥക്ക് ക്ഷന്തവ്യമല്ല. ഭരണവുമായി ബന്ധപ്പെട്ട എല്ലാ മണ്ഡലങ്ങളിൽ നിന്നും ഇതു പൊതുജനത്തെ മാററിനിർത്തുന്നു. ബ്യൂറോക്രസിയുടെ രാക്ഷസീയമായ വളർച്ചയ്ക്കും ഇതു നിമിത്തമാകാം. മാതൃഭാഷ മാതാവിനെപ്പോലെ ആദരിക്കപ്പെടണം. ഇവിടെ ആദരിക്കുന്നത് പോകട്ടെ, അപമാനിക്കാതിരിക്കുകയെങ്കിലും വേണം. ''ഒരു കുട്ടി താഴ്ന്ന ക്ലാസിൽ മലയാളം സംസാരിച്ചതിൻെറ പേരിൽ ശിക്ഷ നടപ്പാക്കുന്ന വിദ്യാലയാധികൃതർക്ക് ദേശീയഗാനത്തേയോ, ദേശീയ പതാകയേയോ അപമാനിച്ചാൽ നൽകപ്പെടുന്നതിന് തുല്യായ ശിക്ഷ നൽകണം''—ശ്രീ. ഒ. എൻ. വി. കുറുപ്പിൻെറ വാക്കുകൾ ഏറെ പ്രസക്തമാണ്.

ഉത്ബുദ്ധരെന്നും സംസ്കൃതരെന്നും കാലാകാലങ്ങളിൽ മലയാളി സ്വയം അണിഞ്ഞ കിരീടങ്ങളൊക്കെയും കാപട്യമായിരുന്നു. വിയർപ്പിൻെറ ഗന്ധമില്ലാത്ത ഒരു ജോലിക്ക് വേണ്ടി അമ്മയെ വിൽക്കാനും നാം ഒരുക്കമാണ്. ഓണക്കാലത്ത് മഞ്ഞൾപൊടിയും വെള്ളീറും ചേർത്ത് നാം ഒരുക്കുന്ന 'പൂക്കളങ്ങ'ളിൽ മാത്രമാണ് മലയാളി ജീവിക്കുന്നത്. ഇതൊക്കെ കാണുമ്പോൾ ചില പിന്തിരിപ്പൻമാർ ചോദിച്ചുപോകുന്നു. മലയാളിയും മരിയ്ക്കുന്നുവോ ?

# മാർക്സിസം, കല, സംസ്കാരം

## ജാവേദ് പർവേഷ് കെ. കെ.

മാർക്സിസത്തിന്നേററ പരാജയത്തിൻെറ കാരണം ഭരണകർത്താക്കളുടെ പ്രയോഗവൽക്കരണത്തിലാണെന്നും, സൈദ്ധാന്തിക തലത്തിലല്ലെന്നുമാണ് ഇപ്പോഴും മാർക്സിസത്തെ പിന്തുടരുന്ന ഇന്ത്യയിലെ കമ്മ്യൂണിസ്ററുകൾ വിശ്വസിക്കുന്നത്. അതുപോലെ തന്നെ കേരളത്തിലെ മാർക്സിസത്തിൻെറ വളർച്ചയും പാരമ്പര്യകലകളോടുള്ള അതിൻെറ എതിർപ്പും അതിനോടനുബന്ധിച്ചുണ്ടായ സാഹിത്യ-സാംസ്കാരിക രംഗത്തെ ശൂന്യതയുമാണ് കേരളത്തിലെ പൈങ്കിളി പ്രസ്ഥാനത്തിന്ന് പടർന്നുകയറാൻ ഊർജ്ജം നൽകിയത് എന്ന വാദവുമുണ്ട്. വസ്തുതകൾ കൂടുതൽ അടിസ്ഥാനപരമായി അപഗ്രഥിക്കേണ്ടിയിരിക്കുന്നു.

എവിടെവെച്ചാണ് സാംസ്കാരിക നവോത്ഥാനം മാർക്സിസത്തിന് അന്യമായത് ? എങ്ങനെയാണ് സർഗ്ഗസാഹിത്യവും മാർക്സിസവും ബദ്ധവൈരികളായത് ? പ്രശ്നം മൗലികമാണ്, നാസ്തികതയും ആസ്തികതയും തമ്മിലുള്ളതാണ്.

### നാസ്തികതയും ആസ്തികതയും :

ചരിത്രത്തിലിന്നോളം പ്രത്യയശാസ്ത്രങ്ങളും ദർശനങ്ങളുമെല്ലാം അടിസ്ഥാനപരമായി രണ്ടു ധ്രുവങ്ങളിലായിരുന്നു. ഭൗതിക വസ്തുക്കൾക്കപ്പുറമുള്ള മറെറാന്നിനും സാദ്ധ്യത കൽപ്പിക്കാത്ത നാസ്തികത ഒരു വശത്തും, ഭൗതിക യാഥാർത്ഥ്യങ്ങൾക്കുപരിയായ സത്തയെക്കുറിച്ചുള്ള അന്വേഷണം തുടർന്ന ആസ്തികത മറെറാരു വശത്തുമായി ഈ ദർശനങ്ങളെ നയിച്ചു. ആസ്തികവാദികൾ സത്തയെ തേടിയലഞ്ഞു. അലച്ചിലിൽ സർഗ്ഗസാഹിത്യങ്ങൾ രൂപംകൊണ്ടു. സത്തയെ നിഷേധിച്ച ഭൗതികതക്ക് കലക്കു രൂപം നൽകാനാവില്ല. മറിച്ച് ഭൗതികസത്യങ്ങൾക്കു വേണ്ടിയുള്ള അന്വേഷണങ്ങൾ ശാസ്ത്രമായി. അടിസ്ഥാനപരമായി നാസ്തികത സത്തയെ നിഷേധിക്കുകയും ഭൗതികതയെ പുണരുകയും ചെയ്തതിൻഫലമായി കലയെ കൈയൊഴികയും ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മാർക്സിസം നാസ്തികതയെ അടിസ്ഥാനമാക്കിയ നിമിഷത്തിൽ തന്നെയാണ് കലയും സാഹിത്യവും അതിന്ന് അന്യമായത്. പ്രസക്തമായ ഒരു ചോദ്യം ഇവിടെ ഉയരാം. കൊടും നാസ്തികരായ ഉജ്ജ്വല കലാകാരൻമാർ ഈ വാദത്തിന് അപവാദമല്ലേ ?

ഉത്തരം ലളിതമാണ് ആത്മീയവാദികൾക്ക് ഭൗതിക നിയമങ്ങളിൽ നിന്നൊഴിഞ്ഞു നിൽക്കാൻ സാധിക്കാത്തത് പോലെ തീവ്രഭൗതികവാദികൾക്കു പോലും സത്തയിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ സാധ്യമല്ല. അവർക്കതിനെക്കുറിച്ച് അജ്ഞരാവാനും അതിനെ നിഷേധിക്കാനും സാദ്ധ്യമാണെങ്കിൽ കൂടി. തള്ളിപ്പറഞ്ഞിട്ടും വേറിട്ടുപോവാത്ത ആത്മാവ്-സത്ത ഇതാണ് പ്രസ്തുത കലയുടെ സ്രോതസ്സ്. നാസ്തിക പ്രസ്ഥാനങ്ങളും കലയും തമ്മിലുള്ള ഈ ശാത്രവത്തിൻെറ ശക്തമായ ഉദാഹരണമാണ് സോവിയററ് യൂണിയൻ. വിപ്ലവത്തിന്നു മുമ്പുള്ള റഷ്യൻ സാഹിത്യവും കലയും വിശ്വോത്തരങ്ങളായിരുന്നില്ലേ? വിപ്ലവാനന്തര റഷ്യൻ സാഹിത്യം ആദ്യത്തേതിൻെറ ഒരു വിളറിയ നിഴൽ മാത്രമായതെന്തുകൊണ്ട് ? ഒററപ്പെട്ട ഉദാഹരണങ്ങൾ ഉണ്ടായിട്ടില്ലെന്നല്ല. പക്ഷെ കൂലിയെഴുത്തുകാരൊഴിച്ചുള്ളവർ കലാവിരുദ്ധമായ സാഹചര്യത്തിൽ കാരാഗൃഹത്തിലടക്കപ്പെടുകയോ, നാടുകടത്തപ്പെടുകയോ ചെയ്യപ്പെട്ടു!!

### പുതിയ മനുഷ്യനെ സൃഷ്ടിക്കേണ്ടതാര് ?

ആത്മീയതയും സത്തയും കലക്കു ജന്മം നൽകുന്നു, കല സംസ്കാരത്തെ പരിപോഷിപ്പിക്കുന്നു അതേ സമയം ഭൗതികത ശാസ്ത്രത്തെ പ്രോത്സാഹിപ്പിക്കുന്നു, ശാസ്ത്രമാകട്ടെ നാഗരികതയെ വളർത്തുന്നു'' (അലിജാ അലിഇസ്സത്ത് ബെഗോവിച്ച് **Islam Between East and West**).

ആശയം വ്യക്തമാണ്, മനുഷ്യൻെറ ആന്തരിക പ്രതിഭാസങ്ങളെ നിഷേധിക്കുന്ന ഒരു ഭൗതിക പ്രസ്ഥാനത്തിന്ന്, ആ ആന്തരിക ചോദനകളെ നിയന്ത്രിക്കാൻ സാധ്യമല്ലതന്നെ. മനസിൻെറ അസ്തിത്വത്തെ ചോദ്യം ചെയ്യുന്നവർക്ക് വ്യക്തിയുടെ മാനസികഗുണങ്ങളെ പററിയും വാചാലരാവുക സാധ്യമല്ല. വൈയക്തികമായ മാനസികനിലയുടെ സാമൂഹ്യപ്രതിഫലനമാണല്ലോ സംസ്കാരം ! അതുകൊണ്ടുതന്നെ ആത്മാവ്, മനസ് എന്നിവയുടെ കൂടെ സംസ്കാരവും ഒരു യഥാർത്ഥ നാസ്തിക പ്രസ്ഥാനത്തിന്ന് അപ്രാപ്യമാവുന്നു. നേരെ മറിച്ച് ശാസ്ത്രം വളർത്തുന്ന ഭൗതികമായ ഒരു സംവിധാനമാണ് നാഗരികത (പലപ്പോഴും ഇത് ഭൗതിക 'സംസ്കാരം' എന്ന് തെററായി പ്രയോഗിക്കപ്പെടാറുണ്ട്.)

നാഗരികത ഭൗതികമായി മാത്രം ചിന്തിക്കുന്നു. അത് മനുഷ്യനെ സമൂഹത്തിലെ കേവലം അംഗമായികാണുന്നു. സാമ്പത്തിക, ഉൽപാദന വിതരണ ഉപഭോഗ ശൃംഖലയിൽ പരിഗണിക്കപ്പെടേണ്ട ഒരു കണ്ണിമാത്രം ! വ്യക്തികളുടെ പ്രാധാന്യം സ്ഥിതിവിവരകണക്കുകൾക്കുപരിയായ മറെറാന്നുമല്ല !

# മതവും മിത്തും



മനുഷ്യൻെറ സാമൂഹ്യാബോധമനസി
അനാവരണം ചെയ്യുന്ന മിത്തുകൾക്ക് (myth
രൂപം നൽകാതെ ഒരു സമുദായവും കടന്ന
പോയിട്ടില്ല. വ്യക്തിയുടെ മിത്താണ് സ
പ്നമെങ്കിൽ സമൂഹത്തിൻെറ സ്വപ്നമാണ
മിത്ത് എന്ന് പറയാം. അർനോൾ
ടോയൻബി പറഞ്ഞത് പോലെ ചരിത്രത്തി
മിത്തും മിത്തിൽ ചരിത്രവുമുണ്ട്. ഐതി
ത്തിലും കെട്ടുകഥയിലും കവിഞ്ഞ ഒരു
ത്യേക മണ്ഡലത്തിലൂടെ അതു കടന്നു
കുന്നു. ആകാശഭൂമികൾ, സ്വർഗനരകങ്ങ
മനുഷ്യജീവിതം, അന്തിമവിധി, പിശാ
ദൈവം, ദൈവദൂതൻമാർ, അന്തിമവിചാര
ഇങ്ങിനെ മതപരവും അല്ലാത്തതുമായ നൂ
നൂറു കാര്യങ്ങളെക്കുറിച്ച് മിത്തുകളുണ

ജമാൽ കൊച്ചങ്ങാടി

ആദിമ മനുഷ്യരുടെ മതാവബോധത്തിന്റെയും ദാർശനിക ഭാവനയുടെയും വേരുകൾ അവയിൽ കാണാം. അവ യുക്തിസഹമായിക്കൊള്ളണമെന്നില്ല. പലപ്പോഴും അന്ധവിശ്വാസജഡിലമാണുതാനും. എന്നാൽ വ്യാകരണമില്ലാത്ത സാഹിത്യസൃഷ്ടികളാണവ. താർക്കിക യുക്തിയില്ലാത്ത ഫിലോസഫിയും. മനുഷ്യമനസിന്റെ ആദ്യകാലവിചാരങ്ങൾ വായിച്ചെടുക്കുവാൻ അവ പ്രയോജനപ്പെടുന്നു. അതുകൊണ്ടാണ് സാംസ്കാരിക നരവംശശാസ്ത്രജ്ഞൻമാർ മിത്തുകളെക്കുറിച്ചുള്ള പഠനത്തിൽ താൽപര്യം കാണിക്കുന്നത്.

എം. ഗോവിന്ദൻ പറയുന്നു "മിത്തുകൾ മനുഷ്യവർഗത്തിന്റെ ബാലചാപല്യങ്ങളാണെന്ന നിഗമനം സ്വീകരിക്കുമ്പോൾ ഒരു കാര്യത്തിൽ കൂടി നാം യോജിക്കേണ്ടിയിരിക്കുന്നു. പ്രായപൂർത്തി വന്നാലും ഏറെക്കുറെ നിലനിൽക്കുന്നതാണ് ആ ചാപല്യങ്ങളിൽ ചിലതെങ്കിലും."

നിഗൂഢമായ പ്രാപഞ്ചിക പ്രതിഭാസങ്ങൾ എന്നും മനുഷ്യനെ വിസ്മയിപ്പിച്ചു കൊണ്ടിരിന്നു. ഈ വിസ്തൃതമായ ബ്രഹ്മാണ്ഡത്തിന് ഒരു തുടക്കമുണ്ടായിരുന്നില്ലേ? സങ്കീർണമായ ഈ പ്രപഞ്ചഘടനയുടെ പിന്നിലുള്ള നിഗൂഢരഹസ്യങ്ങളെന്താണ്? ഈ ചോദ്യങ്ങൾ ശാസ്ത്രജ്ഞനെയും, ദാർശനികനേയും അധ്യാത്മിക ചിന്തകനെയും വ്യത്യസ്ത മേഖലകളിലാവാം എത്തിക്കുന്നത്. പണ്ട് പണ്ട്, കാലത്തിന്റെ ഏതോ നാടകീയ മുഹൂർത്തത്തിൽ, ഒരു മഹാവിസ്ഫോടനമുണ്ടായി— ദിബിഗ്ബാങ്! അങ്ങിനെയാണ് ജീവനും ചലനവും ഉണ്ടായതെന്ന് ശാസ്ത്രം പറയുമ്പോഴും ദാർശനികൻ കാരണമില്ലാത്ത ആദിശക്തിയെ ഉൾക്കണ്ണുകളിൽ കണ്ട് കൈ കൂപ്പി നിൽക്കും. യുക്തിഭദ്രമായ നിഗമനങ്ങളിലെത്താൻ അവരെ സഹായിച്ചത് മന്വന്തരങ്ങളിലൂടെ നടത്തിയ ജിജ്ഞാസാഭരിതമായ അന്വേഷണങ്ങളാണ്.

മനുഷ്യചിന്ത വികാസം പ്രാപിച്ചിട്ടില്ലാതിരുന്ന ചരിത്രത്തിന്റെ ശൈശവഘട്ടങ്ങളിലും പക്ഷെ, ഈ പ്രാപഞ്ചിക വിസ്മയങ്ങളുടെ രഹസ്യമറിയാനുള്ള ആകാംക്ഷ അവനുണ്ടായിരുന്നു. ഓരോ പ്രതിഭാസത്തെയും കുറിച്ച് ഭാവനാസമൃദ്ധമായ കഥകൾ മെനഞ്ഞെടുക്കുവാനും, അങ്ങനെ പ്രപഞ്ചസംവിധാനത്തിനും ജീവിതത്തിനും അർത്ഥതലങ്ങൾ കണ്ടെത്തുവാനും, ബോധപൂർവമല്ലെങ്കിൽ കൂടി അന്നേ അവൻ ശ്രമിച്ചു തുടങ്ങി. അവ യുക്തിരഹിതമായിരിക്കാം. അന്ധവിശ്വാസജഡിലമായിരിക്കാം എന്നാൽ മനുഷ്യചിന്തയുടെ പ്രഭവാങ്കുരങ്ങളിലേക്ക് വെളിച്ചം വീശുവാൻ അത്തരം മിത്തുകൾ സഹായിക്കുന്നു. സാമൂഹിക മനുഷ്യന്റെ അബോധ മനസിനെയാണല്ലോ മിത്തുകൾ അനാവരണം ചെയ്യുന്നത്.

സഹസ്രാബ്ദങ്ങൾക്കു മുൻപ് ഋഗ്വേദകാലത്തിന്റെ ആത്മാവിൽ നിന്നു പ്രണവമന്ത്രമെന്നോണമുയർന്ന ചോദ്യങ്ങളിൽ നിറഞ്ഞുനിന്നത് ഈ ജിജ്ഞാസയാണ്.

"അപ്പോൾ അസത്തും സത്തും ഇല്ലായിരുന്നു. വായുമണ്ഡലമില്ല അതിനപ്പുറം ആകാശവുമില്ല ഇവിടെ മൂടിക്കിടന്നത് ഏതൊന്നാണ്? അഭയമരുളിയത് ഏതൊന്നാണ്? അവിടെ വെള്ളമുണ്ടായിരുന്നോ? നൂലെത്താത്ത നീർക്കയം."

"മരണം അന്നില്ല, അമരത്വമുള്ളതും ഒന്നുമില്ല. ദിനരാത്രഭേദങ്ങളെ കുറിക്കുന്ന ഒരടയാളവുമില്ല ശ്വാസമില്ലാത്ത അതൊന്ന് മാത്രം സ്വഭാവേന ശ്വസിച്ചു. അതിൽനിന്നന്യമായി യാതൊന്നും തന്നെയില്ല."

"ഇരുട്ടുണ്ട്. ആദ്യം ഇരുട്ടിൽ മറഞ്ഞ് ഇതൊക്കെയും അവ്യതിരിക്തമായ അമൂർത്ത പ്രകൃതിയായിക്കിടക്കുന്നു. അന്നുള്ളതൊക്കെയും ശൂന്യവും അരൂപവുമാണ്. ആ ഒന്ന് ജനിച്ചത് ഊഷ്മാവിന്റെ മഹാശക്തി നിമിത്തമാണ്. അതിനുശേഷം ഇച്ഛ ഉണ്ടായി. ചൈതന്യത്തിന്റെ പ്രഥമബീജവും അങ്കുരവുമായ ഇച്ഛ." (സൃഷ്ടിഗീതം—ഋഗ്വേദം)

പഴയ നിയമത്തിലെ ആദ്യപുസ്തകമായ ഉൽപത്തി ആരംഭിക്കുന്നതുതന്നെ പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുള്ള വിവരണത്തോടെയാണ്.

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി ശൂന്യവും ആഴം അന്ധകാരാവൃതവുമായിരുന്നു. ദൈവാത്മാവ് ജലത്തിൽ പ്രവർത്തിച്ചു. 'പ്രകാശം' ഉണ്ടാവട്ടെ—ദൈവം അരുളിച്ചെയ്തു പ്രകാശം ഉണ്ടാവുകയും ചെയ്തു.

"വെളിച്ചം നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു. പ്രകാശത്തെ അന്ധകാരത്തിൽനിന്ന് അവിടുന്ന് വേർപെടുത്തി. പ്രകാശത്തെ പകലെന്നും, അന്ധകാരത്തെ രാത്രിയെന്നും അവിടുന്ന് വിളിച്ചു. അങ്ങനെ സന്ധ്യയായി ഉഷസ്സായി ഒന്നാം ദിവസം

രണ്ടാം ദിവസം ആകാശത്തെയും ആഴിയെയും സൃഷ്ടിച്ചു. അങ്ങനെ 'ജലങ്ങളെ' വേർതിരിച്ചു, ആകാശത്തിൻ കീഴിലുള്ള

വരണ്ട സ്ഥലത്തിനു ഭൂമിയെന്നും മറേറതിനു സമുദ്രമെന്നും പേർ വിളിച്ചു. പിന്നെ പുൽച്ചെടികളും ഫലവൃക്ഷങ്ങളുമുണ്ടായി. നക്ഷത്രങ്ങളും സൂര്യചന്ദ്രൻമാരും ഉണ്ടായി. പക്ഷികളും മൽസ്യങ്ങളുമുണ്ടായി. ഒടുവിൽ ദൈവം സ്വന്തം ഛായയിൽ മനുഷ്യനെയും അവൻെറ വാരിയെല്ലിൽനിന്ന് സ്ത്രീയെയും സൃഷ്ടിച്ചു''.

പഴയ നിയമത്തിലെ ഈ സൃഷ്ടികഥ അൽപസ്വൽപം ഭേദഗതികളോടെ എല്ലാ സെമിററിക് മതങ്ങളും അംഗീകരിക്കുന്നു. ഖുർ-ആൻ പറയുന്നു ''ആകാശങ്ങളും ഭൂമിയും (ആരംഭദശയിൽ) പരസ്പരം ഒട്ടിച്ചേർന്നു നില്ക്കുകയായിരുന്നു. പിന്നീട് അവയെ നാം വേർപെടുത്തി. ജീവനുള്ള എല്ലാ വസ്തുക്കളെയും വെള്ളത്തിൽനിന്നും നാം സൃഷ്ടിക്കുകയും ചെയ്തു.'' ആറു ദിവസങ്ങളിലായി സൃഷ്ടിപ്രക്രിയ പൂർത്തിയാക്കി ദൈവം വിശ്രമിച്ചു എന്നാണല്ലോ ബൈബിൾ പറയുന്നത്. ഖുർ-ആൻ വ്യക്തമാക്കുന്നു ''ആറു ദശകളിലായി ആകാശഭൂമികളെ സൃഷ്ടിച്ച അല്ലാഹു തന്നെയാണ് നിങ്ങളുടെ സൃഷ്ടാവ്''.

ദിവസങ്ങളെ കുറിച്ച ബൈബിൾ വിവരണം ഇരുപത്തിനാലുമണിക്കൂറിൻെറ സാധാരണ നിർവചനത്തിന്നതീതമാണെന്നു വ്യക്തം. ജീവൻെറ ആദ്യാങ്കുരങ്ങൾ പൊട്ടിക്കിളിർത്തത് ജലത്തിൽനിന്നാണെന്ന് ആധുനിക ശാസ്ത്രത്തിൻെറ കണ്ടെത്തലുമായിച്ചേർത്തു വായിക്കുമ്പോൾ നൂററാണ്ടുകൾ പിന്നിട്ട മതഗ്രന്ഥങ്ങളിൽ കാണുന്ന യുക്തിഭദ്രത വിസ്മയം ജനിപ്പിക്കുന്നതാണ്. വിവിധ മതഗ്രന്ഥങ്ങളിലും, മിത്തുകളിലും പ്രപഞ്ചോൽപത്തിയെയും മനുഷ്യസൃഷ്ടിയേയും കുറിച്ചുള്ള വിവരങ്ങൾ വൈവിധ്യമാർന്നതാണ്. അവയുടെ യുക്തിഭദ്രതയും ശാസ്ത്രീയതയും തെളിയിക്കുകയല്ല ഇവിടുത്തെ ഉദ്ദേശ്യം.

വിശ്വാസികളെ സംബന്ധിച്ചിടത്തോളം മിത്തുകളും വിശ്വാസസത്യങ്ങളും വേർതിരിക്കുക ദുഷ്കരമാണ്. മിത്തുകൾക്ക് ചരിത്രത്തിൻെറ വേരുകൾ കണ്ടെത്തുവാൻ വിവിധ മതപണ്ഡിതൻമാർ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധേയമാണ്. മിത്ത് ചരിത്രമാകുമ്പോൾ അത് മിത്തല്ലാതാകുന്നു. ആകാശവും, ഭൂമിയും ആദ്യം ചേർക്കപ്പെടുകയും പിന്നീട് വേർപെടുത്തപെടുകയും ചെയ്തതിനെകുറിച്ചുള്ള പൊതുവായ ഒരു സങ്കൽപം പല മിത്തുകളിലും കാണാം. ഭാവനാംശം കൂടുമ്പോൾ ആശയത്തിൻെറ ഗൗരവം കുറയുന്നു. പല രാജ്യങ്ങളിലും ഒരു അണ്ഡത്തെയും സൃഷ്ടിപ്രക്രിയക്ക് ആധാരമാക്കുന്ന മിത്തുകളുണ്ട്. മററു ചിലേടങ്ങളിൽ ചെടിയുടെ പ്രതീകമാവാം. ചെടി വളർന്നുവന്ന് ആകാശത്തെ ഉയർത്തുകയും അതിനെ ഭൂമിയിൽ നിന്ന് വേർപെടുത്തുകയും ചെയ്യുന്നു. എങ്കിലും ഈ സൃഷ്ടികഥകൾക്കുള്ള ഒരു പൊതുസ്വഭാവം ആശ്ചര്യജനകമാണ്. പരിണാമ പ്രക്രിയയുടെ പ്രാരംഭഘട്ടത്തിലുള്ള ഏക പിണ്ഡമാണ് പ്രപഞ്ചത്തിൻെറ ഇന്നത്തെ രീതിയിലുള്ള രൂപീകരണത്തിലേക്കു നയിച്ചത് എന്നതാണത്. വേദഗ്രന്ഥങ്ങളിലെ പരാമർശങ്ങളുമായി മിത്തിലെ സങ്കൽപങ്ങൾക്ക് പ്രകടമായ വ്യത്യാസമുണ്ട്. അവ മനുഷ്യഭാവനയാൽ ചമൽകൃതമാണ്: നിഷ്കളങ്കമായ ആദിമമനുഷ്യൻെറ വിസ്മയം നിറഞ്ഞ മനസു നെയ്തെടുത്ത കഥകൾ മാത്രമാണവ. എന്നാൽ അവയുടെ ശാസ്ത്രീയമായ പഠനങ്ങൾ ആദിമനുഷ്യൻെറ മനസിലേക്ക് വഴി തുറക്കുക തന്നെ ചെയ്യും. മതവിശ്വാസങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ഉൽവേവികാസ പ്രക്രിയകളിലേക്കും അവ വെളിച്ചം പ്രസരിപ്പിക്കും.

ൂട്ടുകാരെല്ലാം പിരിഞ്ഞുപോയ ഹോസ്ററലി ഒന്നാം നമ്പർ മുറിയിൽ തുറന്നിട്ട ജനലിലൂ ഞാൻ മഴയെ പ്രതീക്ഷിച്ചിരിക്കുകയാണ്. അ വീട്ടിലെ അപ്പുക്കുട്ടൻെറ കൂടെ കുട്ടിക്കാലത്ത് ാണ്ട് നടന്നതും, കുത്തിയൊലിക്കുന്ന ഇറ ത്തിൽ കടലാസ് തോണികൾ ഇറക്കിവിട്ടതും ാൾ ഇറയത്ത് വീണുടയുന്ന മഴത്തുള്ളികളിൽ ിഞ്ഞ് തെളിഞ്ഞ് വരികയാണ്. ആഹ്ളാദാര ളുടെ അകമ്പടിയോടെ ഒലിച്ചുപോയ കടലാ തോണികളിൽ ഒരിക്കൽ വാപ്പയും, പിന്നെയൊ ൽ ഉമ്മയും എന്നെക്കൂടാതെ വിരുന്നുപോയി. ന്നീട് എൻെറ ഇറയത്ത് കടലാസുതോണികൾ ിഞ്ഞിട്ടേയില്ല. വാത്സല്യനിധികളുടെ-സ്നേ ജനങ്ങളുടെ അസാന്നിധ്യം ഉള്ളുകറുപ്പിച്ച ാന്തരീക്ഷത്തിൽ നിന്ന് ഇപ്പോഴിതാ ഞാനീ ാം നമ്പർ മുറിയിൽ....

ഏകാന്തത അനുഭൂതിയാവുന്ന അപൂർവ്വനിമിഷ ളിലൊന്നാണിത്. മനസിൻെറ മച്ചിൻപുറങ്ങ ൽ, കാലത്തിൻെറ കറുത്ത കരിമ്പടത്തിനുള്ളിൽ ങ്ങുന്ന ഓർമ്മകളെ കുത്തിയുണർത്തുമ്പോൾ, ഉ ങ്ങാത്ത ചൊറിമാന്തുന്ന ഒരു സുഖമുണ്ട് എന്നു ഞ്ഞത് ചന്ദ്രശേഖരൻ മാസ്റററായിരുന്നു. ാന്തമായ വൈകുന്നേരങ്ങളിൽ അസ്വസ്ഥ ്യ— മനസുമായി കയറിവരുന്ന സുഹൃത്തു ം ജനലരികിലെ മൺകൂജയിൽനിന്ന് ത ുത്തവെള്ളം വലിച്ച്കുടിച്ച് അപരിചി ായി ഇറങ്ങിപ്പോവുമായിരുന്നു. അവർക്കോർക്കു ിയില്ലല്ലോ, ശാന്തിനിലയത്തിൽനിന്ന് എൻെറ ണ്ട തൊണ്ട നനയ്ക്കാൻ ചേച്ചികൊടുത്തയച്ച ിർത്ഥജലമായിരുന്നു, അതെന്ന്. ജന്മജന്മാ ങ്ങളുടെ....ജന്മബന്ധങ്ങളുടെ അദൃശ്യമായ ഈ ്നേഹവലയവും മൂടിക്കൊണ്ട്, അപരിചിത ം എനിക്കെന്നും കൂട്ടുനിന്നിരുന്നു. അപരിചി ത്വത്തിൻെറ ഈ വലക്കണ്ണികൾ പൊട്ടിച്ചെറിഞ്ഞ്

# മഴയുടെ മനസ്

**ബക്കർ മോദി**

സ്നേഹത്തിൻെറ ശീതളിമ തേടുമ്പോഴായിരുന്നു, നെററിയിൽ ചോപ്പൻ നക്ഷത്രങ്ങളുള്ള അവർ, എൻെറ ചങ്ങാതിമാരായത്. പിന്നെ, കുതിർന്നുവീഴുന്ന മഴയിലൂടെ, കത്തിയെരിയുന്ന വെയിലിലൂടെയുള്ള എൻെറ അശാന്തയാനങ്ങൾക്ക് ഇവർ കൂട്ട് വരാൻ തുടങ്ങി. ഇപ്പോഴിതാ, കിനാവും കണ്ണീരും ഒലിച്ചിറങ്ങുന്ന ഈ മഴയിലൂടെ അവരെല്ലാം....

മൂടിക്കെട്ടിയ മാനം പെയ്തൊഴിയുകയാണ്. പെയ്തൊഴിയാത്ത മേഘങ്ങൾ നിൻെറ ഓർമ്മകളാണ്. കാമ്പസിൻെറ നിതാന്ത ശൈത്യത്തിൽനിന്ന് നാടുകടത്തപ്പെട്ട എൻെറ ഭ്രാന്തൻ സ്വപ്നങ്ങൾക്ക് സ്നേഹത്തിൻെറ തേൻകൂട് തുറന്ന്വെച്ചത് നീയായിരുന്നു. ഏകാന്തതയുടെ നഖമുനകളിലേക്ക് വലിച്ചെറിയപ്പെടുമ്പോൾ ഞാനാദ്യമോർക്കുന്നത് നിൻെറ തുടുത്ത കവിളുകളാണ്. ഇപ്പോഴിതാ ജനലിലൂടെ നിൻെറ മെലിഞ്ഞുനീണ്ട ഒററ വള മാത്രമിട്ട കൈകൾ പോലെ മഴ....പതുക്കെപ്പതുക്കേ....

കലുഷമായ കാലങ്ങളിൽ കത്തിനിൽക്കാറുള്ള കാമ്പസ് മഴയിൽ നനഞ്ഞു കുതിർന്നിരിക്കുന്നു. പോയ കാലത്തിൻെറ ആർപ്പുവിളികളുടേയും ആരവങ്ങളുടേയും ശവപ്പറമ്പായി മാറിയ ഈ പ്രേതഭൂമിയിൽ വിജനത മാത്രം അന്യതയുടെ ഭീകരരൂപികളായി ഈ കാററാടിമരങ്ങൾ എന്തിനാണെന്നെ തുറിച്ചുനോക്കുന്നത്. നടന്നു തേഞ്ഞ ഈ വഴികളിലൊക്കെയും ഉടഞ്ഞുവീണ വളപ്പൊട്ടുകളുടെ കിലുകിലുക്കവും കരഞ്ഞുതീർന്ന കണ്ണീരിൻെറ ഉപ്പുരസവുമാണ്.

ജനലിനുപുറത്ത് മഴപെയ്തു തീർന്നിരിക്കുന്നു. കാററ് വിരിഞ്ഞ കാററാടിമരങ്ങളിൽ ഇരുട്ട് നിറയുന്നു. ഇന്ന് ഞാനീ മുറി ഒഴിയുകയാണ്.



നൗഷാദ്
ഒരു വിരുന്നുകാരനെപ്പോലെ
നമുക്കിടയിലേക്ക്
വരികയായിരുന്നു
പിന്നെ, നാമറിയുന്നതിനു
മുൻപ് തന്നെ
മരണത്തിന്റെ തണുത്ത
തീരങ്ങളിലേക്ക്
നടന്നുപോവുകയും ചെയ്തു
ഒന്നാം വർഷ പ്രീഡിഗ്രി
വിദ്യാർത്ഥിയായി എത്തിയ
നൗഷാദ്
ഏതാനും ദിവസങ്ങൾ മാത്രമേ
നമ്മുടെ കൂടെയുണ്ടായിരുന്നുള്ളൂ
എങ്കിലും കൂട്ടുകാരാ
നീ പോയ വഴികളെക്കുറിച്ചോർക്കുമ്പോൾ
ഞങ്ങൾ മൗനികളാകുന്നു
ആ വഴികളിലൂടെ നിന്നെ
കൊണ്ടുപോയതാരെന്നറിയാതെ
ഞങ്ങൾ.........
ഒരു പൂന്തോപ്പും തണൽ മരവും
നിന്റെ വഴികളിൽ
ഒരു സാന്ത്വനം പോലെ.......

# നാലുകെട്ട്

ശ്രീയ പി. കെ.

വീണ്ടുമൊരോണത്തിൻെറ—
യോർമ്മകൾ മനസ്സിലും
വിണ്ടുകീറിയ തറ—
വാട്ടുമുററവും ഞാനും

ശൂന്യത തളം കെട്ടി
നില്ക്കുമീത്തറവാട്ടിൽ
ഗാനനിർഝരി തീർത്ത
കാലമിന്നെവിടെപ്പോയ്!

ഈ മുററം തിരുമുററം
എത്ര പൊന്നോണത്തിൻെറ
പൂമുററമായ്ത്തീർന്നോരു
കാലവും മറഞ്ഞുവോ?

ചുററിലും പൊന്തക്കാടും
കാട്ടുവള്ളികളുമായ്
നഷ്ടസൗഭാഗ്യത്തിൻെറ
യോർമ്മയിൽ മുങ്ങീടുന്നു!

ഉമ്മറപ്പടി വാതിൽ
തുറക്കട്ടെ ഞാൻ, നമ്മൾ—
ക്കങ്ങകത്തളങ്ങളി—
ലൊന്നെത്തിനോക്കിപ്പോരാം.

ഉയരക്കുറവാണ്
വാതിലിന്നല്പം, നമ്ര—
ശിരസ്സായ് പ്രവേശിയ്ക്കാം,
നമിച്ചാലതും നന്മ!

പൊയ്പോയ കാലത്തിന്റെ
ചിത്രങ്ങളൊരായിരം
ഭിത്തിയിൽ; വരയ്ക്കാതെ
തെളിയുന്നതു കണ്ടോ?

ഇല്ല നിങ്ങൾക്കതു കാണില്ല
ഞാനെൻ ബാല്യം
കിങ്ങിണിയൊച്ചയ്ക്കൊപ്പം
ഈ നാലുകെട്ടിന്നുള്ളിൽ

ഒരു വ്യാഴവട്ടത്തി—
ന്നോർമ്മകളൊളിപ്പിച്ച
ചരിതം ഞാനല്ലാതെ
മററാരുമറിയില്ല!

ആയിരം കഥ കേൾക്കാൻ
നമുക്കു കഴിഞ്ഞേനെ
ഈയകത്തളങ്ങൾക്ക്
നാവുകളുണ്ടായെങ്കിൽ!

ഓർക്കുകിൽ നാമെല്ലാരു—
മിതുപോൽ ഒരു "നാലു—
കെട്ടല്ലേ" തകർന്നതും
തകരാൻ പോകുന്നതും

ബാല്യകൗമാരത്തിന്റെ
കളിവീടുകളില്ല,
ആമന്ദമാടിപ്പാടാൻ
'ഊഞ്ഞാലു'മില്ലാത്തവർ

പൂക്കളം തീർക്കാൻ മുററ—
മില്ലാത്തോർ മനസ്സിലെ
പൂത്തുമ്പി—ചിറകററു—
വീണവർ ഹതാശയർ!

കാലമാം കളിത്തേരിൽ
മാവേലി വരുന്നതും
കാണുവാൻ കഴിയാത്തോർ
കന്മഷർ, അഭിശപ്തർ!

ആയിരം വർഷങ്ങൾക്കു—
മപ്പുറത്തൊരു 'നല്ല
നാളെ'യെക്കാണാൻ മാത്രം
വിധിയ്ക്കപ്പെട്ടോർ നമ്മൾ!

പോകുവാൻ ധൃതിയെങ്കിൽ
പൊയ്ക്കോളൂ, നിങ്ങൾ ഞാനീ
നാലുകെട്ടിലെൻ "നഷ്ട—
സ്വപ്ന"ത്തിൽ ലയിക്കട്ടെ!

# ഓണത്തിൻെറ മറുപ്പുറം

## സുരേന്ദ്രൻ മൂർക്കനാട്

ഓണാഘോഷത്തെ കുറിച്ച് ഇന്ന് നിലനിൽക്കുന്ന ഐതിഹ്യംവെച്ച് നോക്കുമ്പോൾ നീതിമാനും ദയാലുവുമായിരുന്ന മഹാബലിയെ വാമനൻ ചതിയിലൂടെ പരാജയപ്പെടുത്തുകയാണുണ്ടായതെന്നു കാണാം. മഹാബലിയുടെ ദാനശീലത്തെയും ധർമ്മത്തെയും പരീക്ഷിക്കാനെന്നവണ്ണം ഒരു സന്യാസിയുടെ വേഷത്തിൽ വന്ന വാമനൻ തനിക്ക് തപസിരിക്കാൻ മൂന്നടി മണ്ണു വേണമെന്നു പറഞ്ഞപ്പോൾ മഹാബലിക്ക് മറെറാന്നും ചിന്തിക്കാനുണ്ടായിരുന്നില്ല. പക്ഷെ തൻെറ ആവശ്യം അംഗീകരിക്കപ്പെട്ട നിമിഷം വാമനൻ ആകാശത്തോളം വളരുകയും തൻെറ ഒരടികൊണ്ട് സ്വർഗ്ഗവും അടുത്തതുകൊണ്ട് ഭൂമിയും അളന്നെടുത്ത് മൂന്നാമത്തെ കാലടി എവിടെ വെക്കണമെന്നു ചോദിച്ചപ്പോൾ വാഗ്ദാനം നിറവേററുന്നതിൽ നിർബന്ധ ബുദ്ധിയായിരുന്ന ബലി തൻെറ ശിരസ്സ്തന്നെ കുനിച്ചുകൊടുക്കുകയാണുണ്ടായത്. അവസരം പാഴാക്കാതെ വാമനൻ ബലിയെ പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തി. അതിനുമുമ്പ് ബലിക്കൊരഭ്യർത്ഥനയുണ്ടായിരുന്നു. വർഷത്തിലൊരിക്കൽ തൻെറ പൊന്നു പ്രജകളെയൊന്നു വന്നു കാണാൻ അവസരം തരണമെന്ന്. ആ അഭ്യർത്ഥന അംഗീകരിക്കപ്പെട്ടതനുസരിച്ച് ഓരോ വർഷവും ഒരു ദിനം തൻെറ പ്രജകളെ കാണാൻ മഹാബലി വന്നുകൊണ്ടിരിക്കുന്നു. ഇതേ ഐതിഹ്യം പല രൂപത്തിൽ ഇന്ത്യയുടെ വ്യത്യസ്തഭാഗങ്ങളിൽ പ്രചാരത്തിലുണ്ട്. ദീപാവലി ഇതേ ഐതിഹ്യത്തിൻെറ പേരിലുള്ള ആഘോഷമാണ്.

ഈ ഐതിഹ്യപ്രകാരം സത്യവും ധർമ്മവും നീതിയും മഹാബലിയുടെ ഭാഗത്തായിരുന്നു എന്നതിന് യാതൊരു സംശയവുമില്ല. അദ്ദേഹത്തിൻെറ ഭരണകാലം ഈ മണ്ണിൻെറ സുവർണകാലമായിരുന്നു എന്ന് ഇന്ന് പ്രചാരത്തിലിരിക്കുന്ന ആ വരികളിൽനിന്നുതന്നെ മനസ്സിലാക്കാം. മനുഷ്യസ്നേഹത്തിനും സാഹോദര്യത്തിനും ഇത്രയധികം പേര്കേട്ട മഹാബലിക്ക് പാതാളമാണല്ലോ വിധിക്കപ്പെട്ടത് എന്ന വസ്തുത സ്വർഗ്ഗരാജ്യത്തിൻെറ അവകാശികളാര് എന്ന ഒരു ചോദ്യമുയർത്തുന്നു. അതിനേക്കാൾ ചിന്തനീയമായ യാഥാർത്ഥ്യം വർഷത്തിൽ ആകെയുള്ള മുന്നൂററി അറുപത്തിയഞ്ച് ദിനങ്ങളിൽ ഒരു ദിനം മാത്രമാണ് മഹാബലി വരവേല്ക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്നത് എന്നതാണ്. പോട്ടെ, ആ ഒരു ദിനത്തിലെങ്കിലും അത്രയും മഹാനായൊരു മനുഷ്യനെ ചതിച്ചു ചവിട്ടിതാഴ്ത്തിയ വാമനൻെറനേർക്ക് ആരും ഒരുതരി രോഷംപോലും പ്രകടിപ്പിച്ചു കണ്ടിട്ടില്ലാ എന്നതാണതിശയം. ഉത്തരേന്ത്യയിൽ രാമൻെറ വിജയങ്ങൾ വാഴ്ത്തപ്പെടുന്ന രാംലീല ഉത്സവങ്ങളരങ്ങേറുമ്പോൾ രാവണൻെറ കോലങ്ങൾ കത്തിയെരിയപ്പെടാറുണ്ട്. രാമനെ സ്നേഹിക്കുന്നവർക്ക് അങ്ങിനെ ചെയ്യാതിരിക്കാനാവില്ല. അധർമ്മമെന്നു പറയേണ്ടിവരുന്നിടത്ത് രാവണൻ എന്നാണ് ഇന്നത്തെ പ്രയോഗതന്നെ. സ്വന്തം സഹോദരി ശൂർപ്പണഖയുടെ മൂക്കും മാറിടവും ഛേദിക്കപ്പെട്ടപ്പോൾ ധാർമ്മികരോഷമടക്കിവെക്കാതെ പ്രതികാരമായി സീതയെ തട്ടികൊണ്ടുപോയ രാവണൻ അങ്ങിനെയൊരു തെറെറങ്കിലും ചെയ്തു എന്നു പറയാം. പക്ഷെ പാവം മഹാബലി എന്തു പിഴച്ചിരിന്നു ? എന്നിട്ടും വാമനൻ ഒന്നു പരാമർശിക്കപ്പെടുന്നുപോലുമില്ല എന്നതാണ് യഥാർത്ഥ്യം.

വാമനൻ വിമർശിക്കപ്പെടുന്നില്ല എന്ന വസ്തുത യഥാർത്ഥത്തിൽ അദ്ദേഹമാര് എന്ന ഒരു ചോദ്യമുയർത്തുന്നു. വാമനൻ വെറുമൊരു സന്യാസിയോ, കള്ളനോ അല്ല. അധർമ്മത്തെ അകററാനും ധർമ്മത്തെ സംസ്ഥാപിക്കുവാനും വന്ന ദശാവതാരങ്ങളിലെ (ദശാവതാരം—കല്ക്കി വന്നിട്ടില്ല) അഞ്ചാമനാണ് വാമനൻ. എന്നുവെച്ചാൽ നമ്മുടെ മഹാനായ ചക്രവർത്തി മഹാബലിയെ പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തിയ വാമനൻ, ത്രിമൂർത്തികളിൽ ഒന്നായ സാക്ഷാൽ മഹാവിഷ്ണുവാണെന്നർത്ഥം ! ഓണമാഘോഷിക്കുന്ന ഹൈന്ദവ ജനത തങ്ങളുടെ ഭഗവാനെ വിമർശിച്ചുകൊണ്ട് മഹാബലിയെ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കാനാവുമോ ? ഒരിക്കലുമില്ല. പക്ഷെ സ്വന്തം ദൈവത്തിൻെറ കൈകളാൽ നാമാവശേഷമായി പോയ ഒരു ചക്രവർത്തിയെയും അദ്ദേഹം പരിപാലിച്ച നന്മയും നീതിയും തെളിഞ്ഞുതിളങ്ങിയൊരു സമൂഹത്തെയും എന്തിനാണീകൂട്ടർ വർഷത്തിലൊരുദിനം ഓർമ്മിച്ച് ആഘോഷിക്കുന്നത് ? അവിടെയാണ് ഓണാഘോഷത്തിൻെറ മറെറാരുമുഖം കിടക്കുന്നത്.

# ഊണിന്റെ അഭിപ്രായം പറയേണ്ടതാര്?

പ്രൊ. എം. എൻ. വിജയൻ

ആരാണ് അധ്യാപകനെ വിലയിരുത്തുവാൻ അർഹതയുള്ള മനുഷ്യൻ? ഒരു മനുഷ്യനേയുള്ളൂ. ഞാൻ അറിഞ്ഞിടത്തോളം ഒരു ആളേയുള്ളു. അതയാൾ പഠിപ്പിക്കുന്ന വിദ്യാർത്ഥിയാണ്. എനിക്കെന്താണ് വിളമ്പിയത് എന്നു പറയാനുള്ള അവകാശം വാസ്തവത്തിൽ ഉണ്ടവന് മാത്രമേയുള്ളു. 'സ്റ്റുഡന്റ് അസസ്മെന്റ്' എന്നുള്ള പുതിയ ആശയം ഒരു പക്ഷെ നമ്മുടെ ഭാവനയ്ക്ക് അതീതമായി വളർന്നുകൊണ്ടിരിക്കുന്നു. 1970 കളിൽ പെറു യൂനിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ ഈ അധികാരം പിടിച്ചുപറ്റുകയും അധ്യാപകന് മാർക്കിടുകയും അധ്യാപകനെ പിരിച്ചയക്കാനുള്ള അധികാരം സ്ഥാപിച്ചെടുക്കുകയുമുണ്ടായി. അത് പെറുവിലാണ്. വിദ്യാഭ്യാസപരമായ പിന്നോക്കം നിൽക്കുന്ന ഒരു രാജ്യത്തിലെ അംഗങ്ങളാണ്.

ഉണ്ണുന്നവനാണ് ഊണിന്റെ അഭിപ്രായം പറയേണ്ടത്. എന്ന സാമാന്യബുദ്ധിയുള്ള തത്വത്തിനു പകരം നാം ഇപ്പോഴും വിശ്വസിച്ചുവരുന്നത് വിദ്യാഭ്യാസത്തിന്റെ മൂല്യം നിർണയിക്കേണ്ടത് മേലധികാരികളാണ് എന്നാണ്. ഈ മേലധികാരി എന്ന പദം മേലധികാരി വേണ്ട എന്ന അർത്ഥത്തിലല്ല മേലധികാരികൾ വേണമോ എന്നെനിക്കറിയില്ല. പക്ഷെ ഈ ഒരു പദം ശരിയെക്കുറിച്ചുള്ള തെറ്റിനെക്കുറിച്ചുള്ള ഒരു തെറ്റായ ധാരണ നമ്മുടെ മനസിലുണ്ടാക്കുന്നു. അതുകൊണ്ട് നാം നിരന്തരമായി ഇന്ന് സ്വീകരിച്ചുപോരുന്ന മൂല്യനിർണയ സമ്പ്രദായത്തിൽ വിദ്യാഭ്യാസത്തെ വിലയിരുത്താൻ ഒരു വിദ്യാർത്ഥിക്ക് അർഹതയില്ല. ഇതിൽ മൗലികമായ ഒരു തെറ്റ് നിലനിന്നു വരുവാൻ കാരണം നമ്മുടെ അല്ലെങ്കിൽ നമ്മുടെ വർഗത്തിന്റെ വളരെ പരിമിതമായ സ്വകാര്യതാൽപര്യമാണ്. അല്ലെങ്കിൽ സ്ഥാപിത താൽപര്യമാണ്.

സാധാരണ പറയാറുള്ള ഉദാഹരണം : രവീന്ദ്രനാഥടാഗോർ അദ്ദേഹത്തിന്റെ പ്രസിദ്ധമായ ശാന്തിനികേതനം സ്ഥാപിച്ചപ്പോൾ മുന്നോട്ട് വെച്ചിരുന്ന ഒരു കാര്യം അവിടെ വിദ്യാർത്ഥികൾ ചോദ്യം ചോദിക്കുകയും അധ്യാപകർ ഉത്തരം പറയുകയും ചെയ്യണം എന്നാണ്. തീർച്ചയായും ആ ജോലിക്ക് അപേക്ഷകർ വളരെ കുറവായിരുന്നു. കാരണം അത് ഒരു 'ഇഡിയറ്റി'ന്റെ വിദ്യാഭ്യാസം ആണ് എന്നതുകൊണ്ടാണ്. അറിവില്ലാത്ത വിദ്യാർത്ഥി അറിവുള്ള അധ്യാപകനോട് ചോദ്യം ചോദിക്കുക എന്ന സാമാന്യബുദ്ധിയനുസരിച്ചുള്ള സിദ്ധാന്തമല്ല, മറിച്ച് അറിവുള്ള അധ്യാപകൻ, അത് ഒരു സ്ഥാപിത താൽപര്യമായി കയ്യിൽ കൊണ്ട് നടക്കുന്ന അധ്യാപകൻ, ഒരു വിദ്യാർത്ഥിയെ അയാളുടെ കൂലിപ്പണിക്കാരനാക്കി തീർക്കുകയും അയാളോട് ചോദ്യങ്ങൾ ചോദിക്കുകയും അയാളെ ശിക്ഷിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്.

# ഒരു ദിവസം

വാസു പാറപ്പുറത്ത്

## പ്രഭാതം

ആറിത്തണുത്ത
കാപ്പിപോലെ പ്രഭാതം
അമ്മയുടെ വേദനയിൽ വേവിച്ച
പ്രാതൽ
അടുപ്പിൽ
ആരുടെ ചിതയാണണഞ്ഞത്
ബാല്യം മരിച്ച മുററത്ത്
അവളിപ്പോഴും
മഴവില്ലു കെട്ടുന്നു.
മേഘപാളികളിൽ
സന്ദേശമെഴുതുന്നു.
ഒരു കാററ്
ആരെയും തഴുകാതെ കടന്നുപോകുന്നു.
വിഷം കൊടുത്തു വളർത്തിയ
ഇലകളില്ലാത്ത ചെടികളിൽ
ആരുടെ ചോരയാണ് പൂവിട്ടത്
ഒരു വെളിപാട്
ഇന്നവസാനപരീക്ഷയാണ്
തലച്ചോറിൽ
കടംകൊണ്ട, മുനയില്ലാത്തയസ്ത്രങ്ങൾ
പഴയ ഘടികാരത്തിന്റെ തേങ്ങൽ,
സമയമായിരിക്കുന്നു.

□

## മദ്ധ്യാഹ്നം

ചോദ്യങ്ങളുടെ
ആരവങ്ങളിൽ നിന്ന്
അറിവുകൾ ബലി കൊടുത്ത്
തിരിച്ചെത്തുമ്പോൾ
സമയം—രണ്ടുമണി
പകലുറക്കത്തിന്റെ
ചിലന്തിവലകളിൽ
സ്വപ്നം കാത്തുകിടന്നു
കതകിലാരോ മുട്ടുന്നു
ഒരു വിലാപകാവ്യവുമായി പോസ്ററുമാൻ
കണ്ണീരിലൂടൊരാവി വണ്ടി
തലച്ചോറിലൂടൊരിലക്ട്രിക് ട്രെയിൻ

## സായാഹ്നം

തിരക്കുപിടിച്ച സായാഹ്നം
ഒരു പൊതി കടല കൊറിച്ചപ്പോൾ
കടന്നുപോയി
നീ വീണ്ടും വിളിക്കുന്നു
മതിവരോളം കഥപറയാൻ
സ്വപ്നങ്ങൾക്ക്
മേൽക്കൂര കെട്ടാൻ
ഇല്ല—ഞാൻ വരുന്നില്ല
നിലാവുചോർന്ന സന്ധ്യയിൽ
നിഴൽ നിറച്ച സഞ്ചിയുമായി!
തൊണ്ടയിൽ പിടഞ്ഞ പരിഭവം
കുരച്ചുതുപ്പാതെ
നീ നടന്നകന്നു

□

## രാത്രി

മനസ്സ് മറവ് ചെയ്ത
ഓർമ്മകളിൽ
രാത്രിയൊരു പാമ്പിനെപോലെയിഴയുന്നു
തുറന്നിട്ട ജനലുകളിൽ
ഭയം നിറച്ച തലയോട്ടി തൂക്കി
കറുത്ത ചിറകുകൾ വിടർത്തി
ചിന്തകളിൽ കൊടുങ്കാററ് ചീന്തി
എന്നിട്ടും
തെരുവുകളിലെ
തേങ്ങലും
വിലപേശലും
കേൾക്കാമായിരുന്നു

□

നിലാവ് നുരഞ്ഞുപൊന്തുന്ന രാത്രി. തിരമാലകറം കൂടുതൽ ശക്തിയായി കിതച്ചു കൊണ്ടിരുന്നു. അലകറം കടൽചിറയുടെ മുകളററംവരെ പൊങ്ങുന്നുണ്ടായിരുന്നു. തീരത്തെ കാററാടികറം നില്പുറയ്ക്കാതെ ആടിയുലഞ്ഞുകൊണ്ടിരുന്നു. ഇടയ്ക്കിടെ ഉയർന്നുവരുന്ന കാററിൻെറ ശക്തിയിൽ തീരത്തെ മണൽതരികറം അലകറം ഞൊറിഞ്ഞുകൊണ്ടേയിരുന്നു.

കാററിൻെറ ശക്തമായ ഒരു ചൂളം വിളിയിൽ ചുന്നിലാലിൻെറ അലർച്ചയും അലിഞ്ഞുചേർന്നു. രക്തം പുരണ്ട ചുന്നിലാലിൻെറ ശരീരം പലവട്ടം മണൽതരികളിൽ ഉരുണ്ടുകളിച്ചു. പിന്നെ നിശ്ചലമായി. അവസാനത്തെ ചലനവും നിലച്ചപ്പോറം അവൻ കഠാര വലിച്ചൂരി. രക്തം അപ്പോഴും കിനിഞ്ഞിറങ്ങിക്കൊണ്ടിരുന്നു. ഊരിപ്പിടിച്ച കഠാരയുമായി കുറച്ചുനേരം അവൻ ചുന്നിലാലിൻെറ തുറിച്ച കണ്ണുകളിലേയ്ക്കു തന്നെ തറച്ചുനോക്കിക്കൊണ്ടു നിന്നു. ഭയം അവനെ വലയം ചെയ്യുകയായിരുന്നു.

# ഒരു തെണ്ടിയുടെ മരണം

കോപത്താൽ അലറിവിളിക്കുന്ന തിരകളെ നോക്കി നില്ക്കെ, കാററിൻെറ ചൂളംകുത്തലിനിടയിൽ നഗരത്തിൻെറ ഘടികാരം രണ്ടടിച്ചത് ഒരു നേർത്ത ശബ്ദത്തിൽ അവൻ കേട്ടു ; മരണമണി ! നഗരം ഒരു വ്യാളിരൂപം പൂണ്ട് തന്നെ വിഴുങ്ങാനടുക്കുന്നതായി അവൻ കണ്ടു. ഭയംകൊണ്ട് കാല്മുട്ടുകറം തമ്മിലിടിച്ചു. മണ്ണുതുരന്നു പുറത്തുവന്ന ഒരു ഭീമാകാരൻ ഞണ്ട് കാൽവിരലുകളിൽ ഇറുക്കാൻ ശ്രമിക്കുന്നതു കണ്ട് ഭയത്താൽ അവൻ കാൽ പിൻവലിച്ചു.

കണ്ണുകറം പതിയെ കടൽ ചിറയിലേയ്ക്കു തിരിഞ്ഞു. തിരകറംക്ക് കടിഞ്ഞാണിട്ടുകൊണ്ട് സധീരം കടലിലേയ്ക്കിറങ്ങിനില്ക്കുന്ന കടൽ ചിറ. ഈ ചിറയ്ക്കു മുകളിലാണ് ദിവസങ്ങറംക്കുമുമ്പ് രക്തമൊലിപ്പിച്ച് താൻ നിസ്സഹായനായി ബോധമററുകിടന്നത്.

ഓർമ്മകറം ഓടിവരുന്നു....

ജീവൻ തന്നവരെ ഓർമ്മയില്ല. ചീഞ്ഞുനാറുന്ന ഓടയ്ക്കരുകിൽ തണുത്തുവിറച്ച് അലറിവിളിച്ചു കിടന്ന തന്നെ എടുത്തുവളർത്തിയത് 'ചേച്ചി' എന്നു വിളിച്ചവളായിരുന്നു. അങ്ങനെ ഒരു പററം തെണ്ടികളിൽ മററൊരു തെണ്ടിയായി താനും വളർന്നുവന്നു.

## സുധീർ കെ. ആർ

നഗര പ്രാന്തങ്ങളായിരുന്നു എന്നും തങ്ങളുടെ സ്വർഗ്ഗം. ഇരന്നാൽ വല്ലതും തരാൻ ധാരാളമുള്ളത് അവിടങ്ങളിലുള്ളവർക്കാണല്ലോ.

ഇപ്പോഴൊന്ന് മനസ്സിലാവുന്നു. ജീവിക്കാനായി ഒരു തെണ്ടിയായെങ്കിലും സ്നേഹത്തിനായി ഇരക്കേണ്ടിവന്നില്ല. ചേച്ചിയ്ക്ക് വാരിക്കോരി തരാൻ അതു മാത്രമല്ലേ ഉണ്ടായിരുന്നുള്ളു ?! പുതിയൊരു താവളം തേടിയാണ് ഈ നഗരത്തിൽ വന്നത്. പക്ഷെ, ഒരിയ്ക്കലും ഇവിടം സ്നേഹത്തിൻെറ ശ്മശാനമാണെന്നോർത്തതേയില്ല. ഓർക്കുമ്പോറം കണ്ണുകളിൽ അശ്രു നിറയുന്നു.

ഓരോ ദിവസത്തേയും അനുഭവങ്ങറം പറഞ്ഞ് പൊട്ടിച്ചിരിച്ചിരുന്ന എൻെറ ചേച്ചി; സമൂഹത്തിലെ ഓരോ പൊള്ളുന്ന യാഥാർത്ഥ്യങ്ങളാണ് അവയെന്ന് തന്നോടു പറഞ്ഞില്ല. ചേച്ചിയുടെ നാവിൻതുമ്പിൽ നടനം ചെയ്ത ഓരോ വാക്കിലും സ്നേഹത്തിൻെറ നനവുണ്ടായിരുന്നു. ഉറക്കം വരാതിരുന്ന രാത്രികളിൽ ചേച്ചി ചൊല്ലി കേറംപ്പിക്കാറുള്ള പാട്ടുകളിൽ തൻെറ മനസ്സ് മാന്ത്രികകുതിരയെപ്പോലെ പറന്നു നടന്നു. പക്ഷെ, ചേച്ചിയ്ക്ക് കൂടുതലിഷ്ടം അമാവാസിയോടായിരുന്നു.

ഉറക്കം വരാതിരുന്ന ഒരു രാത്രിയിൽ ചേച്ചി എന്നോടു പറഞ്ഞു : ''ചന്ദ്രനില്ലാത്ത ഒരു രാത്രിയിൽ ഞാൻ ഒരു നക്ഷത്രമായി ജനിച്ചിരുന്നുവെങ്കിൽ!....'' ഓർക്കുമ്പോൾ കണ്ണുകളിൽ നീർത്തുള്ളികളുടെ തിളക്കം. അതെ, ചന്ദ്രനില്ലാത്ത ഒരു രാത്രിയിൽ തന്നെയായിരുന്നു ചേച്ചി തന്നോടു യാത്ര പറഞ്ഞത്. ഇരുട്ടിന്റെ രാഗം ശ്രവിച്ച് ശൂന്യതയിലേക്ക് അലിഞ്ഞുകൊണ്ടിരുന്ന തങ്ങളെ ഇയാൾ പതുങ്ങിവന്ന് ആക്രമിക്കുമെന്ന് മനസ്സാ നിനക്കാത്തതായിരുന്നു. തലയ്ക്കേററ ആദ്യപ്രഹരത്തിൽ തന്നെ തന്റെ ചേഷ്ട അററുപോയി. ബോധം തെളിഞ്ഞപ്പോഴേക്കും അയാൾ അഭീഷ്ടസിദ്ധി വരുത്തി എന്നീററുകഴിഞ്ഞിരുന്നു. കനത്ത കാൽവെപ്പുകളോടെ അകന്നുപോകുമ്പോൾ അയാളുച്ചരിച്ച വാക്കുകൾക്ക് പ്രവൃത്തിയേക്കാൾ മൂർച്ചയുള്ളതായി തോന്നി: 'ഒരു തെണ്ടിയുടെ ചാരിത്ര്യം ! ഫൂ....'

നിരങ്ങി ചേച്ചിയുടെ ചാരത്തണഞ്ഞപ്പോഴേയ്ക്കും ആ ചുണ്ടുകൾ വെള്ളത്തിനായിവിതുമ്പാൻ തുടങ്ങിയിരുന്നു. ചുണ്ടിൽ പതിഞ്ഞ തന്റെ അശ്രുബിന്ദുക്കൾ നുണഞ്ഞിറക്കി ചേച്ചി യാത്ര പറഞ്ഞു. ഒരു അമാവാസി രാത്രിയിൽ ഒരു നക്ഷത്രത്തിന്റെ ജനനം....

പിന്നെ മുതൽ താൻ അയാൾക്കുവേണ്ടി അലയുകയായിരുന്നു. നഗരത്തിന്റെ തിരക്കു പിടിച്ച ഗലികളിലൂടെയും ചീഞ്ഞു നാറുന്ന വൃത്തികേടുകളിലൂടെയും താൻ അയാൾക്കായി പരതി നടന്നു. അവസാനം ഇവിടെ വെച്ചുതന്നെ; ഈ മണൽത്തരികളിൽ വെച്ചുതന്നെ താൻ അയാളെ കണ്ടെത്തി. മറെറാരു ഇരയെത്തേടി എത്തിയ അയാളിതാ തന്റെ കഠാരയിൻ കോർത്ത് നിശ്ചേഷ്ടനായി കിടക്കുന്നു.

നേരത്തെ തട്ടിമാററിയ ഞണ്ട് വീണ്ടും വിരലുകളിലിറുക്കാൻ തുടങ്ങിയപ്പോൾ അവൻ ചിന്തകളിൽ നിന്നും ഞെട്ടിയുണർന്നു. നാളെ എന്ന സത്യം ഒരു മൂടൽമഞ്ഞായി തന്നെ വലയം ചെയ്യുന്നത് അവനറിഞ്ഞു. ഒരു തെണ്ടിയുടെ ചാരിത്ര്യത്തിനു വില കല്പിക്കാത്ത അനേകം മുഖങ്ങൾ 'ഒരു തെണ്ടിയുടെ പ്രതികാരം ! ഫൂ....' എന്നുറക്കെ പരിഹസിച്ചുകൊണ്ട് തനിക്കു ചുററും ആർത്തട്ടഹസിക്കുന്നതായി അവനുതോന്നി. അതെ വെളിച്ചത്തെ നേരിടാനുള്ള കരുത്ത് തനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു. പതിയെ കടലോരം ഇരുട്ടു വന്നുമൂടി. ചുന്നിലാലിനെ കാണാനില്ല; ആർത്തലയ്ക്കുന്ന സമുദ്രത്തെയും കാണാനില്ല. കടൽ ചിറയുടെ വലിയ കരിങ്കൽ ശിലകളും അപ്രത്യക്ഷമായിരിക്കുന്നു. വെളിച്ചത്തിനായി അവൻ മേലോട്ടുനോക്കി. അവിടെയും ഇരുട്ടുവന്നു നിറഞ്ഞിരുന്നു. അപ്പോൾ, ഒരായിരം പ്രകാശവീചികൾ നിരത്തിക്കൊണ്ട് ചേച്ചിയുടെ മുഖം ഉദിച്ചുയർന്നു. അതെ, ചേച്ചിതന്നെ വിളിക്കുന്നു; ആ സ്നേഹം തന്നെ വിളിക്കുന്നു.

അവൻ പതിയെ കടലിലേയ്ക്കിറങ്ങി. ഉന്മത്തരായി ആക്രോശിച്ചുവരുന്ന തിരകളെ അവൻ ശ്രദ്ധിച്ചില്ല; കണ്ടില്ല. കുനിഞ്ഞു നിന്ന് ആ ഉപ്പുവെള്ളത്തിൽ കഠാര കഴുകി. പിന്നെ അത് കരയിലേയ്ക്ക് വലിച്ചെറിഞ്ഞു. കാലുകളിലിറുക്കാൻ ശ്രമിച്ച ഞണ്ടിന്റെ മുമ്പിൽ ഒരു കൂരമ്പായി അത് തറച്ചു നിന്നു. പിന്നെ അവൻ കടലിന്റെ അഗാധതയിലേയ്ക്കിറങ്ങി.

# പഠനത്തിൻെറ പഴയകാലങ്ങൾ

അധ്യയനഭാരത്തിൻെറ ആദിമ ദശകളിൽനിന്ന്
സ്ക്കൂരം പാഠങ്ങളുപേക്ഷിച്ച് പഠനങ്ങളുടെ
രണ്ടാം തലങ്ങാം തേടി കോളേജ് കാമ്പസുകളുടെ
പച്ചപ്പുകളിൽ ആഴ്ന്നിറങ്ങിയ ഒരു കാലം;
തിരിഞ്ഞുനോക്കുമ്പോരാം ബാക്കി നില്ക്കുന്ന
അനുഭവങ്ങളുടെ വിഷാദങ്ങരാം....ചിരികരാം....
സാംസ്കാരിക കേരളത്തിന് പ്രിയപ്പെട്ട
നാല് മുഖങ്ങരാം ആ വിഷാദങ്ങളിലൂടെ, ചിരികളിലൂടെ
തങ്ങളുടെ കാമ്പസ് അനുഭവങ്ങളുടെ നേര് നെയ്യുന്നു.
അങ്ങനെ, വലിയവരുടെ ചെറുപ്പകാലത്തിലൂടെ അല്പം............

**വലിയോരുടെ, പഠനത്തിൻെറ പഴയകാലങ്ങരാം
തേടിപ്പോയത്**

**മുഹമ്മദ് ഹാഷിം കെ. ടി.**

## നാട്ടെഴുത്തുകളുടെ നേര്

**യു. എ. ഖാദർ**

തറവാട്ടുമഹിമയുടെ പാരമ്പര്യം എന്നും ഉയർത്തിപ്പിടിക്കുന്ന കൊയിലാണ്ടിയിലെ 'അമേത്ത് വീട്ടിൽ' നിന്നും, ഒരു മഹാനഗരത്തിൻെറ സർവ്വ വിസ്മയങ്ങളും പേറുന്ന മദ്രാസിലെ 'കോളേജ് ഓഫ് ആർട്സ്' സിലേക്കുള്ള യാത്ര; ആ ഓർമ്മകളുടെ അമ്പരപ്പായിരുന്നു, ഖാദറിൻെറ മനസ്സുനിറയെ. പത്താം തരത്തിൽ പഠിക്കുമ്പോരാം തന്നെ ചന്ദ്രിക ആഴ്ചപ്പതിപ്പിൽ കഥയെഴുതിയ 'തെറിച്ച ചെക്കൻ' ചിത്രരചന കൂടി പഠിക്കാൻ പോവുക!

പക്ഷെ ഖാദർ കുലുങ്ങിയില്ല കാരണം തറവാട്ടു കാരണവർ ഖാദറിൻെറ പക്ഷത്തായിരുന്നു. സ്ക്കൂൾ കഴിഞ്ഞുവന്നാൽ തൊട്ടടുത്ത ചായക്കടയിൽ നിന്നും ഖാദറിന് പുട്ടും കടലയും വാങ്ങിക്കൊടുക്കുന്ന; ഖാദറിൻെറ കൈയും പിടിച്ച് നാടകം കാണാൻ പോകുന്ന കാരണവർക്ക് മാത്രം ചിത്രരചന പഠിക്കുന്നതിലെ ഔചിത്യം മനസ്സിലായി. ബർമ്മയിൽ ബിസിനസ്സ് നടത്തുന്ന ബാപ്പയുടെ സമ്മതം കിട്ടിയതും കാരണവരുടെ റെക്കമെൻഡേഷൻ മൂലം തന്നെ.

ചിത്രരചനയോടുള്ള ഖാദറിൻെറ ഒടുങ്ങാത്ത ആഭിമുഖ്യം ചെറുപ്പത്തിലെ തുടങ്ങിയതാണ്. കഥയെഴുതിത്തുടങ്ങുന്നതിന് മുൻപ് തന്നെ ഖാദർ മനോഹരങ്ങളായ ചിത്രങ്ങൾ വരച്ചു. ബഷീറിൻെറ 'സ്ഥലത്തെ പ്രധാന ദിവ്യൻ' മാതൃഭൂമി പ്രസിദ്ധീകരിച്ചപ്പോൾ ഖാദറിൻെറ ഇല്ലസ്ട്രേഷനുമുണ്ടായിരുന്നു കൂടെ. ഇക്കാലത്താണ്, 1954ൽ ഖാദർ മദ്രാസിലേക്ക് വണ്ടികയറുന്നത്. കൈയിൽ മദ്രാസ് കോളേജ് ഓഫ് ആർട്സിൻെറ പ്രിൻസിപ്പലായ റോയ്ചൗധരിക്ക് നല്കാൻ എം. വി. ദേവൻ നല്കിയ കത്തും. അങ്ങനെ, തികച്ചും ഗ്രാമീണമായ കൊയിലാണ്ടി ഹൈസ്ക്കൂളിൽ നിന്നും കോളേജ് ഓഫ് ആർട്സിലെ ഇടുങ്ങിയ ക്ലാസ് മുറിയിലേക്ക്! മനസ്സിൽ നിറഞ്ഞുനിന്നിരുന്നത് തൻെറ ഗ്രാമത്തിൻെറ ഹരിത സ്പർശമായിരുന്നില്ല. മറിച്ച് വേവലാതിയും വൃത്തികേടുകളും നിറഞ്ഞ നഗരത്തിൻെറ തിരക്കായിരുന്നു, അന്നുമുതൽ ഖാദറിനനുഭവപ്പെട്ടത്.

ഒരു പ്രവേശന പരീക്ഷയിലൂടെ കഴിവുള്ളവരെ തെരഞ്ഞെടുത്തായിരുന്നു, കോളേജ് ഓഫ് ആർട്സിൽ ചേർത്തിരുന്നത്. കൽക്കട്ടയിൽ നിന്നും ഡൽഹിയിൽനിന്നും വന്ന ഉന്നതരായ ചിത്രകാരൻമാർക്കൊപ്പം ഖാദറും തെരഞ്ഞെടുക്കപ്പെട്ടു; എട്ടാം റാങ്കുകാരനായി. അങ്ങനെ ആറു വർഷ ചിത്രരചനാകോഴ്സ് ആരംഭിച്ചു. ആദ്യ രണ്ടു വർഷക്കാലം കൊണ്ട് ശാസ്ത്രീയ രീതിയിലുള്ള ചിത്രരചന ഖാദർ സ്വായത്തമാക്കി.

"റാംഗോപാൽ, ധനപാൽ തുടങ്ങിയ പ്രഗത്ഭരായ ചിത്രകാരൻമാർ അന്ന് ഞങ്ങളുടെ കോളേജിലായിരുന്നു. പ്രിൻസിപ്പൽ— പ്രസിദ്ധ കൽക്കട്ടൻ ശില്പിയായ റോയ് ചൗധരി—കേരളത്തിൽ നിന്നുള്ള എന്നിൽ വളരെ ശ്രദ്ധ ചെലുത്തി. നന്നെ ചെറിയ പ്രായത്തിൽ അവരെപ്പോലുള്ള മഹാൻമാരുമായി അടുക്കാൻ കഴിഞ്ഞത് എൻെറ ഭാഗ്യമായാണ് ഞാൻ കരുതുന്നത്. ഖാദർ തികഞ്ഞ വാചാലതയോടെ ഓർക്കുകയാണ്: "കേരളത്തിൽ നിന്നു തന്നെയുള്ള എം. ഗോവിന്ദൻ കെ. എ. കൊടുങ്ങല്ലൂർ തുടങ്ങിയവർ അന്ന് മദ്രാസിലുണ്ടായിരുന്നു. ഞങ്ങൾക്കെല്ലാം ഒരുമിച്ചുകൂടാനുള്ള ഒരു വേദിയായിരുന്നു. 'കേരളസമാജം'. ഓരോ മാസത്തിലെയും ആദ്യത്തെ ഞായറാഴ്ച ഓരോ ഉത്സവദിനമായിരുന്നു. അന്നാണ് കേരളസമാജം അംഗങ്ങൾ ഒത്തുചേരുക. യഥാർത്ഥത്തിൽ ആ ഞായറാഴ്ചകളാണ് ഇന്ന് ഏറെ വർണ്ണങ്ങളോടെ മനസ്സിൽ തങ്ങിനില്ക്കുന്നത്"'.

കേരള സമാജത്തിൻെറ പ്രസിദ്ധീകരണമായ "ജയകേരള"ത്തിൽ ഖാദറിൻെറ കഥകൾ അദ്ദേഹത്തിൻെറ തന്നെ ഇല്ലുസ്ട്രേഷനുകളോടെ പ്രസിദ്ധീകരിക്കപ്പെട്ടു. യു. എ. ഖാദർ എന്ന സാഹിത്യകാരനെ വാർത്തെടുത്തതിൽ കേരളസമാജത്തിനും 'ജയകേരള'ത്തിനും വലിയ പങ്കുണ്ട്. തൻെറ 'കരിയറി'ൽ ഖാദർ ഏററവും കടപ്പെട്ടിരിക്കുന്നത് സി. എച്ച്. മുഹമ്മദ് കോയയോടും ജയകേരളത്തോടുമാണ്.

ഏതായാലും മദ്രാസ് കോളേജ് ഓഫ് ആർട്സിലെ ഖാദറിൻെറ ജീവിതം ഏറെ നാൾ നീണ്ടുനിന്നില്ല. ചിത്രം വരക്കുന്നത് പഠിക്കാനെന്ന പേരിൽ മകനെ അന്യനാട്ടിൽ വിട്ടതിലെ യുക്തി നിരന്തരം ചോദ്യം ചെയ്യപ്പെടുമ്പോൾ ബർമ്മയിൽനിന്നും ബാപ്പ പണമയക്കുന്നത് നിർത്തി. അങ്ങനെ 'ഫ്രീ ഹാൻറ് ഡ്രോയിംഗ്" സർട്ടിഫിക്കററുമായി ഖാദർ നാട്ടിലേക്ക് വണ്ടി കയറി—തികഞ്ഞ നൈരാശ്യത്തോടെ.

"അന്ന് ഞാൻ മദ്രാസിലേക്ക് വണ്ടി കയറിയില്ലായിരുന്നെങ്കിൽ ഒരു പക്ഷെ ഞാനിങ്ങനെയൊന്നുമാകുമായിരുന്നില്ല; രണ്ട് വർഷത്തിന് ശേഷം കോഴ്സ് നിർത്തിവെച്ച് മടങ്ങിവന്നില്ലായിരുന്നെങ്കിലും"—വായനാമുറിയുടെ ചുമരിൽ തൂക്കിയിട്ട സാഹിത്യ അക്കാദമി അവാർഡ് ഫലകത്തിലേക്ക് ദൃഷ്ടി പായിച്ചുകൊണ്ട് ഖാദർ പറഞ്ഞുനിറുത്തി.

---

# നീണ്ട വിസ്മയങ്ങളില്ലാതെ, എങ്കിലും

## രഘുനാഥ് പലേരി

കാമ്പസ് അനുഭവങ്ങൾക്കായി രഘുനാഥ് പലേരിക്ക് അധികമൊന്നും പിറകോട്ട് നമ്മെ നയിക്കേണ്ടതില്ല. 1971—'76 കാലത്തെ കോഴിക്കോട് ആർട്സ് ആൻറ് സയൻസ് കോളേജിൻെറ സമ്പന്നമായ ചുററുവട്ടങ്ങളിൽ നിന്നും അല്പം മാത്രം............

കഥയെഴുതിക്കിട്ടുന്ന പ്രതിഫലം കൊണ്ട് വിദ്യാഭ്യാസം നേടുക എന്നത് നമുക്കൊരു പക്ഷെ അപരിചിതമാവാം. പക്ഷെ ചന്ദ്രിക ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകൃതമായ ചെറുകഥകൾമൂലം രഘുവിൻെറ വീട്ടിൽ അടുപ്പെരിഞ്ഞ ദിനങ്ങളുമുണ്ടായിട്ടുണ്ട്.

1971ലാണ് രഘുനാഥ് ഒന്നാംവർഷ പ്രീ ഡിഗ്രി വിദ്യാർത്ഥിയായി ആർട്സ് കോളേജിലേക്ക് വരുന്നത്. ഇല്ലായ്മയുടെ മുഖം ആവുന്നതും മറച്ച്വെച്ച് വരുന്ന ഒരു സാനാരണ പയ്യൻ! നാട്യങ്ങളുടെയും ജാടുകളുടെയും ലോകത്ത് നിന്ന് കഴിയുന്നതും ഒഴിഞ്ഞുനില്ക്കാൻ ശ്രമിച്ച രഘുവിനെ പക്ഷെ, കാമ്പസ് മെല്ലെ അറിയാൻ തുടങ്ങിയിരുന്നു.

ഞാൻ ഒന്നാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥിയായിരുന്നപ്പോഴാണ് എൻെറ ആദ്യത്തെ കഥ—'ഭ്രാന്തൻ' ചന്ദ്രിക പ്രസിദ്ധീകരിക്കുന്നത്. അവർ എനിക്ക് അഞ്ചു രൂപാ തന്നു. മൂന്നു രൂപ അമ്മയെ .എൽപി

ച്ച്, രണ്ട് രൂപക്ക് ഞാൻ ഹോട്ടലിൽ കയറി ചാപ്സും പൊറാട്ടയും കഴിച്ചു. എൻെറ വളരെക്കാലത്തെ ആഗ്രഹമായിരുന്നു, ചാപ്സ് കഴിക്കുക എന്നത്.

നഗരത്തിൽ നിന്നും അല്പമകന്ന്, ഒച്ചവെപ്പുകളും ദുശ്ശീലങ്ങളും മേഞ്ഞുനടന്നിരുന്ന കാമ്പസിൻെറ വിരസതകളിൽ ആദ്യമാദ്യം രഘു കേവലം രഘു മാത്രമായിരുന്നു. എന്നാൽ രണ്ടാംവർഷ പ്രീഡിഗ്രി എത്തിയപ്പോഴേക്കും രഘുനാഥ് കാമ്പസിൽ ഏവരും അറിയുന്ന എഴുത്തുകാരനായിക്കഴിഞ്ഞിരുന്നു. 'ചന്ദ്രിക'യിലും 'വീക്ഷണ'ത്തിലും രഘുവിൻെറ രചനകൾ തുടർച്ചയായിവന്നു. 1973ൽ രഘുനാഥ് പ്രീഡിഗ്രി കഴിഞ്ഞ് കാമ്പസിൻെറ പടിയിറങ്ങി. പക്ഷെ ഇനിയും തിരിച്ചുവരാം എന്ന് മനസ്സുകൊണ്ട് പറഞ്ഞിരുന്നു. രഘു ഇംഗ്ലീഷ് സാഹിത്യ ഡിഗ്രി വിദ്യാർത്ഥിയായി തിരിച്ചുവന്നു. ഇടക്ക് കഥകളെഴുതിയും, പ്രതിഫലത്തിൽ നിന്നൊരു പങ്ക് അമ്മയെ ഏൽപിച്ചും രഘുനാഥ് എന്ന കൊച്ചു സാഹിത്യകാരൻ കാമ്പസിൽ അങ്ങനെ 'വിലസിനടക്കുന്ന' കാലത്താണ് രസകരമായ ഒരു സംഭവമുണ്ടായത്. ഓർക്കുമ്പോൾ പലേരിയുടെ മുഖത്ത് ഇന്ന് ചിരിയുടെ നിഴലാട്ടം ! രഘുവിൻെറ വീട്ടിനടുത്ത് ഗോപി എന്ന് പേരുള്ള ഒരു യുവ സാഹിത്യകാരൻ താമസിച്ചിരുന്നു. അയാളുടെ ഒരു നോവലെററ് ചന്ദ്രിക ആഴ്ചപ്പതിപ്പ് പല അധ്യായങ്ങളായി പ്രസിദ്ധീകരിച്ചുവന്നു. പക്ഷെ, വമ്പിച്ച ഒരു പ്രതിസന്ധിയിലേക്ക് ഗോപിയെയും 'ചന്ദ്രിക'യേയും വിട്ടുകൊണ്ട് ഒരു ദിവസം അയാൾക്ക് 'അപ്പോയ്ൻറ്മെൻറ് ഓഡർ' വരുന്നു. യുവസാഹിത്യകാരനെ സംബന്ധിച്ചിടത്തോളം തൻെറ ഗൾഫ് ജോലി വേണ്ടെന്നുവെക്കുന്ന കാര്യം ആലോചിക്കാവുന്നതിലപ്പുറമായിരുന്നു. ഗോപി തൻെറ പുതിയ മേച്ചിൽപുറത്തേക്ക് യാത്രയായി. ഈ 'ക്രിട്ടിക്കൽ സ്റേറജിൽ' രഘു തൻെറ സ്വതസിദ്ധമായ ചെറുപുഞ്ചിരിയുമായി മുന്നോട്ട് വന്നു. നോവലെററിൻെറ ബാക്കി ഭാഗങ്ങൾ എഴുതികൂട്ടി. 'ചന്ദ്രിക'യാവട്ടെ അത് തുടർന്ന് പ്രസിദ്ധീകരിക്കുകയും ചെയ്തു.—ഗോപിയുടെ പേരിൽ തന്നെ. യഥാർത്ഥത്തിൽ ഗോപി എഴുതിയ ഭാഗങ്ങൾ ശരിക്ക് വായിച്ചുനോക്കാൻപോലും രഘുനാഥിന് സാധിച്ചിരുന്നില്ല. നോവലെററ് അവസാനിച്ചപ്പോൾ അനുവാചകരുടെ ധാരാളം അഭിനന്ദനകത്തുകൾ വന്നു.—അഭിനന്ദനങ്ങളൊക്കെയും ഗോപിക്ക് !

ഡിഗ്രി മൂന്നാം വർഷത്തിലാണ് രഘുനാഥ് പലേരിയുടെ ആദ്യത്തെ തിരക്കഥ ജനിക്കുന്നത്. 'നാഷണൽ ഫിലിം ഡവലപ്പ്മെൻറ് കോർപറേഷനു' (N. F. D. C) വേണ്ടിയായിരുന്നു അത്. പിന്നീട് രഘുനാഥിൻെറ "ഗ്രാമത്തിൽനിന്ന്" എന്ന കഥ സിനിമയായി. ചലച്ചിത്രലോകത്തേക്കുള്ള രഘുവിൻെറ ചുവടുമാററം അവിടെനിന്നാണ് ആരംഭിക്കുന്നത്.

"ഇന്ന് ആർട്സ് കോളേജിൻെറ മുന്നിലൂടെ പോകുമ്പോൾ എന്തെന്നറിയാത്ത ഒരു വികാരം എന്നിൽ നിറയുകയാണ്. അസാധ്യമാണെന്നറിഞ്ഞിട്ടും 'ഒരു വട്ടം കൂടി ഓർമ്മകൾ മേയുന്നാ തിരുമുററത്തെത്താൻ'; പഴയ രഘുവാകാൻ ആഗ്രഹിച്ചുപോകുന്നു." ഇങ്ങനെ പറഞ്ഞു നിർത്തുമ്പോൾ ഒരിക്കലും നഷ്ടപ്പെടാത്ത ഒരോർമ്മ രഘുവിൽ നിറയുന്നത് നാം കാണുന്നു.

അന്ന് രഘു രണ്ടാംവർഷ ഡിഗ്രി വിദ്യാർത്ഥിയാണ്. രഘുവിന്റെ 'കളിയാട്ടം' എന്ന നോവലെററ് വീക്ഷണം വാരിക പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്നു. 'കളിയാട്ട'ത്തിലെ ഒരു പ്രധാന കഥാപാത്രമാണ് അപ്പു വേട്ടൻ. അപ്പുവേട്ടൻ ഒരു ദിവസം പെട്ടെന്നങ്ങ് മരിച്ചു. വായനക്കാർക്ക് വളരെ 'ഫീൽ' ചെയ്യുന്ന ഒരു സംഭവമാണ് അയാളുടെ മരണം. തന്റെ എല്ലാ രചനകളും സശ്രദ്ധം വായിക്കുന്ന ഒരു അനുവാചകയുണ്ടായിരുന്നു, രഘുവിന്റെ ക്ലാസിൽ. 'അപ്പുവേട്ടൻ മരിച്ചതിന്റെ' പിറേറന്ന് ക്ലാസിലേക്ക് കയറേണ്ട താമസം, ആ പെൺകുട്ടി ഓടിവന്ന് രഘുവിന്റെ കരണത്ത് ആഞ്ഞടിച്ചു. "ആര് പറഞ്ഞു നിന്നോട് അപ്പുവേട്ടനെ കൊല്ലാൻ?" കഥാകൃത്ത് സ്തബ്ധനായി നിന്നപ്പോഠം അനുവാചക ഓടിപ്പോയി തന്റെ ബഞ്ചിലിരുന്ന് ഏങ്ങലടിച്ചു. "അപ്പുവേട്ടൻ എന്ന കഥാപാത്രത്തെ ആ പെൺകുട്ടി ശരിക്കും ഉഠംക്കൊണ്ടിരിന്നു. അവഠം അന്നെനിക്ക് സമ്മാനിച്ച ആ അടി, അതി ഭൂമിയിൽ ലഭിക്കുന്ന ഏത് അവാർഡിനേക്കാളും വലുതാണ്." ആ അനുവാചക പക്ഷെ, ഇന്ന് ജീവിച്ചിരിപ്പില്ല. ഇനിയും പേരിടപ്പെടാത്ത ഏതോ മഹാരോഗം അവളെ കാലയവനികക്കുള്ളിലേക്ക് കൊണ്ട്പോയി.

ഒഴിഞ്ഞ തിരക്കിലെ സംസാരങ്ങഠംക്കിടയിൽ നിന്നും പലേരിയിൽനിന്ന് ഒന്നറിഞ്ഞു—യാതനകളറിഞ്ഞ മാനുഷികതയുടെ പച്ചമുഖം.

---

# അധ്യാപനത്തിന്റെ വാത്സല്യം

## പി. വൽസല

അനുഭവങ്ങളാരാഞ്ഞപ്പോഠം വത്സലടീച്ചർ മുഖവുരയായിപ്പറഞ്ഞു: "ഞാനെന്താണ് പറയേണ്ടത് ? കാമ്പസിൽ എനിക്ക് മധുരിക്കുന്ന അനുഭവങ്ങളേറെ ഉണ്ടായിട്ടില്ല. ഉണ്ടായിട്ടുള്ളവയധികവും കുറെ പരുത്ത ജീവിതയാഥാർത്ഥ്യങ്ങളാണ്."

1955–'60 കാലത്തെ കോഴിക്കോട് പ്രോവിഡൻസ് കോളേജാണ് ടീച്ചറിന്റെ കാൻവാസ്. തുടർന്ന് പഠിക്കാൻ വേണ്ടി യാഥാസ്ഥിതികരായ വീട്ടുകാരോട് സമരം ചെയ്ത വത്സല, അവരേക്കാഠം വലിയ യാഥാസ്ഥികരുടെ ഇടയിലേക്കാണ് ചെന്നെത്തിയത്. കമ്മ്യൂണിസ്ററ് ചിന്താഗതി കേരളത്തിലെ സാധാരണക്കാരുടെ മനസ്സിൽ വേരൂന്നിക്കഴിഞ്ഞിരുന്ന അക്കാലത്ത്, വത്സലയിലെ വിപ്ലവകാരി പ്രോവിഡൻസിലെ മദറുമാർക്കും സിസ്ററർമാർക്കും തലവേദന സൃഷ്ടിച്ചു.

ഇടത്താം കുടുംബത്തിൽനിന്നാണ് വത്സല വരുന്നത്. ഉന്നതകുടുംബത്തിൽനിന്നും വന്ന അമ്മ. ഉറച്ച കമ്മ്യൂണിസ്റ്റ് ചിന്താഗതിക്കാരനായ അച്ഛനാവട്ടെ, തൻെറ മകളുടെ കാര്യത്തിൽ വളരെ യാഥാസ്ഥിതികനായിരുന്നു. ഉയർന്ന മാർക്കോടെ സ്കൂൾ ഫൈനൽ പാസായ വത്സലയെ കോളേജിൽ വിടേണ്ടതില്ല എന്ന് തന്നെയായിരുന്നു അദ്ദേഹത്തിൻെറ തീരുമാനം. പക്ഷെ വത്സല തുടർന്ന് പഠിക്കാനുള്ള അവസരം 'സമരം ചെയ്ത'' നേടി.

അങ്ങനെയാണ് 1955ൽ വത്സല പ്രോവിഡൻസ് കോളേജിലെത്തുന്നത്. ഇന്ന് കാമ്പസിനെക്കുറിച്ചോർക്കുമ്പോൾ ടീച്ചറുടെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് അവിടത്തെ മനോഹര ദൃശ്യങ്ങളാണ്. പ്രോവിഡൻസിൻെറ പ്രകൃതി രമണീയത മനസ്സിനെ കുളിരണിയിക്കുന്നതായിരുന്നു. പക്ഷെ, സുന്ദരമായ ആ കാമ്പസിലെ ഓരോ വിദ്യാർത്ഥിനിയും അദൃശ്യമായ ഓരോ കടിഞ്ഞാണിനാൽ നിയന്ത്രിക്കപ്പെട്ടു. കേരളത്തിൽ കമ്മ്യൂണിസം അതിൻെറ വിസ്തൃതി കൂട്ടിക്കൊണ്ടിരുന്നപ്പോൾ കൃസ്തീയ പുരോഹിതർ പ്രോവിഡൻസിന് ചുററും ഉരുക്ക് മതിൽ തീർക്കുകയായിരുന്നു. വിദ്യാർത്ഥിനി തൻെറ ഓരോ നിമിഷവും എന്തിനൊക്കെ ചിലവഴിക്കണമെന്ന് 'അതോറിട്ടി' കാലെകൂട്ടി തീരുമാനിച്ചുവെച്ചിരുന്നു—'' ഒരിക്കൽ പുറത്തുനിന്ന് വരുത്തിയ സാഹിത്യപുസ്തകം വായിച്ചതിന് ശാസിക്കപ്പെട്ട വത്സലടീച്ചർ ഓർത്തു.

സ്കൂൾ മാഗസിൻ എഡിററായിരുന്ന വത്സല, കോളെജിലും സാഹിത്യവുമായുള്ള തൻെറ ആത്മബന്ധം ശക്തിയോടെ പുലർത്തിപ്പോന്നു. കോളെജ് മാഗസിനിൽ വത്സല എന്ന ബഹുമുഖപ്രതിഭ ചിത്രകാരിയായും കഥാകൃത്തായും നിരൂപകയായുമെല്ലാം പ്രത്യക്ഷപ്പെട്ടു. സാഹിത്യത്തോടുള്ള ഭ്രമം വളരെ ചെറുപ്രായത്തിലെ വത്സലയിൽ അങ്കുരിച്ച ഒന്നാണ്. സാഹിത്യഗ്രന്ഥങ്ങളും കാലികങ്ങളും വായിക്കുന്ന, തൊള്ളായിരത്തി അൻപതുകളിലെ അപൂർവ്വം ചില വീട്ടമ്മമാരിൽ ഒരാളായിരുന്നു, വത്സലയുടെ അമ്മ. അച്ഛനാവട്ടെ, പാർട്ടി ലേബലിൽ പുറത്തിറങ്ങുന്നവയെങ്കിലും കുറെ പുസ്തകങ്ങൾ വീട്ടിലേക്ക് വരുത്തിയിരുന്നു. ഇവയിലൂടെയൊക്കെയാണ് വത്സല വളർന്നു വന്നത്.

1955 മുതൽ '57 വരെയുള്ള പ്രീഡിഗ്രികാലം ചികഞ്ഞപ്പോൾ ടീച്ചറിൻെറ ഓർമ്മകളിൽ പൊങ്ങിവന്ന ഒരു സംഭവം, രണ്ടാംവർഷ പ്രീഡിഗ്രി വിദ്യാർത്ഥനിയായിരുന്നപ്പോൾ ഗുരുവായൂരപ്പൻ കോളെജിൽ പോയതാണ്. അന്ന് വി. കെ. കൃഷ്ണമേനോൻ കോഴിക്കോട്ട് വന്നപ്പോൾ ഗുരുവായൂരപ്പൻ കോളെജിലും പ്രസംഗിക്കാൻ വന്നു, വീട്ടിനും പ്രൊവിഡൻസിനും പുറമെയുള്ള ഒരു ലോകത്തേക്ക് എത്തിനോക്കാൻ വത്സലക്ക് ലഭിച്ച അപൂർവ്വ അവസരം! പ്രിൻസിപ്പലിൻെറ അനുവാദം ലഭിച്ച അല്പം ചില വിദ്യാർത്ഥിനികളിൽ ഒരാളായി • വത്സലയും അവിടെയെത്തി; കൃഷ്ണമേനോൻെറ ഗംഗാപ്രവാഹ തുല്യമായ വാഗ്ധോരണി കേട്ട് തിരിച്ചുവന്നു.

1957ൽ വത്സല എക്ണോമിക്സ് ഡിഗ്രി വിദ്യാർത്ഥിയായി തിരിച്ചുവന്നു. അപ്പോഴേക്കും രാഷ്ട്രീയപരമായ അവബോധത്തോടൊപ്പം രചനാപരമായ മൗലികതയും അവർ സ്വായത്തമാക്കിയിരുന്നു. ഡിഗ്രി

ഒന്നാം വർഷം കഴിയുമ്പോഴേക്കും അവിഭക്ത കമ്യൂണിസ്ററ് പാർട്ടിയുടെ വിദ്യാർത്ഥിസംഘടനയായ K. S. F. ന്റെ സജീവ പ്രവർത്തകയായി മാറി. കാമ്പസ് രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞപ്പോൾ വത്സലടീച്ചർ രസകരമായ ഒരനുഭവം പറഞ്ഞു. ഓർക്കുമ്പോൾ ചുണ്ടിൽ ചിരിയൂറുന്നുവെങ്കിലും വത്സലയുടെ പഠനം തന്നെ നിലക്കാൻ പോന്ന ഒരു സംഭവമായിരുന്നു, അത്. അന്ന് വത്സല രണ്ടാംവർഷ ഡിഗ്രി വിദ്യാർത്ഥിനിയാണ്. K. S. F. ന്റെ ഒരു പ്രകടനം കോഴിക്കോട് നഗരം കേന്ദ്രീകരിച്ച് നടക്കാൻ പോകുന്നു. സംഘാടകരുടെ നിർബന്ധത്തിന് വഴങ്ങി വത്സലയും പങ്കെടുക്കാനെത്തി. പ്രകടനം തുടങ്ങാറായപ്പോഴാണ് വത്സല ഒരു സത്യം മനസ്സിലാക്കുന്നത്—പ്രകടനത്തിൽ പെണ്ണായിട്ട് വത്സല മാത്രമേയുള്ളൂ. പക്ഷെ, നാണിച്ച് പിൻമാറാൻ ഏതായാലും വത്സല ഒരുക്കമല്ലായിരുന്നു. അങ്ങനെ പ്രകടനം കോഴിക്കോട് പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ മുമ്പോട്ട് നീങ്ങി. അതിനിടക്ക് ആരോ ഒരാൾ പ്രകടനത്തിന്റെ ചിത്രം തന്റെ ക്യാമറയിൽ പകർത്തി. ഒരു പെൺകുട്ടി പ്രകടനത്തിൽ പങ്കെടുക്കുക എന്നത് ഏറെ 'ന്യൂസ്‌വാല്യൂ' ഉള്ള ഒന്നായിരുന്നു! പിറേറന്ന് പുറത്തിറങ്ങിയ വർത്തമാന പത്രങ്ങളിൽ വത്സലയുടെ മുഖം തിളങ്ങിനിന്ന പ്രകടനത്തിന്റെ ഫോട്ടോ വന്നു. പ്രൊവിഡൻസ് കാമ്പസിനെ ഇളക്കി മറിച്ച ഒരു സംഭവമായിരുന്നു അത്. വത്സല എന്ന വിദ്യാർത്ഥിനി പ്രിൻസിപ്പലിന്റെ മുമ്പിൽ നിർവ്വികാരയായി നിന്നു. പക്ഷെ ആരുടെയോ ഭാഗ്യംകൊണ്ട്, ഒന്നും സംഭവിക്കാതെ ആ അധ്യായം അവിടെ അവസാനിച്ചു. എന്നാൽ വത്സലക്ക് വലിയൊരു നേട്ടമുണ്ടായി. കോഴിക്കോട്കാരിയായ വത്സല അന്നാദ്യമായി മിഠായിത്തെരുവ് കണ്ടു! "ഒരു കാര്യം ശ്രദ്ധിക്കണം ഞങ്ങളന്ന് പ്രകടനം നടത്തിയത് ക്ലാസ് കഴിഞ്ഞ സമയത്തായിരുന്നു. ഇന്ന് സ്ഥിതിഗതികളാകെ മാറിയിരിക്കുന്നു. വിദ്യാർത്ഥികളിന്ന് വെറും വോട്ടർമാരാണ്. ഗുരുകുല ഗൗരവത്തോടെയായിരിന്നു, ഞങ്ങളൊക്കെ കോളെജിനെ സമീപിച്ചിരുന്നത്. ഇന്നാകട്ടെ ഇവിടുത്തെ കോളെജുകളൊക്കെ വെറും 'അററൻഡൻസ്' ഉൽപാദിപ്പിക്കുന്ന ഫാക്ടറികളാണ്" ഇതു പറയുമ്പോൾ ടീച്ചറുടെയുള്ളിൽ രോഷം നിറയുന്നത് നാം കാണുന്നു,

ഡിഗ്രി മൂന്നാം വർഷത്തിലാണ് വത്സലയുടെ "കടലാസുപൂക്കൾ" എന്ന ചെറുകഥ 'നവയുഗം' പ്രസിദ്ധീകരിക്കുന്നത്. കാലികങ്ങളിൽ പ്രസിദ്ധീകരിച്ച വത്സലയുടെ ആദ്യ രചനയായിരുന്നു അത്. പിന്നീട് കോളേജിലിരിക്കേ തന്നെ മാതൃഭൂമിയിൽ "കിളിക്കൂട്" പ്രസിദ്ധീകരിക്കപ്പെട്ടു. കുറവല്ലാത്ത എണ്ണം നോവലുകൾ വത്സലയുടെ പേരിലുണ്ടെങ്കിലും ചെറുകഥയാണ് വത്സലയുടെ ഇഷ്ടയിനം.

എഴുത്ത് വരുമാനമാർഗ്ഗമല്ല എന്ന് ഉറച്ച് വിശ്വസിക്കുന്ന വത്സലയുടെ ഏറെ കൃതികളൊന്നും കോളെജിലായിരുന്നപ്പോൾ രചിക്കപ്പെട്ടിട്ടില്ല. പ്രോവിഡൻസിന്റെ പ്രത്യേക ചുററുപാടിൽ അത് സാധിച്ചില്ല എന്നതാണ് സത്യം. പെൺകുട്ടികൾ മാത്രം പഠിക്കുന്ന കാമ്പസിൽ നിന്നും വന്ന വത്സല, പെൺകുട്ടികൾ മാത്രം പഠിക്കുന്ന ഒരു സ്ഥാപനത്തിലെ പ്രധാനാധ്യാപികയാണിന്ന്. ടീച്ചറത് ഒരിക്കലും ഇഷ്ടപ്പെടുന്നില്ലെങ്കിലും അങ്ങനെയാണ് സംഭവിച്ചത്. ഇനി ടീച്ചർക്ക് 'റിട്ടയർമെൻറ് ലൈഫാണ്.' ഒപ്പം സാഹിത്യത്തിന്റെ സജീവതകളിലേക്കുള്ള യാത്രയും.

# എളിമയുടെ ഓർമ്മകൾ

## പി. പി. ഉമ്മർകോയ

ഒരു മുൻ വിദ്യാഭ്യാസ മന്ത്രിയുടെ കോളെജ് ജീവിതം, അത് ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ചെറുതായെങ്കിലും ബന്ധപ്പെട്ടു കിടക്കുന്നു. യഥാർത്ഥത്തിൽ സ്വാതന്ത്ര്യ ലബ്ധിക്ക് തൊട്ടുമുമ്പുള്ള കാലത്തെ ഓരോ ഇന്ത്യൻ വിദ്യാർത്ഥിയുടെയും കൂടി ചിത്രമാണ് ഉമ്മർകോയയുടെ അനുഭവ സാഗരത്തിൽ നമുക്ക് കാണാൻ കഴിയുന്നത്.

വിദ്യാഭ്യാസം നേടുക എന്നത് സമ്പന്നർക്ക് മാത്രം സാധിച്ചിരുന്ന ഒരു കാലഘട്ടത്തിൽ പിന്നോക്കത്തിൽ പിന്നോക്കം നില്ക്കുന്ന കോഴിക്കോട് കുററിച്ചിറയിലെ ഒരു ദരിദ്ര മുസ്ലീം കുടുംബത്തിൽ നിന്നാണ്, ഉമ്മർകോയ മദ്രാസ് ക്രിസ്ത്യൻ കോളെജിലേക്ക് തിരിക്കുന്നത്. ഉമ്മർകോയയുടെ വാക്കുകളിൽ പറഞ്ഞാൽ, അന്നത്തെ—മദ്രാസിലേക്കുള്ള , ആ തീവണ്ടി യാത്ര പോലും ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തിന് കേട്ടറിവുപോലുമില്ലാത്ത തരത്തിൽ ദുരിത പൂർണ്ണമായിരുന്നു. രണ്ടാംലോകമഹായുദ്ധം കൊടുമ്പിരികൊണ്ടിരുന്ന ആ സമയത്ത്, പട്ടാളക്കാരെക്കൊണ്ട് തിക്കിനിറച്ച കൽക്കരി വണ്ടിയിൽ, മിക്കവാറും നിന്നുകൊണ്ടുള്ള ആ യാത്ര ഉമ്മർകോയയുടെ മനസ്സിൽ ഇന്നും മായാതെ നില്പുണ്ട്,

കോഴിക്കോട് എം. എം. ഹൈസ്ക്കൂളിൽ നിന്നും ഗുരുവായൂരപ്പൻ ഇൻറർമീഡിയററ് കോളെജിലേക്കും, അവിടെനിന്ന് മദ്രാസ് ക്രിസ്ത്യൻ കോളെജിലേക്കുമുള്ള ഉമ്മർകോയയുടെ യാത്ര ഏറെ പരുപരുത്ത പാതകളിലൂടെയായിരുന്നു. ഗുരുവായൂരപ്പൻ കോളെജിലെ ഗോപാലൻ നായർ മാഷാണ് ഉമ്മർകോയ എന്ന കുപ്പയിലെ മാണിക്യത്തെ കണ്ടെടുത്തത്. ഉമ്മർകോയക്ക് തൻെറ വീട്ടിൽവെച്ച് പാഠഭാഗങ്ങൾ പറഞ്ഞുകൊടുക്കുകയും വിശന്നനേരത്ത് ഭക്ഷണം നല്കുകയും ചെയ്ത ഗോപാലൻ മാഷ്, തൻെറ അരുമ ശിഷ്യൻ കേരളത്തിൻെറ വിദ്യാഭ്യാസമന്ത്രിവരെയാകുമെന്ന് അന്നോർത്തിരിക്കില്ല.

1942 ലാണ് ഉമ്മർകോയ മദ്രാസ് ക്രിസ്ത്യൻ കോളെജിൻെറ മനോഹരവും വിശാലവുമായ കാമ്പസിൽ, ഇക്കണോമിക്സ് ബി. എ. ഓണേഴ്സ് വിദ്യാർത്ഥിയായെത്തുന്നത്. മദ്രാസ് നഗരത്തിൽനിന്നും പതിനാറ് നാഴിക വിട്ടുള്ള താംബരം എന്ന രമണീയ ഗ്രാമത്തിന് ബ്രിട്ടീഷ് സർക്കാർ ചാർത്തിയ തിലകക്കുറിയാണ് ക്രിസ്ത്യൻ കോളെജ്! അതി

ൻെറ തുടിപ്പുകളറിഞ്ഞ ഉമ്മർകോയക്ക് തീർത്തും വ്യത്യസ്തമായി, ചിരിപ്പിക്കുന്ന അനുഭവങ്ങൾ ചികഞ്ഞെടുക്കാനില്ല. "അത് സീരിയസ് സ്ററഡി' യുടെ കാലമായിരുന്നു. ഓരോ വിദ്യാർത്ഥിയും തൻെറ പഠനത്തിൽ മാത്രം ശ്രദ്ധിച്ചു. വളരെ തുച്ഛം പെൺകുട്ടികൾ മാത്രം പഠിച്ചിരുന്ന അന്ന്, ഇന്ന് വ്യാപകമായിക്കഴിഞ്ഞ 'ഐസ്ക്രീം പ്രേമങ്ങൾ ഉരുവിട്ടിട്ടേയില്ല എന്നു തന്നെപറയാം. ആകപ്പാടെ ഞങ്ങൾക്കുണ്ടായിരുന്ന ഒരു 'ജോളി' വല്ലപ്പോഴുമൊരിക്കൽ മദ്രാസ് സിററിയിൽ സിനിമകാണാൻ പായിരുന്നതാണ് അത്പോലും എന്നെ മിക്കവാറും സുഹൃത്തുക്കൾ സഹായിച്ചിട്ടാണ്. എന്നാൽ എന്നെപ്പോലെ ചുരുക്കം ചിലർ അന്ന് സജീവ രാഷ്ട്രീയ ബന്ധമുള്ളവരായിരുന്നു. കോൺഗ്രസിൻെറയും ഗാന്ധിജിയുടെയും വാക്കുകൾ ഞങ്ങളെ ആവേശം കൊള്ളിച്ചു.

ഓർമ്മകളിൽ തങ്ങിനില്ക്കുന്ന ഒരനുഭവം 'കേരളസമാജ'ത്തിൻെറ പകിട്ടാർന്ന ദിനങ്ങളാണ്. എൻ. വി. കൃഷ്ണവാര്യരും മററും സമാജത്തിൻെറ അന്നത്തെ പ്രമുഖ സംഘാടകരായിരുന്നു. അന്നൊരിക്കൽ കൃഷ്ണവാര്യരും ഉമ്മർകോയയും 'ഐക്യകേരളമീററിങ്ങിൽ' പങ്കെടുക്കാൻ തൃശ്ശൂരിൽ വന്നു. വി. കെ. കൃഷ്ണമേനോൻ പങ്കെടുക്കുന്ന മഹാസമ്മേളനം തുടങ്ങുകയായി. അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കാനായി ഏവരും കാത്തിരിക്കുകയാണ്. ഈ സമയത്ത് പനമ്പിള്ളി ഗോവിന്ദമേനോൻ ഉമ്മർകോയയെ വിളിക്കുന്നു. "കൃഷ്ണമേനോൻെറ ഇംഗ്ലീഷ് പ്രസംഗം കുട്ടി പരിഭാഷപ്പെടുത്തണം." ഉമ്മർകോയ നിന്നു പരുങ്ങുകയായിരുന്നു. "ഞങ്ങൾക്കാർക്കും പററാഞ്ഞിട്ടല്ല. കുട്ടിക്കറിയാമല്ലോ, മേനോന് മലയാളം സംസാരിക്കാൻ കഴിയില്ലെന്നേയുള്ളൂ— അസ്സലായിമനസ്സിലാകും. നിങ്ങളെപ്പോലുള്ള ഒരു യുവാവാകുമ്പോൾ വല്ലതെററും സംഭവിച്ചാൽ തന്നെ അദ്ദേഹം വഴക്കു പറയില്ല." എല്ലാ രക്ഷാമാർഗ്ഗങ്ങളുമടഞ്ഞപ്പോൾ, ഒടുവിൽ ഉമ്മർകോയ സമ്മതിച്ചു.

കൃഷ്ണമേനോന് ഒരു സ്വഭാവവിശേഷമുണ്ട്. തൻെറ പ്രസംഗം മുറിച്ച് മുറിച്ച് പറഞ്ഞ് പരിഭാഷക്കായി കാത്തുനില്ക്കാറില്ല. ഉമ്മർകോയയെ സംബന്ധിച്ചിടത്തോളം അതൊരു വൻ പരീക്ഷണഘട്ടം തന്നെയായിരുന്നു. ഒരു മണിക്കൂർ നേരം കൃഷ്ണമേനോൻെറ നാവിൽ നിന്നും വാക്കുകൾ ഒഴുകുകയായിരുന്നു. തനിക്കാവുന്നത്ര കാര്യങ്ങൾ ഉമ്മർകോയ മനസ്സിൽ പിടിച്ചെടുത്തു. തുടർന്ന് തൻെറ സ്വതസിദ്ധമായ ശൈലിയിൽ പരിഭാഷ അവതരിപ്പിച്ചു.

മനസ്സിൻെറ ഉള്ളറയിൽ മങ്ങലേൽക്കാതെ സൂക്ഷിക്കാൻ മറെറാരനുഭവം കൂടി ഉമ്മർകോയക്ക് മദ്രാസ് ക്രിസ്ത്യൻ കോളെജ് സമ്മാനിച്ചിട്ടുണ്ട്. അന്ന് അദ്ദേഹം മൂന്നാം വർഷ ഡിഗ്രി വിദ്യാർത്ഥിയാണ്. ഇന്ത്യ സ്വാതന്ത്ര്യത്തിൻെറ വിശാലവീഥിയിലേക്ക് കാലെടുത്ത് വെക്കാൻ തുനിയുന്ന സമയം– ആ അവസരത്തിലാണ് ഗാന്ധിജിയുടെ മദ്രാസ് പര്യടനം നടന്നത്. ഗാന്ധിജി നഗരത്തിൽ രണ്ട് ദിവസം താമസിക്കുന്ന വിവരം ഏവരും ഹർഷപുളകിതരായാണ് കേട്ടത്.

മൊയ്തുമൗലവിയുടെ കൂടെയാണ് ഗാന്ധിജിയെ കാണാൻ പോയത് ലോകത്തിൻെറ മുഴുവൻ ശ്രദ്ധാകേന്ദ്രമായ ഒരു മനുഷ്യൻ—ആ മനുഷ്യൻെറ എളിമ ഇന്നും എനിക്കൊരു സമസ്യയാണ്....

# പേടിസ്വപ്നങ്ങൾ



സാദിഖ്

"അമ്മേ..........."
സൗമിത്രാനന്ദൻ ഒരു പേടിസ്വപ്നത്തിൽ നിന്നും ഞെട്ടിയുണർന്നു. വൈദ്യുതി നിലച്ച; പൂർവ്വാധികം ഇരുണ്ട ഒരു രാത്രിയിലേക്കായിരുന്നു അയാൾ ഉണർന്നത്. ഉണർന്നിട്ടും സൗമിത്രാനന്ദന്റെ മുന്നിൽ നിന്നും പേടിസ്വപ്നത്തിന്റെ തിരശ്ശീല വകഞ്ഞു മാറിയില്ല. സൗമിത്രാനന്ദൻ കൈ നീട്ടി തന്റെ മുന്നിലെ തിരശ്ശീല മാന്തിപ്പറിച്ചു. അയാളുടെ കാതുകളിലേക്ക് വീണ്ടും വീണ്ടും ഒരു കരച്ചിൽ അലയടിച്ചു വന്നു.

സൗമിത്രാനന്ദന്റെ കരച്ചിൽ കേട്ട് അപ്പുറത്തെ മുറിയിൽനിന്നും രേണുക വന്നെത്തിനോക്കി. ചാരിവച്ച വാതിൽപ്പാളികൾക്കിടയിലൂടെ അവളുടെ കഴുത്തു നീണ്ടു "എന്തേ........"

"ഒന്നുമില്ല........" സൗമിത്രാനന്ദൻ പറഞ്ഞു. അവൾ മുറിഞ്ഞുപോയ ഉറക്കത്തിന്റെ കണ്ണികളെ വിളക്കിച്ചേർക്കാൻ തിടുക്കപ്പെട്ട് മുറിയിലേക്കു നടന്നു.

സൗമിത്രാനന്ദൻ ഉഷ്ണിക്കുന്ന തലയിണയിലേക്ക് മുഖമമർത്തി ഇനി, സ്വപ്നം കണ്ടുണരാതിരിക്കാനായി ഉറങ്ങാതെ കിടന്നു. അങ്ങനെ കിടക്കുമ്പോൾ അയാളുടെ മുറിയുടെ ജാലകങ്ങൾ പാതി തുറക്കപ്പെടുകയും ഒരു കാററ് ക്ഷണിക്കപ്പെടാതെ കടന്നുവരികയും ചെയ്തു. കാററ് തന്റെ ഷേവ് ചെയ്യാത്ത മുഖം സ്പർശിച്ചു കടന്നുപോയപ്പോൾ

അതിൽ ഉണ്ണിയുടെ കുഞ്ഞിക്കൈകളുടെ ഈർപ്പമുണ്ടെന്ന് അയാൾക്ക് തോന്നി.

പൊടുന്നനെ അയാൾക്ക് ഉണ്ണിയോട് സംസാരിക്കണമെന്നു തോന്നുകയും ആ തോന്നലിൽ കിടന്ന് അയാളുറങ്ങിപ്പോവുകയും ചെയ്തു.

അയാളുടെ ഓഫീസു വഴി കടന്നുപോകുന്ന ബസ്സുകളിൽ മിക്കതും പോയി തീർന്നിട്ടുണ്ടാവുമെന്നറിഞ്ഞിട്ടും കാലിയായ ഭക്ഷണമേശക്കു മുമ്പിൽ അയാളൊട്ടേറെ നേരം കാത്തിരുന്നു. ഒടുവിൽ അടുത്തുള്ള സ്ക്കൂളിൽനിന്നും മണിയടി കേട്ടപ്പോൾ അയാൾ ശബ്ദമുണ്ടാക്കാതെ കസേര പിറകോട്ടു നീക്കി എഴുന്നേററു നടന്നു. കത്തുന്ന വയറുമായി ഓഫീസിലെത്തുമ്പോൾ അന്നും അയാൾക്ക് സൂപ്രണ്ടിന്റെ രൂക്ഷമായ നോട്ടത്തെ നേരിടേണ്ടി വന്നു.

ഓഫീസ് വിട്ടു വരുമ്പോൾ എത്രയോ കാലിയായ ബസ്സുകൾ തന്നെ കടന്നുപോയിട്ടും സൗമിത്രാനന്ദൻ നഗരത്തിന്റെ മുഷിഞ്ഞ സായാഹ്നത്തിലൂടെ മെല്ലെ നടന്നു. പൂക്കടക്കു മുന്നിൽ അയാൾ കുറച്ചുസമയം സംശയിച്ചുനിന്നു. പിന്നെ ഒരു കഷണം മുല്ലപ്പൂമാല വാങ്ങിച്ചു. അല്പനേരം ആ മാല അയാളുടെ കൈത്തലത്തിൽ നനഞ്ഞു കിടന്നു. അത് ഓവുചാലിലേക്കെറിഞ്ഞ് അയാൾ വീണ്ടും നടക്കാൻ തുടങ്ങി.

അങ്ങനെ നടക്കുമ്പോൾ അയാൾ സ്ക്കൂട്ടറുകളിലും കാറുകളിലും കാൽനടയായും ഭാര്യാഭർത്താക്കന്മാർ സായാഹ്ന സവാരിക്കിറങ്ങിയത് കണ്ടു. അവരെല്ലാം വളരെ ഉല്ലാസഭരിതരായിരുന്നു. സൗമിത്രാനന്ദന് തന്റെ ഇടതുവശത്ത് രേണുക നടക്കുന്നതായി തോന്നി. അയാൾ രേണുകയെ നോക്കി ചിരിച്ചു. രേണുക നാണത്താൽ അയാളുടെ തോളിലേക്ക് ചാഞ്ഞു.

പൊട്ടിക്കീറിയ പാദങ്ങളുമായി അയാൾ വീട്ടിലെത്തി. മേശപ്പുറത്തെ തണുത്തുറഞ്ഞ ഒരു ഗ്ലാസ് ചായയെ അയാളെന്നത്തെയും പോലെ അവഗണിച്ചു.

ചാരുകസേരയിൽ സീലിങ്ങിലെ അടർന്നുവീഴാറായ സിമന്റു കഷണങ്ങളെ നോക്കി കിടക്കുമ്പോൾ അയാൾക്കു പേടിതോന്നി—അതെങ്ങാൻ തലയിലേക്കു വീഴുമോ? അയാൾക്കു മുന്നിലൂടെ രേണുക അമ്പലത്തിൽ പോയിവരുന്ന വേഷത്തിൽ കയറിവന്നു. അയാൾ രേണുകയെ അങ്ങനെ നോക്കിയിരുന്നുപോയി. എന്തൊരഴകാണവൾക്ക്?

പൊടുന്നനെ അയാളുടെ മനസ്സിലേക്ക് ഒരു കുളിരിന്റെ സ്പർശം വന്നുവീണു. ഉണ്ണിയുടെ കുഞ്ഞിക്കൈകളുടെ ഈർപ്പമാണതെന്ന് അയാളറിഞ്ഞു. അയാൾ ഉണ്ണിയോട് പറഞ്ഞു. "ഉണ്ണീ ഒരു പാടു കാലങ്ങൾക്കു ശേഷം ഞാനിന്നു നിന്റെ അമ്മയെ കണ്ടു........"

അയാൾക്കു സന്തോഷം അടക്കവയ്യാതായി. അയാൾ വീണ്ടും വീണ്ടും ഉണ്ണിയെ വിളിച്ചു. ഒടുക്കം ഒരു ചെറു ചിരിയോടെ ഉണ്ണിപറഞ്ഞു. "എന്റെ അമ്മയോ? ഞാനവരുടെ മനസ്സിലൊരിക്കൽ പോലും വന്നിട്ടില്ലല്ലോ........" "വരും ഉണ്ണീ വരും.... നീയെന്റേതുമവളുടേതുമാകും........" അയാൾ ചാരുകസേരയിൽ നിന്നെഴുന്നേററ് തൊടിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

സൗമിത്രാനന്ദന് താനും രേണുകയും ഇത്രമാത്രം അകലാനുള്ള കാരണം എത്രയാലോചിച്ചിട്ടും പിടികിട്ടിയില്ല. എവിടെയായിരുന്നു താളപ്പിഴകളുടെ ആരംഭം എന്നും അയാൾക്കു മനസ്സിലായില്ല! തങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് ഇന്നേവരെ താനും അവളും തമ്മിൽ ഒരു ചെറിയ വഴക്കുപോലുമുണ്ടായിട്ടില്ല. പിന്നെ........എങ്ങനെയാണ് ഒരു വീട്ടിൽ തികച്ചും അന്യരെപ്പോലെ രണ്ടു ജീവികൾ....

പ്രണയത്തിന്റെ ഊഷ്മളദിനങ്ങളിലേക്ക് മടങ്ങിപ്പോകാൻ സൗമിത്രാനന്ദൻ ഒരു വേള ആഗ്രഹിക്കുകയും പിന്നെ കഴിയില്ലല്ലോ എന്നോർത്ത് നിരാശനാവുകയും ചെയ്തു.

ഉണ്ണി വന്നിരുന്നെങ്കിൽ താനും രേണുകയും തമ്മിലിത്ര അകലുകയില്ലെന്ന് അയാൾക്ക് തോന്നി. വേഗം വരാത്തതിന് അയാൾക്ക് ഉണ്ണിയോട് ദേഷ്യം വന്നു. പിന്നെ അയാൾക്കു തന്നെ തോന്നി, ഉണ്ണിക്ക് അങ്ങനെ വരാൻ പററില്ലല്ലോ.

തൊടിയിലെ മഞ്ഞുകാരണം മാമ്പൂവൊക്കെ കൊഴിഞ്ഞുപോയ മാവിൻചുവട്ടിൽ അയാൾ ഉണ്ണിയെയും കാത്തുനിന്നു. എന്നെങ്കിലും അവൻ വരും. അന്ന് രേണുകയുടെ പിണക്കമെല്ലാം മാറും. തങ്ങളൊന്നായി........

ഗേററ് തുറക്കുന്ന ശബ്ദം കേട്ട് അയാൾ തിരിഞ്ഞുനോക്കി. ഒരു വലിയ പെട്ടിയുമായി രേണുക ഗേററ് കടന്നുപോകുന്നു. അയാളോടിചെന്നു. പക്ഷേ രേണുക അയാൾക്കായി തിരിഞ്ഞുനിന്നില്ല. ഇരുട്ട് പടർന്നു തുടങ്ങിയ നിരത്തിലൂടെ റെയിൽവേസ്റ്റേഷന്റെ ദിശയിലേക്ക് രേണുക ഒരി നേർരേഖയിലൂടെ നടന്നു.

തിരിഞ്ഞു നടക്കുമ്പോൾ അയാൾക്ക് ഗേററിനു ചുവടെനിന്നും ഒരു കുറിപ്പ് കിട്ടി. രേണുക എഴുതിയതാണ് "ഞാൻ വീട്ടിലേക്ക് പോകുന്നു"....... അയാൾക്ക് ആരോടൊക്കെയോ ദേഷ്യം തോന്നി. ആ കുറിപ്പ് ചുരുട്ടിയെറിഞ്ഞ് സൗമിത്രാനന്ദൻ വീടിന്നകത്തേക്ക് നടന്നു. അവിടെ തന്നെ സ്ഥിരം പേടിസ്വപ്നങ്ങൾ കാത്തിരിക്കുന്നുണ്ടെന്ന അറിവ് അയാളെ സന്തോഷിപ്പിച്ചു.

അതെ, ഇപ്പോൾ സൗമിത്രാനന്ദൻ പേടിസ്വപ്നങ്ങൾ കാണുമ്പോൾ ചിരിക്കാൻ പഠിച്ചിരിക്കുന്നു.

# സ്ട്രൈക്ക്

റഷീദ് പി. വി.

നോട്സ് എഴുതാനുള്ള പേപ്പർ വാങ്ങി പോക്കററിൽ തിരുകി കടയിൽനിന്നും റോഡിലേക്കിറങ്ങി. ദൂരെനിന്നും വരുന്ന ഒരു ബസ്സിന് കൈനീട്ടി. വല്ല ദൂരയാത്രക്കാരുമാവുമെന്ന് കരുതിയാവണം ബസ് മുന്നിൽ തന്നെ നിന്നു. ഞാൻ ബസിൽ കയറി. എൻെറ അടുക്കൽ വന്ന് കൈനീട്ടിയ കാക്കിധാരിക്ക് ഞാൻ എൻെറ വലിയ പോക്കററിൽ നിന്നും ചെറിയ ഒരു നാണയതുട്ട് എടുത്തു കൊടുത്തു. അയാളുടെ മുഖത്ത് ചുളിവുകൾ വീണു. അയാൾക്ക് എന്തൊക്കെയോ പറയണമെന്നുണ്ട്! അയാൾ മുറുമുറുത്തുകൊണ്ട് മുന്നോട്ട് പോയി.

ഏതോ ഒരു ഹിന്ദിപാട്ടിൻെറ ഈരടികൾ ബസിൽ കേൾക്കാമായിരുന്നു. ബസിൻെറ കുഷ്യൻ സീററിൽ മലർന്ന് കിടന്ന് യാത്രക്കാർ പാട്ടിനൊത്ത് താളം പിടിക്കുന്നു. ഞാൻ അവരെ ശ്രദ്ധിച്ചു. എല്ലാവരുടെ കയ്യിലും പുസ്തകമുണ്ട്. ഇവരെല്ലാം വിദ്യാർത്ഥികളാണ് പത്തുപൈസക്കാർ !

കോളേജിൽ ബസ് എത്തിയപ്പോൾ ഫസ്ററ് ഹവർ തുടങ്ങി കഴിഞ്ഞിരുന്നു. മരത്തിനു ചുവട്ടിലും മതിലിലും ഇരിക്കുന്നവരെ ഗൗനിക്കാതെ വേഗം ക്ലാസ് ലക്ഷ്യമാക്കി നടന്നു.

ഇന്ന് എല്ലാ ഹവറും ക്ലാസിലിരിക്കണം! ഞാൻ ആത്മഗതം ചെയ്തു.

അപ്പോഴാണ് ഈണത്തിലുള്ള ഒരു ശബ്ദം കേട്ടത്. കോളേജിനോട് അടുക്കും തോറും ആ ശബ്ദം വ്യക്തമായിവന്നു.

ഇന്നും സ്ട്രൈക്ക് ! വീര്യം വർദ്ധിക്കുന്ന സാഹിത്യചുവയുള്ള മുദ്രാവാക്യങ്ങൾ ! ആരുടേതാണാവോ ?

പോർട്ടിക്കോയിലെ ഗോവണി പടിയിൽ കുട്ടികൾ നിരന്നുകഴിഞ്ഞിരുന്നു. ചെറിയകുട്ടികൾ പാഠം ഉരുവിടുന്നതുപോലെ അവർ മുദ്രാവാക്യങ്ങൾ ഉരുവിടുന്നു. ഇരിക്കുന്നവരെല്ലാം എൻെറ പാർട്ടിക്കാർ !

അവരിൽ നിന്ന് ഏതോ ഒരാൾ എന്നെ കൈ കാട്ടി വിളിച്ചു. ഒഴിഞ്ഞു കിടന്ന അടിയിലെ ഗോവണിപ്പടിയിൽ ഞാനും ചെന്നിരുന്നു. നേതാക്കൾ വിളിച്ചാൽ എങ്ങിനെ ധിക്കരിക്കും ! നാളെ ഇവരെകൊണ്ട് പല ആവശ്യങ്ങളും ഉണ്ടാവും !

നേതാവ് വിളിച്ച് തന്നത് കുറച്ച് നേരം ഉരുവിട്ടപ്പോഴാണ് യാത്രാപ്രശ്നം പരിഹരിക്കാനാണ് സമരം എന്ന് മനസ്സിലായത്. പത്ത് മിനിട്ട് വിളിച്ചപ്പോഴേക്കും ഒരു നീണ്ട ബെൽമുഴങ്ങി. ഞങ്ങളുടെ ശ്രമം വിജയിച്ചു.

അല്ലെങ്കിലും ശ്രമിച്ചാൽ വിജയിക്കും ! ഞാൻ ഒരു നേതാവായത്പോലെ തോന്നി. ഉയർത്തിപിടിച്ച തലയുമായി കാമ്പസിലേക്ക് ഇറങ്ങിചെന്നു.

ഇപ്പോൾ കോളേജ് സജീവമാണ്. ഗ്രൗണ്ട് നിറയെ 'ചെത്ത്' വസ്ത്രധാരികൾ നിറഞ്ഞു.

എന്തൊക്കെയോ സാധിച്ചത്പോലെ. കുറേ പ്രശ്നങ്ങൾ പരിഹരിച്ചത് പോലെ എനിക്ക് തോന്നി. ഞാൻ തിരിച്ച് നടന്നു. പാട്ടുള്ള, കുഷ്യൻ സീററുള്ള ഒരു ബസിന് വേണ്ടി ബസ്റേറാപ്പിൽ കാത്തുനിന്നു.....

# സുജാത

ദിൽഷാദ് വാളശേരി

ചെളി നിറഞ്ഞ പാടവരമ്പത്തു കൂടി പാവാടത്തുമ്പുയർത്തിപ്പിടിച്ച്, വീഴാതിരിക്കാൻ പണിപ്പെട്ട് നടക്കുമ്പോൾ പിറകിൽ ചേച്ചി നിർത്താതെ സംസാരിക്കുന്നതൊന്നും സുജാത കേൾക്കുന്നുണ്ടായിരുന്നില്ല. എങ്കിലും ഇടക്ക് വാചകങ്ങൾക്കിടയിൽ കടന്നു വരുന്ന ചെറുതെങ്കിലും അസഹ്യമായ മൗനങ്ങളിലൂടെ അവൾ ഒരു പേമാരിയുടെയും കൊടുങ്കാററിൻെറയും ഓർമ്മകളിലേക്ക് നടന്നു കയറി. കോളുകൊണ്ട കടലിൻെറ തിരമാലകൾ ആകാശത്തോളമുയർന്നു വളർന്നപ്പോൾ കരയിലേക്കോടിക്കയറി അവൾ ചേച്ചിയെ വിളിച്ചു, 'ഒന്നു വേഗം വരൂട്ടോ'

നടന്നു കയറുന്നതിനിടയിലും നളിനി ചേച്ചി പറഞ്ഞു കൊണ്ടിരുന്നു, ''അമ്മായിക്ക് മോഹനനല്ലാതെ വേറാരൂല്ല്യല്ലോ. അമ്മാമൻ മരിക്കുമ്പളേ ഇതെല്ലാരും തീർച്ചപ്പെടുത്തീതാണല്ലോ, നിനക്കും........''

വാചകം മുഴുവനാക്കാതെ സുജാതയുടെ കൈവിരലുകൾ തെരുപ്പിടിച്ച് നളിനിചേച്ചി ചോദിച്ച്യ,

''സുജയ്ക്കതൊക്കെ മറക്കാനാവ്വോ?''
ഇല്ല്യ. സുജയ്ക്കൊന്നും മറക്കാനാവില്ല.

മറന്നുവെന്ന് നടിച്ച് മനപ്പൂർവ്വം തിരിഞ്ഞു നോക്കാത്ത വഴികളൊക്കെ വീണ്ടും മുന്നിലെത്തുന്നു. കൊടുങ്കാററിൻെറ ആരവമാണ് ചുററും. ഇളകിമറിയുന്ന കടലും തിരമാലകളും കൂടുതൽ കൂടുതൽ ശക്തിയോടെ അലറിയടുക്കുന്നു.

'പുസ്തകങ്ങളിഷ്ടമായില്ലെ സുജയ്ക്ക്?'

ദൂരെനിന്ന് മോഹനേട്ടൻ ചോദിക്കുന്നു. എപ്പോഴാണ്? എപ്പോഴാണ്? ഉവ്വ്. ഓർമ്മിക്കാനാവുന്നുണ്ട്. കൊടുങ്കാററിനു മുന്നിലെ തികഞ്ഞ ശാന്തത നന്നായോർമ്മിക്കാനാവുന്നുണ്ട്. പടിപ്പുര മുകളിലെ അലമാരയിൽ വെറുതെ പുസ്തകങ്ങൾ ചികയുമ്പോൾ, നീട്ടിപ്പിടിച്ച കയ്യിൽ പുത്തൻ ചട്ടകളുള്ള പുസ്തകങ്ങളുമായി നില്ക്കുന്ന മോഹനേട്ടൻെറ ശബ്ദം തിരിച്ചറിയാനാവുന്നുണ്ട്. ഒരുപാട് കാലങ്ങൾക്കുശേഷം കാണുന്ന മോഹനേട്ടൻ എത്ര മാറിപ്പോയെന്നാലോചിക്കുകയായിരുന്നു, അപ്പോൾ. പിന്നീടൊരു നിമിഷം മോഹനേട്ടൻെറ കയ്യും

പിടിച്ച് സ്ക്കൂളിൽപ്പോയിരുന്നതോർത്തു. താഴെ നടക്കുന്ന മുത്തശ്ശിയുടെയും അച്ഛന്റെയും സംസാരം ഒരു നിമിഷം ശ്രദ്ധിച്ചു, വീണ്ടും ശബ്ദം,

'അടുത്ത വെക്കേഷനിലാവാം. സുജ എന്തു പറയുന്നു'

എന്ത് പറയാനാണ്? ജനലഴികളിൽപ്പിടിച്ച് ദൂരേക്കു നോക്കി നില്ക്കാനാണ് തോന്നിയത്. അമ്പലമുററത്തെ അരയാലിലെ ഇലകരം കാററിൽ വിറക്കുന്നതും നോക്കി വെറുതെ നിന്നു. അമ്പരപ്പിന്റെ ചെവിയടപ്പിക്കുന്ന താളത്തിൽ തോളിലെ സ്പർശം അറിഞ്ഞതേയില്ല. അലറിയടുക്കുന്ന കൊടുങ്കാററിന്റെ ആരവത്തിൽ അരയാലിലകളെല്ലാം പറന്നു പോവുന്നതറിഞ്ഞു. ലോകം മുഴുവൻ രണ്ടു കണ്ണുകളിലൊതുങ്ങുമ്പോരം, ആർത്തലച്ചു പെയ്യുകയായിരുന്നു മഴ. കാററിനു വീണ്ടും വീണ്ടും ശക്തിയേറി. അലർച്ചയുടെ ആരവത്തിൽ കുഞ്ഞോളങ്ങളെല്ലാം തിരമാലകളായുയർന്നു പൊങ്ങി. വേരുകരം പൊട്ടി മണ്ണിൽനിന്നും പിഴുതെറിയപ്പെടുന്നത് ഓരോ മരവും ഭീതിയോടെ അറിഞ്ഞു. തീരങ്ങളും കവിഞ്ഞ് കടലൊന്നാകെ പടർന്നു കയറുമ്പോരം ഭൂമി നിശ്ശബ്ദമായി തേങ്ങി. ആകാശത്തോളമുയർന്ന തിരമാലകളും പേമാരിയും പിന്നീടെപ്പോഴോ ശാന്തതയറിഞ്ഞു. കോണിപ്പടികളോരോന്നായ് ഓടിയിറങ്ങുമ്പോരം ആ കൊടുങ്കാററത്രയും സുജാതയുടെ മനസിൽ കൂടു വെച്ചു. രാത്രിയുടെ കട്ടപിടിച്ച ഇരുട്ടിൽ ഭീമാകാരനായ ഒരു രാക്ഷസനെപ്പോലെ വന്ന് ഒരു കൊടുങ്കാററും പേമാരിയും സുജാതയെ പേടിപ്പെടുത്തി,

പിറേറന്ന്, വിറക്കുന്ന അരയാലിലകളിൽ കണ്ണുനട്ടിരിക്കുമ്പോരം പുറകിൽ മുത്തശ്ശി പറയുന്നതു കേട്ടു, 'ഈശ്വരാ, ഈ കുട്ടിക്കെന്തേ പററീത്!' അപ്പുവും മിനിയും ഒക്കെ ഇതു തന്നെ വിചാരിക്കുന്നുണ്ടാവും. കുളത്തിൽ ചാടി നീന്തിമറിയുന്ന ഇളയമ്മയ്ക്കെന്തു പററി ? പൊട്ടിച്ചിരിച്ച്, അച്ഛനെയും കൂടി കൂസാത്ത സുജയ്ക്കെന്തു പററി ? ഉള്ളിലെ കൊടുങ്കാററത്രയുമുരംക്കൊണ്ട്, വൃത്തം തെററിയ ഒരു പൊട്ടിനെക്കുറിച്ചുള്ള ഓർമ്മയിലൂടെ നടന്ന് നളിനിചേച്ചി വീണ്ടും ചോദിക്കുന്നു.

'സുജയ്ക്കതൊക്കെ മറക്കാനാവ്വോ?'
ഇല്ല, സുജക്കൊന്നും മറക്കാനാവില്ല.

അല്ലെങ്കിൽത്തന്നെ എന്തിനു മറക്കണം ? മറക്കരുതാത്ത ഒരിക്കലും മറക്കരുതാത്ത അടയാളങ്ങളാണ്. മുത്തശ്ശിയോടു മാത്രമാണ് പറഞ്ഞത്.

'മോഹനേട്ടനെ....എനിക്കു വയ്യ മുത്തശ്ശീ'

തിരമാലകളുടെ ശബ്ദം തൊട്ടടുത്തു നിന്നു കേൾക്കാം. പാവം മുത്തശ്ശി. മൂടൽമഞ്ഞിലൂടെ കാണുന്ന കാഴ്ചകൾ പോലെ അവ്യക്തങ്ങളെങ്കിലും, ഏതോ ഒരറിവിൻെറ നേരുകൾകൊണ്ട് മുത്തശ്ശി പറഞ്ഞു,

'കുട്ടി സമാധാനമായിരുന്നോളൂ. അച്ഛനോട് മുത്തശ്ശി പറയാം.'

'സുജേ'

നളിനിചേച്ചിയാണ്.

'നീയെന്താ ഒന്നും മിണ്ടാത്തത് ?

എന്ത് മിണ്ടാനാണ് ? കൊടുങ്കാററും തിരമാലകളും....ആർത്തലച്ചു പെയ്യുന്ന മഴ... അരയാലിലകളിലേക്ക് നോക്കി ഒന്നും മിണ്ടാതെ നിന്നു.

വയ്യ, ഒക്കെ മുത്തശ്ശി പറഞ്ഞോളും.

* * *

'രാജേന്ദ്രൻ സുന്ദരനാണ്. പിന്നെ....'ദിവസങ്ങൾക്കു ശേഷമാണ്. അച്ഛൻ പറഞ്ഞു തീരുമ്പോഴേക്കും സുജാത പറഞ്ഞു,

'എനിക്കിഷ്ടമായി.'

'ഇതു നല്ല കൂത്തായി. കാണാതെങ്ങന്യാ ഒരാളെ ഇഷ്ടാവ്ാ ?'

കാണാതെ....അമർഷമാണു തോന്നിയത്. ചുററും കൊടുങ്കാററാണ്. വിവാഹമണ്ഡപത്തിൽ രാജേന്ദ്രൻെറ കൈകോർത്ത് പ്രദക്ഷിണം വെക്കുമ്പോഴൊക്കെയും സുജാത ഒരു പേമാരിയുടെയും കോളുകൊണ്ട കടലിൻെറയും ഓർമ്മയിലേക്കുണർത്തപ്പെട്ടു. അതൊരു കൊടുങ്കാററായി ഉള്ളിൽ നിറഞ്ഞു വളർന്നു.

'ഞാനിത്രയും സംസാരിച്ചിട്ടും സുജ ഒന്നും മിണ്ടിയില്ലല്ലോ'

ആദ്യരാത്രിയുടെ ഔപചാരികതയിൽപ്പൊതിഞ്ഞ വാക്കുകൾക്കവസാനം രാജേന്ദ്രൻ ചോദിച്ചു. പുറത്തെ നിലാവിലേക്കു നോക്കി സുജാത വെറുതെ ചിരിച്ചു. നോക്കിയിരിക്കെ രാജേന്ദ്രൻെറ കണ്ണുകളിൽ പൂക്കൾ വിരിയാൻ തുടങ്ങുകയായിരുന്നു. തിരിച്ചറിയാനാവാത്ത നിറംമാററങ്ങൾ കടന്ന് അവ ഇളം ചുവപ്പായും പിന്നീട് കടും ചുവപ്പായും പടർന്നു കയറി. വളർന്നു പെരുകുന്ന പൂക്കളിലേക്കു നോക്കിയിരിക്കെ സുജാതയുടെ മനസിലെ കൂടു തുറന്ന് കൊടുങ്കാററ് പുറത്തേക്ക് കുതറി. അവൾക്കു ചുററും കനത്ത തിരമാലകൾ ആകാശത്തോളമുയർന്നു. മഴ തിമർത്തു പെയ്യാൻ തുടങ്ങി. ഒരു വെളിപാടുകൾകൊണ്ട പോലെ, കണ്ണുകളിലേക്കാഴ്ന്നിറങ്ങുന്ന മുഖം തള്ളിമാററി സുജാത വാതിൽ വലിച്ചു തുറന്നു. നഗ്നമായ പാദങ്ങളോടെ അവൾ ഇടനാഴിയിലൂടെ നടന്നുപോയി. ഓടി വാതില്ക്കലെത്തിയ രാജേന്ദ്രൻ കണ്ടത്, വഴിയിൽ ദൂരെയായിക്കൊണ്ടിരിക്കുന്ന സുജാതയെയാണ്. നിശ്ചലനായി നോക്കി നില്ക്കുമ്പോൾ അവൾക്കു പിന്നിൽ സമുദ്രങ്ങളൊന്നായിരമ്പി. കൊടുങ്കാററും പേമാരിയും അലറിയടുത്തുകൊണ്ടിരുന്നു. എല്ലാം പക്ഷേ, അവൾക്കു പിന്നിൽ മാത്രമായിരുന്നു. അകലുന്തോറും അവളുടെ രൂപം വളർന്നുകൊണ്ടിരുന്നു. തല ആകാശത്തോളം മുട്ടുമെന്നായി. ദൃഷ്ടികൾ ദിക്കുകളും കടന്ന് നീണ്ടുപോയി. അയാൾ നോക്കി നില്ക്കെ മഴയത്രയും അവൾക്കു പിന്നിൽ പെയ്തു തീർന്നു. കടപുഴകിയ മരങ്ങൾക്കെല്ലാം വീണ്ടും വേരുകൾ മുളക്കുകയായിരുന്നു. അവ മണ്ണിൽ ആഴത്തിൽ പടർന്നുകൊണ്ടിരുന്നു.

സച്ചിദാനന്ദൻെറ 'സുലേഖ' എന്ന കവിതയിൽനിന്നുള്ള വരികളാണ് ചുവടെ. നമ്മുടെ കാമ്പസ് കവിതകളുമായി ഈ വരികൾകൂടി ചേർത്തു വായിക്കുക.

സുലേഖാ, നീ മറെറാരു കാലത്തു പിറക്കേണ്ടവളാണ്
ഈ ലോകത്തു സൂര്യകാന്തികൾക്കുപോലും
നഖങ്ങളും ദംഷ്ട്രകളുമുണ്ട്
കറുത്ത വിധിപുസ്തകംപോലെ
തടവറകൾ രാജ്യസ്നേഹികൾക്കായി തുറക്കപ്പെടുന്നു
നീതിമാൻമാരുടെ നുറുങ്ങിയ അസ്ഥികൾക്കുമീതെ
മഴ പെയ്യിക്കാത്ത കാററുകൾ ഉരുണ്ടുപോകുന്നു.
ഒരുനാൾ സൗരഭ്യങ്ങളുടെ ഭൂമിയിൽ
പുതുമണ്ണിൻെറ മണമുയർത്തുന്ന ആദ്യമഴയായി
നീ വന്നു പിറക്കുക
ഇറവെള്ളമായി ആരിവേപ്പിൻ ചുവട്ടിലൂടെ
ചിരിച്ചു പുളഞ്ഞൊഴുകുക

അപ്പോൾ നിൻെറ മാറിൽ ഒരു കുട്ടി
ഒരു കടലാസുതോണിയൊഴുക്കിവിട്ടു കൈകൊട്ടിച്ചിരിക്കും
ഒരു ഞാവൽക്കിളി ചുവന്ന ചിറകുവീശി
നിനക്കുമീതെ കൂരമ്പുപോലെ പറന്നുപോകും
ആ കിളി ഞാനായിരിക്കും

## മുറിവിൽപ്പൂക്കൾ

(അനുപമക്ക്)

വിരലൊന്ന് തൊട്ടാൽ വിതുമ്പുന്നോ സഖി
നിൻചുണ്ടിലെ രൗദ്ര നനവെനിക്ക്
മുറിപ്പാടിൻ രാഗവിപഞ്ചിയെനിക്ക്
സൂക്ഷ്മാകാശത്തിൽ കണ്ണുകൾ കീറും
പൂക്കൾ പെയ്യും മേഘത്തുണ്ടിൽ നിന്നും
ഉപ്പ്രുചിക്കും കടൽ, ചുവപ്പിൻ ആരവം
കണ്ണിലെ ചിതയിൽ കത്തും കൗമാരമെ
പ്രണയക്കച്ചക്കീറും സ്വപ്നമാപിനികവിയുന്നു.

പ്രണയച്ചെരാതിൻ പെരുമ്പറയിൽ
കടലൊതുങ്ങുമോ സഖി നെഞ്ചിൽ ?
നിലാവ് തെററി വീണീ—
മുന്തിരിച്ചാറ് കയ്ക്കുന്നു.
രാവിൻചാവേറിൽ നോവിൻപൂമരം
പെയ്യുമീ മുറിവിൽ പ്പൂക്കൾ
കൃഷ്ണവർണക്കവിളിൽ തടാകം
വീണ്ടും ശ്യാമം കാടുകൾ പെരുക്കുന്നു
പേരറിയാം പക്ഷി
നിൻ വേരറിയാം പക്ഷി
ഇലകൊഴിച്ചീടുന്നീ,പാഴ്മരം വീണ്ടും—
നെടുവീർപ്പിൽ ശിശിരം ചുവക്കുന്നു
കയ്ക്കുന്നോരുപ്പിൽ പാതി
ചിലങ്കകൾ ചോരുന്നു,
മുദ്രകൾ; അപസ്മാരച്ചിഹ്നങ്ങളിൽ
പേടമാൻ ദർഭപ്പുല്ലിൽ ചിതറുന്നു

o

## ഉച്ചക്കുറത്തി

തുപ്പലിൽ വർണക്കുപ്പിച്ചില്ലുകൾ വിരിയുന്നു
വലത്തെ കയ്യിലെ ഭാഗ്യരേഖകൾ
വസൂരി കുളിച്ചെത്തുന്ന പുലരി
അമ്പിലൊരു വേടൻ
മൃഗതൃഷ്ണയുടെ സൂര്യൻ
കത്തട്ടെ ഭൂമി ഒററമുലച്ചി
വലത്തെ മക്കൾക്ക്
പൂവും പൂണൂലും
കിനാവും പുൽപ്പരപ്പും പാരിതോഷികം
നിദ്രയും നിലാവും സാന്ത്വനം

ഇടത്തെ കയ്യിലെ നിർഭാഗ്യതയിൽ
വിരൽത്തുമ്പ് കുടിച്ച് വിളർത്തവർ
കാററിൻെറ കുടിലിൽ ഉറയുന്നു
പതാക മരച്ചോട്ടിലുടയുന്നു.
പാതിക്കണ്ണിലീ ശ്മശാനമെ
ഭ്രമണപഥം നിശ്ചലം
വിയർപ്പിൻ സ്ഫടികങ്ങളിൽ
ശവ ഘോഷയാത്ര, കപ്പൽച്ചേതങ്ങൾ
ജാലകളുടെ വീട്ടിൽ
യൗവ്വനംചികഞ്ഞൊരു കുതികാൽ വെട്ടിൽ
തലച്ചോറ് മാത്രം ബലികൊടുത്തോ
ചന്ദനം കൊണ്ടീ കട്ടിൽ ?

o

# ഋതുസമസ്യകൾ

സി. അയ്യപ്പൻ

## മുല്ല എന്ന പെൺകുട്ടിക്ക

(പേരറിയാത്ത പക്ഷികൾക്ക്)

മഞ്ഞിന്റെ കയ്യക്ഷരങ്ങളിൽ
മഴവില്ല് മാഞ്ഞ്പോയിരിക്കുന്നു
കാററിന്റെ കൈവിരലുകൾ
തടവറകളെ തൊട്ട്മായുന്നു.
മുല്ല, നീയെന്നും ഒററപ്പെട്ടവളാണ്
പച്ചപ്പാവാടകളിൽ മുഖംചായ്ച്ച്
ഈ കുപ്പിവളകളൊന്നും പൊട്ടിക്കരുത്
വെടിവെച്ചപക്ഷിക്ക് വളകളുമായ്
നിനക്കാരും തിരിച്ചെത്താനില്ല
കവലകളിൽ ചിന്തിയ പൂക്കൾ തേടി
ഈ ചൂടിയ പൂവും വാടരുത്
കാട്ടുചെണ്ട കരയുമ്പോൾ
കന്യകേ നീ ഉറയുന്നുവെന്നോ ?
വാക്കിൻതുമ്പിൽ നീലചുരത്തും
രതി വാത്സല്യം ചൂടി—
നിറഞ്ഞമാറിൽ നിഴൽവീഴ്ത്തിയ
പച്ചിലപ്പാമ്പുകളുടെ അമാവാസി
മജ്ജയുരുകുന്നു നിന്റെ കണ്ണ് തെററി
കവിള് തെററി..................
അരുത് !
ഋതുവിൻ പാഠശേഖരങ്ങളിൽനിന്നും
പരിണയത്തിന്റെ ഈ കടലാസ്സും
എല്ലാം പെയ്യുന്ന വിരൽത്തുമ്പും
ഒന്നും സ്വപ്നങ്ങളല്ല

o

## കളിക്കോപ്പിലെ കടൽ

(പോപ്പിക്ക്)

ഒരു ഉറുമ്പിൻ കൂട്ടത്തിൽ നിന്നും
ആദ്യമായ് വരി വക്കുകയാണ്.
ഈതറിൽ അലിഞ്ഞ പ്രഭാതത്തിൽ
തലച്ചോറിൽ വിരിഞ്ഞ
മറുകിന്റെ മുറപോലെ
പകലിനെ ചാരിയും
കഴുത്തോളം സൂര്യനിൽ മുങ്ങിയും
നിറങ്ങൾ കുടിച്ചും ദുരിതപങ്കിലമായ
ആണിപ്പഴുതിലൂടെ രക്തമിററവെ
ഉത്തരങ്ങൾ വററിയ മുറിയിൽ
ഇരുട്ട് കൊണ്ട് മെഴുകുതിരികൾ കത്തിച്ചു.
ആഹ്ളാദംകൊണ്ട് കളിക്കോപ്പുകളും
മരുഭൂമിയുടെ പകുതിയും നീന്തിക്കടന്ന്
ആവേശം കൊണ്ട് ചൂണ്ടുവിരലും
പിന്നെ പെരുവിരലും നഷ്ടമായി
എന്നിട്ടും ആകാശപ്പൂന്തോപ്പിൽ
കണ്ണുകൾകൊണ്ട് പുഴകൾ നട്ടു
പൂക്കൾ കൊണ്ട് വീടും
മകരക്കാററ് പോലെ,
വാത്സല്യത്തിന്റെ ചീളുകൾ വീണ്
തൊടുമ്പോൾ കമ്പിളിപ്പുതപ്പ് കൊണ്ട്
കാലവും ഓർമ്മകളും മായ്ക്കുന്നു.

o